34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 07, 2026 Vol. XXXIV No. 36

3 ബഹിരാകാശ സംഘടനയെ സ്വകാര്യവത്കരിക്കില്ല
10 ഗവർണറും സർക്കാരും ഒത്തുതീർപ്പിലായി
13 കെ.എച്ച്.എ ഓണം ആഘോഷിച്ചു
14 നിർമ്മല സീതാരാമന് സ്വീകരണം നല്കി
21 ബേബി മണിക്കുന്നേലിനെ ആദരിച്ചു

## ചിക്കാഗോ സോഷ്യൽ ക്ലബ് അന്താരാഷ്ട്ര വടംവലി മത്സരത്തിൽ ഗ്ലാഡിയേറ്റേഴ്സ് കാനഡ വിജയിച്ചു




ചിക്കാഗോ സോഷ്യൽ ക്ലബ് സംഘടിപ്പിച്ച അന്താരാഷ്ട്ര വടംവലി മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ ഗ്ലാഡിയേറ്റേഴ്സ് കാനഡായ്ക്ക് ഒന്നാം സമ്മാനമായ 11,111 ഡോളർ സ്പോൺസർ ചെയ്ത ജോയി നെടിയകാലായിൽ ക്യാഷ് അവാർഡ് സമ്മാനിക്കുന്നു. ഷെയ്ൻ നെടിയകാലായിൽ, ടീമിന്റെ സ്പോൺസർ സ്റ്റീഫൻ കിഴക്കേക്കുറ്റ്, വി.കെ. ശ്രീകണ്ഠൻ എം.പി, ചലച്ചിത്രതാരം അൻസിബ ഹസൻ, പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ, ജോസ് മണക്കാട്ട് തുടങ്ങിയവർ സമീപം. (ഫോട്ടോ: മോനു വർഗീസ്)

## ചിക്കാഗോയിലെ സാമൂഹിക പ്രവർത്തകർക്ക് സെപ്റ്റംബർ 14–ന് സ്നേഹാദരവ്


**സണ്ണി വള്ളിക്കളം**

ചിക്കാഗോ: ചിക്കാഗോയിലെ മലയാളി സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിൽ സേവനം ചെയ്യുന്ന വ്യക്തിത്വങ്ങളെ ചിക്കാഗോ പൗരാവലിയുടെ നേതൃത്വത്തിൽ ആദരിക്കുന്നു. സെപ്റ്റംബർ 14-ന് തിങ്കളാഴ്ച വൈകുന്നേരം 6.30-ന് മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിവക ഓഡിറ്റോറിയത്തിൽ വെച്ചായിരിക്കും പൊതുസമ്മേളനം. ഇത് ഒരു അവാർഡ്ദാന ചടങ്ങല്ല. തികച്ചും വ്യത്യസ്തമായ ഒരു പ്രോഗ്രാമായിട്ടാണ് ഈ സമ്മേളനത്തെ സംഘാടകർ കാണുന്നത്. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല, ജലസേചനമന്ത്രി മോൻസ് ജോസഫ്, ബിഷപ് മാർ ജോയി ആലപ്പാട്ട്, ജോസ് കെ. മാണി എംപി തുടങ്ങിയവർ സമ്മേളനത്തിൽ വിശിഷ്ടാതിഥികളായി പങ്കെടുക്കുന്നതും മഹനീയ വ്യക്തിത്വങ്ങളെ ആദരിക്കുന്നതുമായിരിക്കും.

ചിക്കാഗോയിലെ എല്ലാ മലയാളി സുഹൃത്തുക്കളേയും ഈ പ്രോഗ്രാമിലേക്ക് കുടുംബസമേതം സംഘാടകർ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് സണ്ണി വള്ളിക്കളം - (847) 722 7598, ജോൺ പാട്ടപ്പതി - (847) 312 7151


ആഭ്യന്തരമന്ത്രി
രമേശ് ചെന്നിത്തല


ജലസേചനമന്ത്രി
മോൻസ് ജോസഫ്


ബിഷപ്
മാർ ജോയി ആലപ്പാട്ട്


ജോസ് കെ. മാണി
എംപി

## ഡൽഹിയിൽ ഹോസ്റ്റൽ കെട്ടിടം തകർന്ന് 6 മരണം



ന്യൂഡൽഹി: ഡൽഹി സർവകലാശാലയുടെ സൗത്ത് ക്യാമ്പസിന് സമീപം അഞ്ചുനില ഹോസ്റ്റൽ കെട്ടിടം തകർന്നുവീണ് 6 വിദ്യാർത്ഥികൾ മരിച്ചു. അവശിഷ്ടങ്ങൾക്കിടയിൽ നിന്ന് നിരവധിപേരെ പുറത്തെടുത്തു. ഇതിൽ പലരുടെയും നില ഗുരുതരമാണ്. കൂടുതൽ വിദ്യാർത്ഥികൾ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നുണ്ടെന്ന് പോലീസ് അറിയിച്ചു. (ശേഷം 34-ാം പേജിൽ)


SUNNY FINANCIAL STRATEGIES
Forbes 2026 BEST-IN-STATE FINANCIAL SECURITY PROFESSIONALS SHOOK RESEARCH
MDRT
CFP
RETIRE WITH CONFIDENCE.
BUILD WEALTH WITH PURPOSE.
Integrated financial planning for retirees, pre-retirees, professionals, executives, and business owners.
ONE RELATIONSHIP • ONE PLAN • GREATER CLARITY
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
COMPREHENSIVE FINANCIAL PLANNING
Six Key Planning Areas. One Coordinated Strategy.
Retirement & Financial Planning
Cash-flow planning • Social Security • Medicare • RMDs
Build a sustainable, tax-aware retirement income plan
Tax-Smart Planning Strategies
Roth conversions • tax diversification • capital-gain planning
Qualified plan deductions, withdrawal sequencing and CPAs
Wealth & Investment Management
Stocks • ETFs • mutual funds • bonds • advisory portfolios
Alternatives, hybrid annuities, retirement optimization
Business & Executive Planning
Solo 401(k) • SEP IRA • cash balance • defined benefit
Executive benefits, succession and continuity planning
401(k), IRA & Pension Rollovers
401(k) • 403(b) • 457(b) • TSP • pensions • IRAs
Consolidate and gain investment and distribution flexibility
Estate, Legacy & Protection Planning
Wills • trusts • life • disability • long-term care
Health & financial POAs, liquidity and wealth transfer
Plan Strategically. Invest Intentionally. Retire Confidently. Leave a Legacy.
COMPLIMENTARY FINANCIAL STRATEGY REVIEW
Identify gaps. Prioritize opportunities.
Gain access to your financial planning portal.
847-585-4931 | tom@sunnyfinancial.com
www.SunnyFinancial.com
SCAN TO CONNECT


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau





ചിക്കാഗോയിൽ നടത്തപ്പെട്ട 19-ാമത് എൻ.കെ. ലൂക്കോസ് നടുപ്പറമ്പിൽ വോളിബോൾ ടൂർണമെന്റിൽ വിജയികളായ കാലിഫോർണിയ ബ്ലാസ്റ്റേഴ്സ് ടീം (ഇടത്ത്). റണ്ണേഴ്സ് അപ് ആയ ന്യൂയോർക്ക് കേരള സ്പൈക്കേഴ്സ് ടീം (വലത്ത്). വി.കെ. ശ്രീകണ്ഠൻ എം.പി വിജയികൾക്ക് ട്രോഫികൾ സമ്മാനിച്ചു.

-മാത്യു തട്ടാമറ്റം

# ബഹിരാകാശ സംഘടനയെ സ്വകാര്യവത്കരിക്കില്ല: ഐഎസ്ആർഒ

ന്യൂഡൽഹി: ഇന്ത്യൻ ബഹിരാകാശ സംഘടനയെ സ്വകാര്യവത്കരിക്കാൻ നീക്കമുണ്ടെന്ന തരത്തിലുള്ള പ്രചാരണങ്ങളും ആശങ്കകളും പൂർണമായും തള്ളി ഐഎസ്ആർഒ. രാജ്യത്തെ ബഹിരാകാശ മേഖലയിൽ നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ ഏജൻസിയുടെ പ്രാധാന്യം കുറയ്ക്കാനല്ല, മറിച്ച് സാങ്കേതിക ദൗത്യം കൂടുതൽ ശക്തിപ്പെടുത്താനാണെന്ന് ഐഎസ്ആർഒ വ്യക്തമാക്കി.

സോഷ്യമീഡിയ പ്ലാറ്റ്ഫോമായ എക്സിലൂടെ നല്കിയ വിശദീകരണത്തിലാണ് ദേശീയ മാധ്യമങ്ങളിൽവന്ന തെറ്റിദ്ധാരണാ ജനകമായ വാർത്തകൾക്ക് ഐഎസ്ആർഒ മറുപടി നല്കിയത്.

ഐഎസ്ആർഒ ഒരുകാലത്തും സ്വകാര്യവത്കരിക്കില്ലെന്നും സ്ഥാപനത്തിന്റെ പ്രാധാന്യം കുറയില്ലെന്നും സംഘടന വ്യക്തമാക്കി. നിർണായകമായ ഗവേഷണങ്ങൾ, തന്ത്രപ്രധാനമായ ദൗത്യങ്ങൾ, ബഹിരാകാശ ശാസ്ത്ര പഠനങ്ങൾ എന്നിവയിൽ ഐഎസ്ആർഒ തന്നെയായിരിക്കും രാജ്യത്തിന്റെ പ്രധാനകേന്ദ്രം. ബഹിരാകാശ മേഖലയിൽ സ്വകാര്യ സംരംഭകരുടെയും സ്റ്റാർട്ടപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നത് ഐഎസ്ആർഒയുടെ ചുമതലകൾ കുറയ്ക്കാനല്ല. നിലവിൽ വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകൾ വ്യവസായമേഖലയ്ക്ക് കൈമാറുന്നതിലൂടെ അടുത്ത തലമുറയിലെ സങ്കീർണമായ ദൗത്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഐഎസ്ആർഒയിലെ ശാസ്ത്രജ്ഞർക്കു സാധിക്കും.

വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യകൾ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറുന്നത് ആ മേഖലയിൽ നിന്നുള്ള പിന്മാറ്റമല്ല. ഉപഗ്രഹങ്ങൾ, വിക്ഷേപണ വാഹനങ്ങൾ എന്നിവയുടെ വൻ തോതിലുള്ള ഉത്പാദനത്തിന് ഇതു വഴിതെളിക്കും.

മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനുള്ള ദൗത്യങ്ങൾ, ഭാവിതലമുറ വിക്ഷേപണ സംവിധാനങ്ങൾ, ആഴക്കടൽ-ഗ്രഹ പര്യവേക്ഷണങ്ങൾ എന്നിവയിലായിരിക്കും ഐഎസ്ആർഒ ഇനി കൂടുതൽ പ്രാധാന്യം നല്കുക.

2020 മുതൽ ആരംഭിച്ച ബഹിരാകാശ നയ പരിഷ്കാരങ്ങളും 2023-ലെ ഇന്ത്യൻ ബഹിരാകാശ മേഖലയെ ആഗോളതലത്തിൽ കൂടുതൽ ശക്തമാക്കാനാണ് ലക്ഷ്യമിടുന്നതെന്നും ഐഎസ്ആർഒ വ്യക്തമാക്കി. ഐഎസ്ആർഒയിലെ സ്വകാര്യവത്കരണ നീക്കത്തിനെതിരെ സ്ഥാപനത്തിലെ വിവിധ തൊഴിലാളി സംഘടനകൾ രംഗത്തെത്തിയിരുന്നു.

# ജയിൽ എന്ന പേരുമാറ്റി ട്രാൻസിറ്റ് ജസ്റ്റിസ് ഹോമാക്കുന്നു


തിരുവനന്തപുരം: പ്രതിച്ഛായ മെച്ചപ്പെടുത്താൻ ഒരുങ്ങുന്ന ആഭ്യന്തര വകുപ്പ് ജയിൽ സ്ഥാപനങ്ങളുടെ പേര് മാറ്റാനൊരുങ്ങുന്നു. ജയിൽ എന്ന പേര് പൂർണമായി മാറ്റും. സെൻട്രൽ ജയിലിന്റെ പേര് കറക്ഷനൽ ആൻഡ് മാനേജ്മെന്റ് സെന്റർ എന്നു മാറ്റും. ജില്ലാ ജയിൽ മുതൽ സബ് ജയിൽ വരെയുള്ളവ ട്രാൻസിറ്റ് ജസ്റ്റിസ് ഹോമുകളാകും.

പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സിനെ ഡിപ്പാർട്ടുമെന്റ് ഓഫ് കറക്ഷനൽ സർവീസസ് ഹെഡ്ക്വാർട്ടേഴ്സ് എന്നാക്കി മാറ്റും. ഇത്തരത്തിൽ മുഴുവൻ ജയിൽ സ്ഥാപനങ്ങളുടെയും പേരു മാറ്റുന്നതിനുള്ള ശിപാർശ ജയിൽ ഡിജിപി എസ്. ശ്രീജിത്ത് ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിക്കു കൈമാറി.

പ്രിസൺ അല്ലെങ്കിൽ ജയിൽ എന്ന പേരുകൾ തടവുകാരുടെ തിരുത്തൽ, പുനരധിവാസ പ്രക്രിയ എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പ്രതിഫലിപ്പിക്കുന്നവയല്ലെന്നു കണ്ടെത്തിയെന്നാണ് നിർദേശം. ഈ പേരുകൾ ഭയം സൃഷ്ടിക്കുന്നതാണെന്നും സമൂഹത്തിൽ തെറ്റായ പ്രതിച്ഛായ ഉണ്ടാക്കുന്നുവെന്നും ഡിജിപിയുടെ ശിപാർശയിൽ പറയുന്നു.

പ്രിസൺ ഹെഡ്ക്വാർട്ടേഴ്സ്-ഡിപ്പാർട്ടുമെന്റ് ഓഫ് കറക്ഷനൽ സർവീസസ് ഹെഡ്ക്വാർട്ടേഴ്സ്, സെൻട്രൽ പ്രിസൺ-കറക്ഷനൽ ആൻഡ് മാനേജ്മെന്റ് സെന്റർ എന്നും ഹൈ സെക്യൂരിറ്റി പ്രിസൺ-മാക്സിമം കറക്ഷനൽ ആൻഡ് മാനേജ്മെന്റ് സെന്റർ, ഓപ്പൺ പ്രിസൺ-കറക്ഷനൽ ആൻഡ് മാനേജ്മെന്റ് ഓപ്പൺ ഹോം, ജില്ലാ ജയിൽ-ജില്ലാ ട്രാൻസിറ്റ് ജസ്റ്റിസ് ഹോം, വനിതാ പ്രിസൺ-ട്രൻസിറ്റ് ജസ്റ്റിസ് ഹോം ഫോർ വിമൻ, വനിതാ ഓപ്പൺ പ്രിസൺ-കറക്ഷനൽ ആൻഡ് മാനേജ്മെന്റ് ഓപ്പൺ ഹോം ഫോർ വിമൻ, സബ് ജയിൽ-ട്രാൻസിറ്റ് ജസ്റ്റിസ് ഹോം, സ്പെഷൽ സബ് ജയിൽ-സ്പെഷൽ ട്രാൻസിറ്റ് ജസ്റ്റിസ് ഹോം എന്നുമായിരിക്കും.

# മുൻ എംഎൽഎ ജോസ് കുറ്റിയാനി അന്തരിച്ചു



തൊടുപുഴ: മുൻ എംഎൽഎയും ഇടുക്കി ഡിസിസി പ്രഥമ പ്രസിഡന്റുമായിരുന്ന ജോസ് കുറ്റിയാനി (87) അന്തരിച്ചു. കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ രാവിലെ 11-നായിരുന്നു അന്ത്യം. ദീർഘകാലം എഐസിസി അംഗവും കെപിസിസി നിർവാഹക സമിതി അംഗവുമായിരുന്നു.ഇടക്കാലത്ത് അച്ചടക്ക നടപടിയെ തുടർന്ന് പാർട്ടിക്ക് പുറത്തുപോയ ജോസ് കുറ്റിയാനി 2022-ൽ കോൺഗ്രസിൽ തിരിച്ചെത്തിയിരുന്നു. 2009-ൽ എൻസിപി പിന്തുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥിയായി ലോക്സഭയിലേക്ക് മത്സരിച്ചു. പിന്നീട് ഏറെക്കാലം തൃണമൂൽ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റായും പ്രവർത്തിച്ചു.

# കേരളത്തിന് പ്രത്യേക നർകോട്ടിക് കൺട്രോൾ ബ്യൂറോ വരുന്നു

കൊല്ലം: ലഹരിമാഫിയയുടെ വേരറുക്കാൻ കേരള പോലീസിന്റെ കീഴിൽ നർകോട്ടിക് കൺട്രോൾ ബ്യൂറോ എന്ന പുതിയ ഡിവിഷൻ തുടങ്ങാൻ പോലീസ് ഉന്നതതല നിർദേശം. ഇതു സംബന്ധിച്ചു പഠിച്ചു റിപ്പോർട്ട് നൽകാൻ ഇന്റലിജൻസ് വിഭാഗം മേധാവി ദിനേന്ദ്ര കശ്യപിന്റെ നേതൃത്വത്തിലുള്ള സമിതിയെ ഡിജിപി നിയോഗിച്ചു. ലഹരിക്കേസിൽ അന്വേഷിക്കാൻ നിലവിൽ ജില്ലകളിൽ നർകോട്ടിക് വിഭാഗത്തിന് ഒരു ഡിവൈഎസ്പിയാണുള്ളത്. മൂന്നോ നാലോ സിവിൽ പോലീസ് ഓഫീസർമാരും ഉൾപ്പെടുന്ന ഈ വിഭാഗത്തെ മറ്റു ജോലികളും ഏൽപിക്കുക പതിവാണ്. പുതിയ സംവിധാനത്തിൽ നർകോട്ടിക് വിഭാഗത്തിന് എഡിജിപിയും ഐജിയും എസ്പിമാരും ഉൾപ്പെടുന്ന വിപുലമായ സംവിധാനമാണ് ആലോചിക്കുന്നത്. കേസെടുക്കാൻ അധികാരമുള്ള നർകോട്ടിക് സ്റ്റേഷനുകളും വരും. ഓരോ ചെറിയ ലഹരിക്കേസിലും വിശദമായ അന്വേഷണം നടത്തി ഉറവിടം കണ്ടെത്തിയാൽ മാത്രമേ ലഹരിയുടെ വല മുറിക്കാൻ കഴിയൂ എന്നും ഇതിനായി ലഹരിക്കേസ് മാത്രം അന്വേഷിക്കുന്ന പ്രത്യേക ഡിവിഷൻ വേണമെന്നുമാണു ശിപാർശ.


കേരളത്തിൽ ലഹരി വിൽപനയും ഉപയോഗവും വർധിക്കുന്നുവെന്നു സംശയിക്കുന്ന 138 ലഹരി ഹോട്സ്പോട്ടുകൾ എക്സൈസ് വകുപ്പ് കണ്ടെത്തി. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സമീപത്തെ കാടുപിടിച്ചുകിടക്കുന്ന പ്രദേശങ്ങളാണിവ. ഇവയെ തദ്ദേശ സ്ഥാപനങ്ങളുടെ ഇടപെടൽ വഴി സൗന്ദര്യവൽക്കരണം നടത്തി, ജനങ്ങൾക്ക് ഉപയോഗപ്രദമായ വിശ്രമ-വിനോദ ഇടങ്ങളായി മാറ്റും. ഇവിടെ ആൾസാന്നിധ്യമുണ്ടാകുന്നതു ലഹരി സംഘങ്ങളെ പിന്തിരിപ്പിക്കുമെന്നാണു വിലയിരുത്തൽ.

# ജി.എസ്.എൽ.വി-എഫ് 17 ദൗത്യം വിജയിച്ചു

ശ്രീഹരിക്കോട്ട: ഇന്ത്യയുടെ ആദ്യത്തെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ ഇഒഎസ്-05 ഐഎസ്ആർഒ വിജയകരമായി വിക്ഷേപിച്ചു. സെപ്റ്റംബർ നാലിന് പുലർച്ചെ 2.55-ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിലെ രണ്ടാം വിക്ഷേപണത്തറയിൽ നിന്നാണ് ഉപഗ്രഹവുമായി വിക്ഷേപണ വാഹനമായ ജി.എസ്.എൽ.വി-എഫ് 17 കുതിച്ചുയർന്നത്.

2.367 കിലോഗ്രാം ഭാരമുള്ള ഇഒഎസ്-05 ജിഎസ്എൽവി റോക്കറ്റ് വഴി വിക്ഷേപിക്കുന്ന ഏറ്റവും ഭാരമുള്ള ഉപഗ്രഹമെന്ന നേട്ടവും സ്വന്തമാക്കി. വിക്ഷേപണം കഴിഞ്ഞ് 16 മിനിറ്റിനുള്ളിൽ ഉപഗ്രഹം നിർദ്ദിഷ്ട ഭ്രമണപഥത്തിൽ എത്തിച്ചതായി ഐഎസ്ആർഒ ചെയർമാൻ വി. നാരായണൻ അറിയിച്ചു. ഉപഗ്രഹത്തിന്റെ സൗരോർജ പാനലുകൾ വിജയകരമായി തുറന്നുവെന്നും പ്രവർത്തനങ്ങൾ തൃപ്തികരമാണെന്നും അദ്ദേഹം വ്യക്തമാക്കി.

അപൂർവ സാങ്കേതികവിദ്യകളോടെ വിവിധ ബാൻഡുകളിൽ പ്രവർത്തിക്കാൻ ശേഷിയുള്ള ഈ ഉപഗ്രഹം പൂർണസജ്ജമാകുന്നതോടെ, രാജ്യത്തെ ബഹിരാകാശ നിരീക്ഷണശേഷിയിൽ വലിയൊരു കുതിച്ചുചാട്ടമുണ്ടാകും. ശ്രീഹരിക്കോട്ടയിൽ നിന്നുള്ള 107-ാമത്തെ വിക്ഷേപണവും ജിഎസ്എൽവിയുടെ 19-ാമത് ദൗത്യവുമാണിത്. 392 കോടി രൂപ ചെലവിലാണ് ഉപഗ്രഹം നിർമ്മിച്ചത്.



# നിബന്ധനകളോടെ മൻമോഹൻസിംഗ് സ്മാരകത്തിന് അനുമതി



ന്യൂഡൽഹി: അന്തരിച്ച മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ ഓർമ്മയ്ക്കായി സ്മാരകം നിർമിക്കുന്നതിന് ഡൽഹി അർബൻ ആർട്സ് കമ്മീഷൻ അനുമതി നല്കി. ഡൽഹി രാജ്ഘട്ടിലെ രാഷ്ട്രീയ സ്മൃതിസ്ഥലിൽ സ്മാരകം നിർമിക്കാനാണ് കർശന നിബന്ധനകളോടെ അനുമതി നല്കിയിരിക്കുന്നത്.

നിർമാണ നിബന്ധനകളിൽ പ്രധാനമായും പരാമർശിക്കുന്നത് സ്മൃതിസ്ഥലിലെ നിലവിലെ പ്രകൃതിക്കും പരിസ്ഥിതിക്കും കോട്ടമൊന്നും സൃഷ്ടിക്കരുതെന്നും നിലവിലെ സ്മാരകങ്ങളുടെ തനിമയെ ബാധിക്കരുതെന്നുമാണ്. കൂടാതെ പരിസരത്തെ വൃക്ഷങ്ങൾ മുറിക്കാനോ ഭാഗികമായി നശിപ്പിക്കാനോ പാടില്ല. രാജ്ഘട്ടിലെ തനതായ വാസ്തുശൈലിയുമായി ചേർന്നു നിൽക്കുന്നതായിരിക്കണം പുതിയ നിർമാണം. നിലവിൽ സമർപ്പിച്ചിരിക്കുന്ന സ്മാരകത്തിന്റെ രൂപരേഖയിലോ ആകൃതിയിലെ ഉൾപ്പെടാതെയുള്ള എന്തു മാറ്റത്തിനും അനുമതി വാങ്ങണമെന്നും കമ്മീഷൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

സെൻട്രൽ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റ് സമർപ്പിച്ച പദ്ധതി നിർദേശത്തിലാണ് ഡൽഹി അർബൻ ആർട്സ് കമ്മീഷൻ യോഗം തീരുമാനമെടുത്തത്. കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയത്തിനു കീഴിലുള്ള ലാൻഡ് ആൻഡ് ഡവലപ്മെന്റ് ഓഫീസ് നല്കുന്ന നിർമാണാനുമതി കൂടി ലഭിക്കുന്നതോടെ സ്മാരകത്തിന്റെ നിർമാണം ആരംഭിക്കും.

# ഇന്ത്യയെ ലഹരി വിമുക്തമാക്കാൻ കർമപദ്ധതി ഉടനെന്ന് അമിത്ഷാ


പനാജി: മയക്കുമരുന്നു വിമുക്തമായ യുവശക്തി 2047-ഓടെ ഇന്ത്യയുടെ വികസിത ഭാരതമെന്ന സ്വപ്നത്തിലേക്ക് നയിക്കണമെന്നതാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ലക്ഷ്യമെന്നും ഇതിന്റെ ഭാഗമായി 2029-ഓടെ ഇന്ത്യയെ മയക്കുമരുന്നു വിമുക്തമാക്കുന്നതിനുള്ള രൂപരേഖകൾ തയാറായതായും കേന്ദ്ര അഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. ഗോവയിൽ മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അമിത് ഷാ.

ലഹരിക്കും മയക്കുമരുന്നിനും എതിരേയുള്ള നടപടികൾ 2014-നു മുമ്പ് ഒറ്റപ്പെട്ടതും നാമമാത്രവുമായിരുന്നു. ചെറിയതോതിൽ ലഹരിവസ്തുക്കൾ കണ്ടുപിടിക്കുന്നതിൽ ഏജൻസികളും തൃപ്തരായിരുന്നു. എന്നാൽ തങ്ങളുടെ സർക്കാർ രാജ്യസുരക്ഷയ്ക്കു നൽകുന്ന അതേ പ്രാധാന്യത്തോടെതന്നെ മയക്കുമരുന്നിനെതിരെ പടനയിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

നരേന്ദ്രമോദിയുടെ ഭരണത്തിൻകീഴിൽ ജമ്മുവിലും കാഷ്മീരിലും ഭീകരപ്രവർത്തനങ്ങൾ ഇല്ലാതായതോടെ ഇവിടം വികസനത്തിന്റെയും മികവിന്റെയും പാതയിലാണ്.

അഭ്യന്തര സുരക്ഷ ശക്തിപ്പെടുത്താനായി സർക്കാർ വിവിധ നടപടികൾ ആവിഷ്കരിച്ചു. തിരുപ്പതി മുതൽ പശുപതിവരെ ചുവന്ന ഇടനാഴി സ്വപ്നം കണ്ട മാവോയിസ്റ്റുകൾ ആയുധങ്ങൾ താഴെവെച്ച് മുഖ്യധാരയിൽ അണിചേർന്നു. വടക്കുകിഴക്കൻ മേഖല ശാന്തമാണ്. 10,000-ത്തിലധികം യുവാക്കളാണ് ആയുധങ്ങൾ താഴെവെച്ചത്. അഞ്ചു പതിറ്റാണ്ടായി ചെറുത്തുനിന്ന നക്സലിസം ഇന്നൊരു പഴയ കാര്യമാണെന്നും അമിത് ഷാ കൂട്ടിച്ചേർത്തു.

# മല്ലികാർജുൻ ഖാർഗെ വീണ്ടും രാജ്യസഭാ പ്രതിപക്ഷ നേതാവ്



ന്യൂഡൽഹി: കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയെ രാജ്യസഭയിലെ പ്രതിപക്ഷ നേതാവായി വീണ്ടും നിശ്ചയിച്ചു. കാലാവധി പൂർത്തിയായതിനെത്തുടർന്ന് രാജ്യസഭയിലെ വിവിധ പാർലമെന്ററി സമിതികൾ രാജ്യസഭാ ചെയർമാൻ സി.പി. രാധാകൃഷ്ണൻ പുനഃസംഘടിപ്പിച്ചതിലൂടെയാണ് ഖാർഗെക്ക് പുനർനിയമനം ലഭിച്ചത്. ജൂണിലാണ് കർണാടകയിൽനിന്ന് ഖാർഗെ വീണ്ടും രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. എം.പി. ഫണ്ട് നിയന്ത്രിക്കുന്ന 'എം.പി. ലാഡ്സ്' സമിതിയിലേക്ക് കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗങ്ങളായ ഡോ. ജോൺ ബ്രിട്ടാസ്, ജോസ് കെ. മാണി എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ബിസിനസ് അഡ്വൈസറി കമ്മിറ്റി, പ്രിവിലേജ് കമ്മിറ്റി, എത്തിക്സ് കമ്മിറ്റി, ഗവൺമെന്റ് അഷുറൻസ് കമ്മിറ്റി തുടങ്ങി സുപ്രധാനമായ മറ്റ് സമിതികളിലേക്കും പുതിയ അംഗങ്ങളെ ചെയർമാൻ നാമനിർദേശം ചെയ്തു.

വിവിധ സമിതികളിൽ സാം സതീഷ് ബാബു, തരുൺ ചുഗ്, സുസ്മിത ദേവ്, ഹാരിസ് ബീരാൻ, സഞ്ജയ് സേത്ത്, ഉപേന്ദ്ര കുശ്വാഹ തുടങ്ങിയ നേതാക്കൾ ഉൾപ്പെട്ടിട്ടുണ്ട്. വിവിധ പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റികളുടെ അദ്ധ്യക്ഷന്മാരായി മുകുൾ വാസ്നിക്, തിരുച്ചി ശിവ, രാഘവ് ഛദ്ദ തുടങ്ങിയവരെയും നാമനിർദേശം ചെയ്തു.

# ചിറയിൻകീഴിലെ കയ്യാങ്കളി; പ്രദീപിനും സജാദിനും സസ്പെൻഷൻ

തിരുവനന്തപുരം: ചിറയിൻകീഴിൽ രമ്യ ഹരിദാസ് എംഎൽഎയും പ്രാദേശിക കോൺഗ്രസ് നേതാക്കളും തമ്മിലുണ്ടായ വാക്കേറ്റത്തിലും കയ്യാങ്കളിയിലും അച്ചടക്കനടപടിയെടുത്ത് കെ





പിസിസി. രമ്യയുടെ സഹായിയും കെപിസിസി അംഗവുമായ പാളയം പ്രദീപ്, കയ്യാങ്കളി നടന്ന വീടിന്റെ ഉടമയും ചിറയൻകീഴ് ബ്ലോക്ക് കോൺഗ്രസ് ജനറൽ സെക്രട്ടറിയുമായ എസ്. സജാദ് എന്നിവരെ കോൺഗ്രസിൽനിന്നു സസ്പെൻഡ് ചെയ്തു. കെപിസിസി മുൻ പ്രസിഡന്റ് എം.എം. ഹസൻ, ജനറൽ സെക്രട്ടറിമാരായ നെയ്യാറ്റിൻകര സനൽ, രമണി പി. നായർ എന്നിവരുൾപ്പെട്ട അന്വേഷണസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണു നടപടി.

സജാദിന്റെ വീട്ടിലെത്തി മകളെ ഭീഷണിപ്പെടുത്തിയതിനും സജാദിന്റെ ഭാര്യയെ പിടിച്ചുതള്ളിയതിനുമാണു പ്രദീപിനെതിരായ നടപടി. എംഎൽഎയെ വിമർശിച്ച് വാട്സാപ്പിൽ കുറിപ്പെഴുതി പ്രശ്നങ്ങൾക്കു തുടക്കമിട്ടു എന്നതാണു സജാദിനുമേലുള്ള കുറ്റം. സെപ്റ്റംബർ നാലിന് വെള്ളിയാഴ്ച ചേർന്ന ബ്ലോക്ക് പഞ്ചായത്ത് യോഗത്തിൽ പ്രദീപ് പങ്കെടുത്തതിനെ സജാദ് പാർട്ടിക്കുള്ളിൽ ചോദ്യംചെയ്തതാണു കയ്യാങ്കളിയിൽ കലാശിച്ചത്. സജാദ്, ജില്ലാ പഞ്ചായത്തംഗം സജിത് മുട്ടപ്പലം, ഡിസിസി, ബ്ലോക്ക് ഭാരവാഹികൾ എന്നിവരെ കെപിസിസി ആസ്ഥാനത്ത് വിളിച്ചുവരുത്തി സമിതി വിശദീകരണം തേടിയിരുന്നു.

സജാദിന്റെ വീട്ടിലേക്കു തന്നെ വിളിച്ചുവരുത്തിയതാണെന്നും ദൃശ്യങ്ങൾ പകർത്താൻ ശ്രമിച്ചെന്നും സജിത് കയ്യിൽ കടന്നുപിടിച്ചെന്നുമാണ് രമ്യ പറഞ്ഞത്.

എന്നാൽ, താൻ വിളിച്ചിട്ടില്ലെന്നും പ്രദീപ്, ഡ്രൈവർ എന്നിവർക്കൊപ്പം രമ്യ അവിടേക്കെത്തുകയായിരുന്നെന്നും തുടർന്നുണ്ടായ വാക്കേറ്റമാണു കയ്യാങ്കളിയിലേക്കു നീണ്ടതെന്നും സജാദ് പറഞ്ഞു.

തന്റെ കയ്യിൽ കടന്നുപിടിച്ചെന്ന് രമ്യ ആരോപിച്ച സജിത്തിനെതിരെ നടപടിയെടുത്തിട്ടില്ല. രമ്യയാണ് കയ്യിൽ പിടിച്ചതെന്നും മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കാൻ 'എന്റെ കൈ വിടെടാ' എന്ന് വിളിച്ചുപറഞ്ഞ് അഭിനയിച്ചതാണെന്നും സജിത് ആരോപിച്ചിരുന്നു. കെപിസിസി സമിതി ഇതു ശരിവെച്ചതായാണു സൂചന. ഇതിന്റെ അടിസ്ഥാനത്തിലാണു നടപടി ഒഴിവാക്കിയത്.

# സച്ചിൻ പൈലറ്റിന് പഞ്ചാബിന്റെ ചുമതല



ന്യൂഡൽഹി: അടുത്ത വർഷം നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന പഞ്ചാബിന്റെ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറിയായി സച്ചിൻ പൈലറ്റിനെ നിയമിച്ചു.

ഭൂപേഷ് ബാഗേലിനു പകരമാണു നിയമനം. ബാഗേലിന് ആസാമിന്റെ ചുമതല നല്കി. രമേശ് ചെന്നിത്തലയ്ക്കു പകരം ഡോ. സിരിവെല്ല പ്രസാദിന് മഹാരാഷ്ട്രയുടെ ചുമതല നല്കി. എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ആണ് ഇക്കാര്യം അറിയിച്ചത്.

ഗുജറാത്തിന്റെ ചുമതലയുള്ള ജനറൽ സെക്രട്ടറിയായി രൺദീപ് സിംഗ് സുർജേവാലയെ നിയമിച്ചു. അടുത്ത വർഷമാണ് ഗുജറാത്തിലും നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുക.

കർണാടകയുടെ ചുമതലയിൽ സുർജേവാല തുടരും. സുഖ്ദേവ് ഭഗത്, പി.വി. മോഹൻ എന്നിവർ യഥാക്രമം ഛത്തീസ്ഗഡിന്റെയും ആന്ധ്രപ്രദേശിന്റെയും ചുമതല വഹിക്കും.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 36
September 07, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്‌വചനം


ഉത്സാഹം മനുഷ്യന്റെ ഭാഗ്യശീലത്തിന്റെ ആരംഭമാകുന്നു.

**തിരുവള്ളുവർ**

ആയിരം മുന്നറിയിപ്പുകളേക്കാൾ അനുഭവത്തിന്റെ ഒരു മുള്ള് വിലപ്പെട്ടതാണ്.

**ജോൺ ലോവൽ**


TRUE LIGHT
CHRISTIAN ASSEMBLY
YOUTH PASTOR
NEEDED!
HOUSTON, TX
True Light Christian Assembly (TLCA) is seeking a dynamic and committed Youth Pastor with a genuine passion for mentoring and discipling the next generation.
QUALIFICATIONS
• A bachelor's or higher degree in Theology.
• Current residence in the USA.
• Married and Spouse should be supportive and willing to participate in youth ministry.
• A strong biblical foundation and spiritual maturity.
• The ability to connect, mentor, and disciple youth.
• A willingness to actively engage with youth beyond Sunday services.
We are looking for a pastor with a genuine heart to serve, build meaningful relationships, and invest in the spiritual growth of our young people.
If you believe you are the right candidate and feel called to this ministry, please submit your resume and references to:
pastorsearch@tlcachurch.org
DEADLINE TO SUBMIT:
SEPTEMBER 30, 2026
ANTICIPATED START DATE:
LATE SUMMER 2027
For more information, visit our website:
tlcachurch.org
TRUE LIGHT CHRISTIAN ASSEMBLY (TLCA)
5115 FM 521, Rosharon, Texas 77583


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay, Kumbanad P.O. Pathanamthitta District, Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കേരളത്തിൽ പകൽച്ചൂട് കുതിക്കുന്നു

തിരുവനന്തപുരം: കാലവർഷം ദുർബലമായതിനു പിന്നാലെ സംസ്ഥാനത്ത് പകൽച്ചൂട് കുതിച്ചുയരുന്നു. കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെട്ട അസാധാരണമായ ചൂടിന് പിന്നാലെ അടുത്ത 48 മണിക്കൂർ സംസ്ഥാനത്ത് ഒറ്റപ്പെട്ടപ്രദേശങ്ങളിൽ കൂടിയ താപനില സാധാരണയേക്കാൾ മൂന്നു ഡിഗ്രി സെൽഷ്യസ് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

മൺസൂൺ കാലത്തുപോലും കേരളത്തിൽ ചൂട് അസാധാരണമാകുന്നതിന് കാരണങ്ങൾ ഒട്ടേറെ. മഴക്കുറവ്, മേഘാവരണം കുറഞ്ഞത്, വർധിക്കുന്ന സൗരവികിരണം, അന്തരീക്ഷത്തിലെ ഉയർന്ന ഈർപ്പം എന്നിവ ഒരേ സമയം സംഭവിക്കുന്നതാണ് ഇപ്പോൾ ചൂടു കൂടാനുള്ള കാരണം. ഓഗസ്റ്റ് 27 മുതൽ സെപ്റ്റംബർ 2 വരെയുള്ള ഒരാഴ്ച കേരളത്തിലും മാഹിയിലും ലഭിച്ചത് 27.4 മില്ലിമീറ്റർ മഴ മാത്രമാണ്.

സാധാരണ ലഭിക്കേണ്ടത് 76.2 മില്ലിമീറ്റർ ആയിരുന്നു. 64 ശതമാനം മഴ കുറഞ്ഞു. മഴ കുറയുമ്പോൾ അന്തരീക്ഷത്തിലെ ജലബാഷ്പത്തിന്റെ അളവും മേഘങ്ങളും കുറയും. മേഘങ്ങൾ സൂര്യവികിരണം തടയുന്നവയാണ്. മേഘാവരണം കുറഞ്ഞതോടെ, ഭൂതലത്തിലെത്തുന്ന സൗരോർജം കൂടി. ഇതോടെ പകൽ താപനില ഉയർന്നു. ശരീരം സ്വാഭാവികമായി തണുപ്പിക്കുന്ന മാർഗങ്ങളിലൊന്ന് വിയർപ്പാണ്.

വായുവിൽ ഇതിനകം ഈർപ്പം കൂടുതലായതിനാൽ വിയർപ്പ് എളുപ്പത്തിൽ ബാഷ്പീകരിക്കപ്പെടുന്നില്ല. ഇതോടെ ശരീരത്തിൽ നിന്നുള്ള ചൂട് പുറത്തേക്ക് പോകുന്നതും കുറഞ്ഞു. തെർമോമീറ്റർ 34–35 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തിയാലും ശരീരത്തിൽ അനുഭവപ്പെടുന്ന ചൂട് അതിനേക്കാൾ ഉയർന്നു നിൽക്കാൻ കാരണമിതാണെന്ന് വിദഗ്ധർ പറയുന്നു.

കേരളം ഭൂമധ്യരേഖയ്ക്കു വളരെ അടുത്താണ്. സെപ്റ്റംബർ 23-ന് സൂര്യൻ ഭൂമധ്യരേഖയ്ക്കു നേരേ മുകളിൽ എത്തും. ഇതിനു മുന്നോടിയായി കൂടുതൽ തീവ്രതയുള്ള സൂര്യരശ്മികൾ ഭൂമിയിൽ പതിക്കുന്നതാണ് ഇപ്പോഴത്തെ ചൂടിനുള്ള കാരണങ്ങളിലൊന്ന്. ലംബമായ, അതീവ ശക്തിയുള്ള സൂര്യരശ്മികളാണു ഭൂമിയിലേക്കെത്തുന്നത്. മേഘങ്ങളും തുടർച്ചയായി മഴയും ഇല്ലാത്തതും താപനില വർധിക്കാനിടയാക്കുന്നു.

പുനലൂരിൽ രേഖപ്പെടുത്തിയ 36.2 ഡിഗ്രി സെൽഷ്യസാണ് കഴിഞ്ഞ ദിവസം സംസ്ഥാനത്തെ കൂടിയ താപനില. തിരുവനന്തപുരം നഗരത്തിൽ പരമാവധി 33 ഡിഗ്രി സെൽഷ്യസും തിരുവനന്തപുരം വിമാനത്താവളത്തിൽ 32 ഡിഗ്രിയും രേഖപ്പെടുത്തി. രണ്ടിടത്തും സാധാരണയേക്കാൾ 2 ഡിഗ്രി കൂടുതലായിരുന്നു. കഴിഞ്ഞ ദിവസം പാക്കാട് 33 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തി.

ചൂട് വർധിക്കുന്നതിനു പ്രധാന കാരണം മഴ ദുർബലമായതാണ്. കഴിഞ്ഞ 24 മണിക്കൂറിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ മാത്രമാണ് മഴ ലഭിച്ചത്. കണ്ണൂർ അയ്യങ്കുന്നിൽ 5 സെന്റീമീറ്ററും ഇടുക്കിയിലെ അനയിറങ്കൽ ഡാം മേഖലയിൽ നാല് സെന്റിമീറ്ററും മഴ പെയ്തതൊഴിച്ചാൽ മറ്റെല്ലായിടങ്ങളിലും പൊതുവെ വരണ്ട കാലാവസ്ഥയാണ് അനുഭവപ്പെട്ടത്.

അടുത്ത മൂന്ന് ദിവസം കൂടി കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ മാത്രമായി മഴ ഒതുങ്ങാനാണ് സാധ്യതയെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം വ്യക്തമാക്കി.

നേരിട്ട് വെയിലേൽക്കുന്ന സമയത്ത് ശരീരത്തിലെ ജലനഷ്ടം വർധിക്കാനും ക്ഷീണം, തലകറക്കം തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ ഉച്ചസമയങ്ങളിൽ പുറത്തിറങ്ങുന്നവർ ജാഗ്രത പാലിക്കണം. നിലവിലെ കാലാവസ്ഥാനിരീക്ഷണ കേന്ദ്രത്തിന്റെ പ്രവചനമനുസരിച്ച് ബുധനാഴ്ച മുതൽ മഴയുടെ സാദ്ധ്യത ചില മേഖലകളിൽ വർദ്ധിക്കുമെങ്കിലും കേരളത്തിൽ ചൂടും ഈർപ്പവും തുടരാനുള്ള സാദ്ധ്യതയാണ് കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പായി നല്കുന്നത്.

# സ്ത്രീകൾക്ക് സുരക്ഷയാണ് വേണ്ടത്, നിയന്ത്രണമല്ല

കേരളം വീണ്ടും ഒരു പഴയ ചോദ്യത്തിന് മുന്നിലാണ്: സ്ത്രീ എവിടെയാണ് നിൽക്കേണ്ടത് - വീട്ടിലോ സമൂഹത്തിലോ? അവളുടെ ജീവിതത്തെക്കുറിച്ച് തീരുമാനിക്കേണ്ടത് അവൾ തന്നെയോ, അതോ മത-സാമൂഹിക അധികാരകേന്ദ്രങ്ങളോ? അടുത്തിടെ സ്ത്രീകൾ പൊതുജീവിതത്തിൽ എങ്ങനെ ഇടപെടണം, മതാചാരങ്ങളുടെയും ആഘോഷങ്ങളുടെയും പേരിൽ സ്ത്രീകൾക്ക് എന്തെല്ലാം നിയന്ത്രണങ്ങൾ വേണം എന്നതിനെക്കുറിച്ച് പ്രമുഖ മതപണ്ഡിതനായ കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ നടത്തിയ പരാമർശങ്ങൾ കേരളത്തിൽ വലിയ ചർച്ചയ്ക്കു വഴിവെച്ചു. പിന്നീട് അദ്ദേഹം വിവാദത്തിൽ ഖേദം പ്രകടിപ്പിക്കുകയും സംയമനം പാലിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. എന്നാൽ ഒരു വ്യക്തിയുടെ പ്രസ്താവനയിൽ ഒതുങ്ങുന്നതല്ല ഈ വിഷയം. സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചും മതയാഥാസ്ഥിതികതയെക്കുറിച്ചും കേരളം ഗൗരവമായി ചിന്തിക്കേണ്ട സമയമാണിത്.

ഈ വിവാദത്തെ ഒരു മതവിഭാഗത്തിനെതിരായ പ്രശ്നമായി കാണുന്നത് തെറ്റാണ്. യഥാർത്ഥ ചോദ്യം ഇതാണ്: മതവിശ്വാസത്തിനും സ്ത്രീയുടെ ഭരണഘടനാപരമായ അവകാശങ്ങൾക്കും ഇടയിൽ സംഘർഷമുണ്ടാകുമ്പോൾ ഏതിനാണ് മുൻഗണന? ജനാധിപത്യത്തിൽ ഉത്തരം വ്യക്തമാണ്. ഓരോ പൗരന്റെയും സ്വാതന്ത്ര്യവും സമത്വവും ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളുമാണ് പരമപ്രധാനമായത്. മതവിശ്വാസം വ്യക്തിയുടെ അവകാശമാണ്; എന്നാൽ മറ്റൊരാളുടെ അവകാശം നിഷേധിക്കാനുള്ള അധികാരം അതിന് ലഭിക്കുന്നില്ല. സ്ത്രീയുടെ വിദ്യാഭ്യാസം, തൊഴിൽ, സഞ്ചാരം, പൊതുപങ്കാളിത്തം, രാഷ്ട്രീയപ്രവർത്തനം, വസ്ത്രധാരണം, ജീവിതത്തെക്കുറിച്ചുള്ള തീരുമാനങ്ങൾ എന്നിവയിൽ നിയന്ത്രണം ഏർപ്പെടുത്തുന്നത് ഏത് പേരിലായാലും ചോദ്യം ചെയ്യപ്പെടണം. കേരളം നവോത്ഥാനത്തിലൂടെ നേടിയ ഏറ്റവും വലിയ പാഠംതന്നെ ഇതാണ് - കാലം മാറുമ്പോൾ സമൂഹത്തിന്റെ ചിന്തകളും മാറണം. ഒരുകാലത്ത് സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിച്ചിരുന്ന സമൂഹം പിന്നീട് പെൺകുട്ടികളെ സ്കൂളിലേക്കും കോളജിലേക്കും അയച്ചു. ഒരുകാലത്ത് പൊതുജീവിതം പുരുഷന്മാരുടെ മാത്രം മേഖലയായിരുന്നെങ്കിൽ ഇന്ന് സ്ത്രീകൾ അദ്ധ്യാപകരും ഡോക്ടർമാരും അഭിഭാഷകരും ഉദ്യോഗസ്ഥരും സംരംഭകരും ജനപ്രതിനിധികളുമാണ്. ഈ മാറ്റം കുടുംബത്തെ തകർത്തില്ല; മറിച്ച് കുടുംബത്തിന്റെയും സമൂഹത്തിന്റെയും ശക്തി വർധിപ്പിച്ചു. കേരളത്തിന്റെ വിദ്യാഭ്യാസ നേട്ടങ്ങളെക്കുറിച്ച് നാം അഭിമാനിക്കുന്നു. എന്നാൽ വിദ്യാഭ്യാസത്തിന്റെ വാതിൽ തുറന്നതുകൊണ്ട് മാത്രം സ്ത്രീസ്വാതന്ത്ര്യം പൂർണമാകുന്നില്ല. വിദ്യാഭ്യാസമുള്ള സ്ത്രീക്ക് സ്വന്തം വരുമാനം നിയന്ത്രിക്കാനാകുന്നുണ്ടോ? സ്വന്തം അഭിപ്രായം സ്വതന്ത്രമായി പറയാനാകുന്നുണ്ടോ? രാഷ്ട്രീയത്തിലും സാമൂഹിക പ്രവർത്തനങ്ങളിലും പങ്കെടുക്കാൻ കഴിയുന്നുണ്ടോ? കുടുംബത്തിന്റെയും സമൂഹത്തിന്റെയും അനാവശ്യ നിയന്ത്രണങ്ങളെ ചോദ്യംചെയ്യാൻ കഴിയുന്നുണ്ടോ? ഈ ചോദ്യങ്ങൾക്ക് കേരളം ഇനിയും പൂർണമായും തൃപ്തികരമായ മറുപടി നൽകിയിട്ടില്ല.

സ്ത്രീയെ വീട്ടിൽ സുരക്ഷിതയാക്കി വെക്കുന്നതാണ് പരിഹാരമെന്ന വാദം അടിസ്ഥാനപരമായി തെറ്റാണ്. സ്ത്രീക്ക് സുരക്ഷ നൽകേണ്ടത് അവളെ വീട്ടിനുള്ളിൽ പൂട്ടിയിട്ടല്ല; സമൂഹത്തെ സുരക്ഷിതമാക്കിയാണ്. രാത്രി ജോലി ചെയ്യുന്ന സ്ത്രീയോട് ജോലി ഉപേക്ഷിക്കാൻ പറയുന്നതിന് പകരം സുരക്ഷിതമായ യാത്ര ഉറപ്പാക്കണം. പൊതുസ്ഥലത്ത് സ്ത്രീക്കെതിരെ അപമര്യാദയായ പെരുമാറ്റമുണ്ടെങ്കിൽ സ്ത്രീയെ അവിടെനിന്ന് മാറ്റുന്നതിനു പകരം കുറ്റക്കാരനെ നിയന്ത്രിക്കണം. സ്ത്രീ രാഷ്ട്രീയത്തിൽ സജീവമാകുമ്പോൾ അവളെ കുടുംബത്തിലേക്കു തിരിച്ചയക്കുന്നതിനുപകരം അവളുടെ അഭിപ്രായത്തെ രാഷ്ട്രീയമായി നേരിടണം. സ്വാതന്ത്ര്യം നിയന്ത്രിച്ചല്ല സുരക്ഷ ഉറപ്പാക്കേണ്ടത്; അവകാശങ്ങൾ സംരക്ഷിച്ചാണ്. ഇവിടെ മതത്തെയും മതവിശ്വാസികളെയും കുറ്റപ്പെടുത്തുകയല്ല വേണ്ടത്. മതം മനുഷ്യന് ധാർമികതയും കരുണയും ഉത്തരവാദിത്തബോധവും നൽകുന്ന ശക്തിയാകാം. എന്നാൽ മതത്തിന്റെ വ്യാഖ്യാനം മനുഷ്യന്റെ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നിടത്ത് സംവാദം അനിവാര്യമാണ്. മതത്തെ വിമർശിക്കുന്നത് മതവിദ്വേഷമല്ല. മതത്തിന്റെ പേരിൽ മനുഷ്യാവകാശം പരിമിതപ്പെടുത്തുന്ന ആശയങ്ങളെ ചോദ്യം ചെയ്യുന്നത് ജനാധിപത്യത്തിന്റെ ഭാഗമാണ്. അതേസമയം ഒരു മതസമൂഹത്തെ പൊതുവായി അപമാനിക്കുന്നതും പുരോഗമനമല്ല. ഈ വിഷയത്തിൽ രാഷ്ട്രീയ നേതൃത്വത്തിനും വലിയ ഉത്തരവാദിത്തമുണ്ട്. എല്ലാ മതസമൂഹങ്ങളോടും ബഹുമാനം പുലർത്തേണ്ടത് ഭരണാധികാരികളുടെ കടമയാണ്. എന്നാൽ അതിന്റെ പേരിൽ ഭരണഘടനാ മൂല്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യാൻ പാടില്ല. സ്ത്രീകളുടെ സമത്വത്തെക്കുറിച്ചുള്ള നിലപാട് തെരഞ്ഞെടുപ്പ് കണക്കനുസരിച്ച് മാറുന്നതും അംഗീകരിക്കാനാവില്ല. വോട്ട്ബാങ്ക് രാഷ്ട്രീയത്തിനുവേണ്ടി സ്ത്രീകളുടെ അവകാശങ്ങളിൽ മൗനം പാലിക്കുന്ന രാഷ്ട്രീയം ജനാധിപത്യത്തിന് ദോഷകരമാണ്. അതുപോലെ രാഷ്ട്രീയ പാർട്ടികളും ആത്മപരിശോധന നടത്തണം. സ്ത്രീകളുടെ വോട്ട് ആവശ്യപ്പെടുമ്പോൾ സമത്വത്തെക്കുറിച്ച് സംസാരിക്കുകയും സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന പ്രസ്താവനകൾ വരുമ്പോൾ രാഷ്ട്രീയ സൗകര്യംനോക്കി മൗനം പാലിക്കുകയും ചെയ്യുന്നത് ഇരട്ടത്താപ്പാണ്. സ്ത്രീകളുടെ വോട്ടവകാശത്തെ ബഹുമാനിക്കുന്ന രാഷ്ട്രീയ പാർട്ടികൾ അവരുടെ അഭിപ്രായസ്വാതന്ത്ര്യത്തെയും പൊതുജീവിതത്തിലെ പങ്കാളിത്തത്തെയും അതേ ശക്തിയോടെ സംരക്ഷിക്കണം.

കേരളത്തിലെ സ്ത്രീകൾ ഇതിനകംതന്നെ പൊതുസമൂഹത്തിൽ ശക്തമായ സാന്നിധ്യം ഉറപ്പിച്ചിട്ടുണ്ട്. കുടുംബം, തൊഴിൽ, വിദ്യാഭ്യാസം, സാമൂഹിക പ്രവർത്തനം എന്നിവ ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകുന്ന ആയിരക്കണക്കിന് സ്ത്രീകളാണ് ഇന്നത്തെ കേരളത്തിന്റെ യാഥാർത്ഥ്യം. അതുകൊണ്ട് കാലം കേരളത്തോട് പറയുന്നത് വളരെ ലളിതമായ ഒരു കാര്യമാണ്: കേരളം മാറുമ്പോൾ ചിന്തകളും മാറണം. സ്ത്രീ പിന്നോട്ടുപോകുന്ന കേരളം ഒരിക്കലും മുന്നോട്ടുപോകുന്ന കേരളമാകില്ല.

# ജിഡിപി വളർച്ചയിൽ അഭിമാനം പങ്കിട്ട് മോദി

ന്യൂഡൽഹി: ആഗോളതലത്തിലെ അനിശ്ചിതത്വങ്ങൾക്കിടെയും ആദ്യപാദത്തിലെ ഇന്ത്യയുടെ ജിഡിപി വളർച്ച നിരക്ക് 7.8 ശതമാനമായതു ഇന്ത്യയുടെ സാമ്പത്തിക കരുത്തിനെ പ്രതിഫലിപ്പിക്കുന്നതാണെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

നയപരമായ നിശ്ചലാവസ്ഥയിൽ നിന്നു നയപരമായ ചലനാത്മകതയിലേക്ക് ഇന്ത്യ എത്തിയെന്നും സാമ്പത്തിക തളർച്ച ഏറ്റവുമധികം നേരിടുന്ന 'ദുർബലമായ 5' ഗണത്തിലേക്ക് ഇന്ത്യയെ തള്ളിവിട്ടതിന്റെ ഉത്തരവാദികൾക്ക് ഇപ്പോൾ ഈ വളർച്ച ദഹിക്കാനാകില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശ്രീറാം കോളജ് ഓഫ് കൊമേഴ്സിന്റെ (എസ്ആർസിസി) ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായ പരിപാടിയിലാണ് അദ്ദേഹം യുപിഎ ഭരണകാലത്തെ വിമർശിച്ചത്.

ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കെ 2013-ൽ എസ്ആർസിസിയിൽ താൻ നടത്തിയ പ്രസംഗം ഓർമിപ്പിച്ച പ്രധാനമന്ത്രി, അന്നത്തെ പ്രസംഗം ഒരു തരംഗമായി മാറിയിരുന്നെന്നും ഇത്രയേറെ വർഷത്തിനുശേഷവും ആ പ്രസംഗത്തിന്റെ സ്വാധീനം നിലനിൽക്കുന്നുണ്ടെന്നും പറഞ്ഞു. അന്ന് എസ്ആർസിസിയിൽ എത്തിയപ്പോൾ പ്രതിപക്ഷത്തെയാണു പ്രതിനിധീകരിച്ചിരുന്നതെങ്കിലും അപ്പോഴുള്ള കേന്ദ്രസർക്കാരിനെ വിമർശിക്കാൻ താൻ ഈ വേദി ഉപയോഗിച്ചിരുന്നില്ലെന്നും അദ്ദേഹം ഓർമിപ്പിച്ചു.



വിശുദ്ധ കന്യകമറിയത്തിന്റെ ജനനപ്പെരുന്നാളിനോടനുബന്ധിച്ച് മണർകാട് മർത്തമറിയം യാക്കോബായ പള്ളിയിൽ നടന്നുവരുന്ന എട്ടുനോമ്പ് ആചരണത്തിന്റെ ഭാഗമായി നടന്ന റാസ. ഏഷ്യയിലെ എറ്റവും വലിയ ആധ്യാത്മിക ഘോഷയാത്രയായാണ് ഇത് അറിയപ്പെടുന്നത്.


JV
BUILT
GENERAL CONTRACTOR
BUILT ON TRUST.
FOCUSED ON QUALITY.
From big upgrades to everyday improvements, we bring skill, integrity, and attention to detail to every project.
RESIDENTIAL | COMMERCIAL | FULLY INSURED | FREE ESTIMATES
OUR EXPERTISE
WINDOW REPLACEMENT
Improve comfort, efficiency & boost curb appeal.
FLOORING
Durable. Stylish. Built to last. Installed right.
ROOFING
Quality roofing that protects what matters most.
PAINT & GENERAL CONTRACTING
Interior & exterior painting and complete home improvements.
630-544-7951
jvbuilt1@gmail.com
Proudly Serving the Chicago Land Area
BUILDING TRUST. DELIVERING EXCELLENCE.
ONE CONTRACTOR. COMPLETE SOLUTIONS.
Remodeling • Additions • Repairs • Maintenance • And More


JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy, Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

## മെസിയുടെ പേരിലുള്ള തട്ടിപ്പ്;
# എഡിജിപി പി. വിജയന്റെ നേതൃത്വത്തിൽ അന്വേഷണം

തിരുവനന്തപുരം: ഫുട്ബോൾ താരം ലയണൽ മെസിയെയും അർജന്റീന ടീമിനെയും കേരളത്തിലേക്കു കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ടു നടന്ന തട്ടിപ്പിൽ പോലീസ് അന്വേഷണം പ്രഖ്യാപിച്ചു സർക്കാർ.

ക്രമസമാധാന ചുമതലയുള്ള എഡിജിപി വിജയന്റെ നേതൃത്വത്തിൽ ആഭ്യന്തര സുരക്ഷാ വിഭാഗം ഐജി സതീഷ് ബിനോ ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് പ്രത്യേക അന്വേഷണസംഘം രൂപീകരിച്ചത്.

കോഴിക്കോട് ക്രൈംബ്രാഞ്ച് എസ്പി പി. വിക്രമൻ, ഡിവൈഎസ്പിമാരായ പി.എൽ. ഷൈജു, മാത്യു തുടങ്ങിയവർ അന്വേഷണസംഘത്തിലുണ്ടാകും. മെസിയെ കേരളത്തിൽ എത്തിക്കാമെന്നു പറഞ്ഞു തട്ടിപ്പു നടത്തിയെന്ന കായിക സ്പെഷൽ സെക്രട്ടറി എൻ. പ്രശാന്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രത്യേക സംഘം അന്വേഷണം നടത്തുക.

ഇതിന്റെ പേരിൽ ചുരുങ്ങിയത് 200 കോടി രൂപയുടെ തട്ടിപ്പ് നടന്നിരിക്കാമെന്നാണ് കരുതുന്നത്. അന്നത്തെ കായിക മന്ത്രി വി. അബ്ദുറഹ്മാൻ, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി സത്യപാലൻ തുടങ്ങിയവരുടെ പങ്ക് വിശദമായി അന്വേഷിക്കും. മാനദണ്ഡങ്ങൾ മറികടന്ന് പ്രൈവറ്റ് സെക്രട്ടറി സത്യപാലൻ ആണ് ഇ-മെയിൽ സന്ദേശങ്ങൾ സർക്കാരിനുവേണ്ടി കൈമാറിയതെന്നാണ് കണ്ടെത്തിയത്.

മെസിയെ കേരളത്തിലെത്തിക്കാമെന്നു വാഗ്ദാനം നൽകി നടത്തിയ തട്ടിപ്പിലൂടെ സംസ്ഥാന ഖജനാവിനു



ണ്ടായ നഷ്ടം, സ്പോൺസർ സെലക്ഷൻ, ഇതുവഴി നടന്ന കോടികളുടെ സാമ്പത്തിക ഇടപാടുകൾ, വിദേശ പണമിടപാടുകൾ, നികുതിവെട്ടിപ്പ്, ഫണ്ടിന്റെ ഉറവിടം തുടങ്ങിയവയെല്ലാം പ്രത്യേക സംഘം സമഗ്രമായി അന്വേഷിക്കും.

എഫ്ഐആർ ഇട്ട് അന്വേഷണം നടത്തിയ ശേഷമേ പ്രത്യേക സംഘത്തിന്റെ അന്വേഷണത്തിനു കൈമാറാൻ കഴിയുകയുള്ളൂവെന്ന സംശയമാണ് നിയമോപദേശത്തിലേക്കു നയിച്ചത്. എന്നാൽ, ഗുരുതര ക്രമക്കേട് കണ്ടെത്തിയ സാഹചര്യത്തിൽ പ്രത്യേക സംഘത്തിന് എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ കഴിയുമെന്ന പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രത്യേക അന്വേഷണ സംഘത്തെ പ്രഖ്യാപിച്ചത്.

കഴിഞ്ഞ പിണറായി സർക്കാരിന്റെ കാലത്ത് നടന്ന പദ്ധതിയുമായി ബന്ധപ്പെട്ട് കായിക സ്പെഷ്യൽ സെക്രട്ടറി നടത്തിയ പരിശോധനയിൽ ഗുരുതര സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

തുടർന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ നൽകിയ ശിപാർശയുടെയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനിൽനിന്ന് ലഭിച്ച നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിലാണ് ആഭ്യന്തരമന്ത്രി അടിയന്തര നടപടി സ്വീകരിച്ചത്.

റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കോർപറേഷൻ എന്ന സ്പോൺസർ കമ്പനി 126 കോടി വിദേശത്തേക്ക് അയച്ചതിന് 22.6 കോടി രൂപ നികുതി ആയി അടച്ചില്ലെന്ന് ജിഎസ്ടി വകുപ്പും കണ്ടെത്തിയിരുന്നു.

# വിദേശ രജിസ്ട്രേഷൻ വാഹനങ്ങൾ ഇനി കേരളത്തിൽ താത്കാലികമായി ഉപയോഗിക്കാം

കൊച്ചി: വിദേശത്തു രജിസ്റ്റർ ചെയ്ത വാഹനങ്ങൾ കേരളത്തിൽ താത്കാലികമായി ഉപയോഗിക്കാനുള്ള നടപടികളുമായി മോട്ടോർവാഹന വകുപ്പ്. വിദേശ വാഹനങ്ങൾക്കു ഹ്രസ്വകാല നികുതി അടച്ച് ഇവിടെ സർവീസ് നടത്താനുള്ള അനുമതി വേഗത്തിൽ നൽകും. ദുബായ് രജിസ്ട്രേഷനിലുള്ള ആഡംബര വാഹനത്തിന്റെ ഹ്രസ്വകാല നികുതി ഉടമ എറണാകുളം സ്വദേശി പ്രശോഭ് ശശിധരൻ പാറപ്പുറം ഈയിടെ എറണാകുളം എൻഫോഴ്സ്മെന്റ് ആർടിഒ ഓഫീസിൽ അടച്ച് അനുമതി പത്രം വാങ്ങി. പ്രശോഭ് ദുബായിൽനിന്ന് മുംബൈ തുറമുഖം വഴിയാണ് കാർ കൊണ്ടുവന്നത്. അടുത്ത വർഷം ജൂലൈ 14 വരെ ഈ വിദേശ വാഹനം ഇവിടെ ഓടിക്കാനുള്ള അനുമതിയുണ്ട്. ആറു മാസത്തേക്ക് 35,000 രൂപയാണ് നികുതി.

കാലാവധി കഴിഞ്ഞാൽ വാഹനം വിദേശത്തേക്കുതന്നെ കൊണ്ടുപോകണം. പ്രത്യേക സാഹചര്യത്തിൽ അപേക്ഷ നൽകിയാൽ ആറു മാസം കൂടി കാലാവധി നീട്ടാം. എന്നാൽ, പരമാവധി ഒരു വർഷം മാത്രമേ വാഹനം ഇന്ത്യയിൽ സൂക്ഷിക്കാനാകൂ. കാലാവധി കഴിഞ്ഞും ഇവിടെ തുടരുകയോ നിയമം ലംഘിക്കുകയോ ചെയ്താൽ വാഹനം പിടിച്ചെടുക്കുന്നതിനൊപ്പം കസ്റ്റംസ് ഡ്യൂട്ടിയും പിഴയും ഈടാക്കും. വാഹനം കേരളത്തിൽ എത്തിച്ചിട്ടു വിദേശ നമ്പറിൽ തന്നെ ഓടാം. റേസിംഗ്, ഓഫ്-റോഡ് റാലി തുടങ്ങിയ മത്സരങ്ങളിൽ ഇത്തരം വാഹനങ്ങൾ ഉപയോഗിക്കാൻ അനുമതിയില്ല. പ്രവാസികളുടെയും കുടുംബാംഗങ്ങളുടെയും യാത്രയ്ക്കും വിനോദസഞ്ചാര ആവശ്യങ്ങൾക്കും മാത്രമായിട്ടായിരിക്കണം വാഹനം ഉപയോഗിക്കേണ്ടത്. വിദേശത്തുനിന്ന് സ്വന്തം വാഹനങ്ങളുമായി കേരളത്തിലെത്തുന്ന പ്രവാസികൾക്കും വിദേശസഞ്ചാരികൾക്കും കൂടുതൽ സൗകര്യമൊരുക്കുന്നതിനൊപ്പം കേരളത്തിലെ ടൂറിസം മേഖലയ്ക്കും പദ്ധതി ഗുണകരമാകുമെന്നാണ് മോട്ടോർ വാഹനവകുപ്പിന്റെ വിലയിരുത്തൽ.

# നിയമനത്തിൽ സതീശൻ സർക്കാർ റെക്കോർഡിട്ടു

തിരുവനന്തപുരം: അധികാരമേറ്റ് നൂറ് ദിവസത്തിനകം നിയമനത്തിൽ റെക്കോർഡിട്ട് വി.ഡി. സതീശൻ സർക്കാർ. നിയമനം പക്ഷേ, മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിലാണെന്നു മാത്രം. മന്ത്രിമാരുടെയും കാബിനറ്റ് പദവിയിലുള്ളവരുടെയും സ്റ്റാഫിൽ 489 പേരെയാണ് നിയമിച്ചത്.

പിണറായി സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം 400-ൽ താഴെയായിരുന്നു. പ്രതിപക്ഷ നേതാവെന്ന നിലയിൽ അതിനെതിരെ പോലും വിമർശനമുന്നയിച്ച വി.ഡി. സതീശൻ മുഖ്യമന്ത്രിയായപ്പോഴാകട്ടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം അഞ്ഞൂറിനോട് അടുക്കുന്നു. മുഖ്യമന്ത്രി സതീശന്റെ പേഴ്സണൽ സ്റ്റാഫിൽ 31 പേരെയാണ് ഇതുവരെ നിയമിച്ചത്. മുഖ്യമന്ത്രിയുടെ തൊട്ടുപിന്നാലെ കെ. മുരളീധരനും എൻ. ഷംസുദ്ദീനുമാണ്-27 പേർ വീതം. രമേശ് ചെന്നിത്തല, സണ്ണി ജോസഫ്-26 പേർവീതം. ടി. സിദ്ദിഖിന്റെ സ്റ്റാഫിൽ 12 പേരെ ആയിട്ടുള്ളൂ. ഗവ. ചീഫ് വിപ്പ് അപു ജോസഫിന്റെ സ്റ്റാഫിൽ 16 പേരുണ്ട്.

സമുദായ സന്തുലനം ഉറപ്പുവരുത്താനുള്ള തത്രപ്പാടിലാണ് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് നിയമനം പൂർത്തിയാകാത്തതെന്നാണ് സൂചന. പേഴ്സണൽ സ്റ്റാഫിന് പെൻഷൻ അർഹതയ്ക്കുള്ള കാലാവധി ഉയർത്തുമെന്ന് മുഖ്യമന്ത്രി സതീശൻ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും 2021-ലെ ഉത്തരവ് തന്നെയാണ് നിലവിലുള്ളത്. അതായത് രണ്ട് വർഷം കാലാവധി പൂർത്തിയാക്കുന്നവർക്ക് ആജീവനാന്ത പെൻഷൻ!

# വിദ്യാർത്ഥികൾക്കെതിരെ നടപടിയെടുക്കാൻ ബി.സി.ഐക്ക് അധികാരമില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: നിയമവിദ്യാർത്ഥികളുടെ പെരുമാറ്റം നിയന്ത്രിക്കാനോ അച്ചടക്കനടപടി സ്വീകരിക്കാനോ ബാർ കൗൺസിലുകൾക്ക് അധികാരമില്ലെന്ന് സുപ്രീംകോടതി.

വിദ്യാഭ്യാസസ്ഥാപനങ്ങൾക്കാണ് നടപടിയെടുക്കാൻ സാധിക്കുകയെന്നും ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

ഹൈദരാബാദ് നൽസാർ സർവകലാശാലാ വിദ്യാർത്ഥികൾക്കെതിരെ ബിസിഐ അദ്ധ്യക്ഷൻ മനൻകുമാർ മിശ്ര ശിക്ഷാനടപടിക്ക് മുതിർന്നതുമായി ബന്ധപ്പെട്ട ഹർജി തീർപ്പാക്കിക്കൊണ്ടാണ് നിരീക്ഷണം.

1961-ലെ അഭിഭാഷകനിയമപ്രകാരം ബാർ കൗൺസിൽ ഓഫ് ഇന്ത്യക്കോ സംസ്ഥാന ബാർ കൗൺസിലുകൾക്കോ നിയമ വിദ്യാർഥികൾക്കെതിരെ അച്ചടക്കനടപടിയെടുക്കാൻ അധികാരമില്ലെന്നും കോടതി വ്യക്തമാക്കി.

# അവയവദാനത്തിൽ സ്ത്രീകൾ മുന്നിലെന്ന് റിപ്പോർട്ട്

കോഴിക്കോട്: ജീവിച്ചിരിക്കേ അവയവം ദാനംചെയ്യുന്നവരിൽ മൂന്നിൽ രണ്ടു പേരും സ്ത്രീകൾ, അവയവം സ്വീകരിച്ചവരിൽ ഏറെയും പുരുഷന്മാരും.

കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ (കെസോട്ടോ) കണക്കുപ്രകാരമാണിത്. കേരളത്തിൽ സർക്കാർ-സ്വകാര്യമേഖലയിൽ 2011 മുതൽ 2026 വരെ നടത്തിയത് ആകെ 14,850 വൃക്ക-കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയകളാണ്. അവയവം നൽകിയവരിൽ 9654 (65.02 ശതമാനം) പേരും സ്ത്രീകളാണ്. 5196 (34.98 ശതമാനം) പേർ പുരുഷൻമാരും. അവയവം സ്വീകരിച്ചവരിൽ 11,427 (76.94 ശതമാനം) പുരുഷന്മാരും 3423 (23.06 ശതമാനം) സ്ത്രീകളുമാണ്.







FAITH
CHRISTIAN CHURCH
600 Secor Rd, Hartsdale NY 10530
PRAYERFULLYSEARCHING FOR A
SENIOR PASTOR
A CALL TO LEAD. A CHURCH TO IMPACT. A LEGACY TO BUILD.
Faith Christian Church is urgently & prayerfully seekinga Spirit-filled Senior Pastor to lead our growing, multigenerational, multilingual Malayalee Pentecostal congregation.
KEY QUALIFICATIONS
Fluent in Malayalam & English
Bachelor's degree in Theology or Divinity earned through in-person attendance at an accredited college.
Ordained Pentecostal minister
Minimum age of 45; married; 10+ years of pastoral experience with atleast 5 years served as a Senior Pastor.
U.S. citizen or permanent resident
Demonstrates biblical leadership (1 Tim 3:2-7; Titus 1:6-9; 1 Pet 5:2-3)
ROLE OVERVIEW
Preach and teach the word of God
Provide pastoral care and spiritual guidance
Lead with vision, integrity and unity
Strengthen discipleship and missions
Foster connection across cultures and generations
HOW TO APPLY
Email Resume to: faithch.nyc@gmail.com
scan here to apply


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# വിസി നിയമനം: ഗവർണറും സർക്കാരും ഒത്തുതീർപ്പിലായി

ന്യൂഡൽഹി: കേരളത്തിലെ സാങ്കേതിക, ഡിജിറ്റൽ സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് ഗവർണറും കേരള സർക്കാരും തമ്മിലുണ്ടായിരുന്ന തർക്കത്തിൽ ഒത്തുതീർപ്പ്. ചാൻസലറുടെയും കേരള സർക്കാരിന്റെയും പ്രതിനിധികൾ ഒപ്പുവെച്ച ഒത്തുതീർപ്പ് കരാർ സുപ്രീംകോടതിക്കു കൈമാറിയതോടെ വിസി നിയമനവുമായി ബന്ധപ്പെട്ടു ചാൻസലർ കൂടിയായ ഗവർണർ നൽകിയ ഹർജി സുപ്രീംകോടതി തീർപ്പാക്കി.

സുപ്രീംകോടതി സംഘടിപ്പിച്ച പ്രത്യേക ലോക് അദാലത്തിൽ ജസ്റ്റിസുമാരായ അരവിന്ദ് കുമാർ, വിപിൻ പഞ്ചോലി എന്നിവരടങ്ങിയ ബെഞ്ചാണു ഹർജി തീർപ്പാക്കിയത്. തിരുവനന്തപുരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറിയുടെ മധ്യസ്ഥതയിൽ കഴിഞ്ഞ 17-നാണ് ചാൻസലറുടെയും സർക്കാരിന്റെയും പ്രതിനിധികൾ ഒത്തുതീർപ്പ് കരാറിൽ ഒപ്പുവെച്ചത്. ചാൻസലർക്കുവേണ്ടി ഗവർണറുടെ സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി സെക്രട്ടറിയും സർക്കാരിനുവേണ്ടി ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുമാണ് കരാറിൽ ഒപ്പുവെച്ചത്.

സാങ്കേതിക സർവകലാശാലാ വിസിയായി ഡോ. സിസ തോമസും ഡിജിറ്റൽ സർവകലാശാല വിസിയായി ഡോ. സജി ഗോപിനാഥും തുടരുമെന്ന് കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സർവകലാശാല നിയമങ്ങളിൽ യുജിസി ചട്ടങ്ങൾക്കനുസൃതമായി ആവശ്യമായ ഭേദഗതികൾ വരുത്താൻ കേരള സർക്കാരിനോട് നിർദേശിച്ചു. കേസിൽ ഇരുവിഭാഗവും ഉന്നയിച്ച നിയമപരമായ വിഷയങ്ങളും വാദങ്ങളും ഭാവിയിൽ തുടരുമെന്ന വ്യവസ്ഥയും കരാറിലുണ്ട്.

നേരത്തേ സുപ്രീംകോടതിയുടെ നിർദേശപ്രകാരം കഴിഞ്ഞ ഡിസംബറിൽ ഗവർണറും മുൻ മുഖ്യമന്ത്രി പിണറായി വിജയനും തമ്മിൽ നടത്തിയ ചർച്ചയിലാണു നിയമന തർക്കത്തിൽ ധാരണയായത്. ഇതിന്റെ അടിസ്ഥാനത്തിൽ ഡോ. സിസ തോമസിനെയും ഡോ. സജി ഗോപിനാഥിനെയും വിസിമാരായി നിയമിച്ച് ചാൻസലർ നേരത്തേ വിജ്ഞാപനമിറക്കിയിരുന്നു.

ഒത്തുതീർപ്പ് വ്യവസ്ഥകൾ ചാൻസലറും സർക്കാരും അംഗീകരിക്കുന്നുവെന്ന് അറിയിച്ചതോടെയാണ് വർഷങ്ങൾ നീണ്ട നിയമപോരാട്ടത്തിനു സുപ്രീംകോടതിയിൽ സമാപനമായത്.

# വൃക്കരോഗം മുൻകൂട്ടി കണ്ടെത്താൻ എഐ നേട്ടവുമായി മലയാളി

ചെന്നൈ: വൃക്കരോഗങ്ങൾ നേരത്തേ തിരിച്ചറിയുന്ന എഐ അധിഷ്ഠിത സംവിധാനം വികസിപ്പിച്ച് ഐഐടി മദ്രാസും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജും വെല്ലൂർ സിഎംസിയിലെ ഡോക്ടറും മലയാളിയുമായ പ്രഫ. സന്തോഷ് വറുഗീസ്, ഐഐടി മദ്രാസിലെ പ്രഫ. ജി.എൽ. സാമുവൽ, ഗവേഷക ജെനിഫർ ഡിലൈറ്റ് എന്നിവരാണു കണ്ടെത്തലിനു പിന്നിൽ. നിലമ്പൂർ ഇളമ്പിലക്കോട് സ്വദേശിയാണു സന്തോഷ്.

ക്ലിനിക്കൽ, ലബോറട്ടറി ഫലങ്ങൾ പരിശോധിച്ചാണു വൃക്കരോഗ സാധ്യത കണ്ടെത്തുന്നത്. സിടി സ്കാനുകൾ സ്വയം വിശകലനം ചെയ്ത് നോർമൽ കിഡ്നി, കിഡ്നി സിസ്റ്റ്, കിഡ്നി സ്റ്റോൺ, കിഡ്നി ട്യൂമർ എന്നിങ്ങനെ നാല് വിഭാഗമായി തിരിക്കുന്ന ഡീപ് ലേണിങ് സിസ്റ്റവും വികസിപ്പിച്ചിട്ടുണ്ട്. ട്യൂമറിന്റെ വലുപ്പവും വൃക്കയെ എത്രമാത്രം ബാധിച്ചു എന്നതും കൃത്യമായി വിലയിരുത്താൻ 3ഡി ഇമേജിങ്ങും ഉപയോഗപ്പെടുത്തും.

# ഭീകരവാദത്തിനെതിരെ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് മോദി

ബിഷ്കെക്: ഭീകരവാദത്തെയും അതിനുള്ള സാമ്പത്തിക സഹായങ്ങളെയും പൂർണമായി തുടച്ചുനീക്കാൻ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കിർഗിസ്ഥാൻ തലസ്ഥാനമായ ബിഷ്കെക്കിൽ നടന്ന വാർഷിക ഷാങ്ഹായ് സഹകരണ സംഘടന (എസ്‌സിഒ) ഉച്ചകോടിയെ അഭിസംബോധന ചെയ്തു സം



സാരിക്കുകയായിരുന്നു അദ്ദേഹം. ഭീകരവാദത്തിനെതിരേയുള്ള പോരാട്ടത്തിൽ ഇരട്ടത്താപ്പിനു സ്ഥാനമുണ്ടാകരുത്. ഭീകരവാദത്തിനെതിരായ പോരാട്ടത്തിൽ 'ആക്ഷൻ-റിയാക്ഷൻ' രീതിയിൽ മാത്രം ഒതുങ്ങിനിൽക്കാനാകില്ല. ഭീകരവാദ ഫണ്ടിംഗ്, റിക്രൂട്ട്മെന്റ്, തീവ്രവാദ പ്രചാരണം, സുരക്ഷിത താവളങ്ങൾ എന്നിവയുൾപ്പെടെ തകർക്കണം. പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ ആഗോള ഊർജ സുരക്ഷയെയും സമുദ്രവ്യാപാരത്തെയും സാരമായി ബാധിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടിയ മോദി, യുദ്ധത്തിലൂടെ ഒരു പ്രശ്നത്തിനും ശാശ്വതമായ പരിഹാരം കണ്ടെത്താനാകില്ലെന്നും വ്യക്തമാക്കി.

ചൈനയുടെ ബിആർഐ പദ്ധതിയെ പരോക്ഷമായി വിമർശിച്ചുകൊണ്ട്, അടിസ്ഥാനസൗകര്യ വികസനപദ്ധതികൾ നടപ്പിലാക്കുമ്പോൾ രാജ്യങ്ങളുടെ പരമാധികാരവും പ്രാദേശിക അഖണ്ഡതയും മാനിക്കണമെന്ന് മോദി ഓർമിപ്പിച്ചു. പാകിസ്ഥാൻ പ്രധാനമന്ത്രി ഷെഹ്ബാസ് ഷരീഫ്, ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ് എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരാമർശങ്ങൾ.

# 70 എംഎം റോക്കറ്റുകൾ ഇനി ഇന്ത്യയിൽ നിർമിക്കും

ന്യൂഡൽഹി: ഇന്ത്യൻ പ്രതിരോധമേഖലയിൽ തദ്ദേശീയ ഉത്പാദനത്തിനു വൻ കുതിപ്പേകി അത്യാധുനിക 70 എംഎം (2.75 ഇഞ്ച്) റോക്കറ്റുകൾ ഇനി പൂർണമായും ഇന്ത്യയിൽ നിർമിക്കും. ഫ്രഞ്ച് പ്രതിരോധ ഭീമനായ 'താലെസും' ഭാരത് ഫോർജിന്റെ പ്രതിരോധവിഭാഗമായ കല്യാണി സ്ട്രാറ്റജിക് സിസ്റ്റംസ് ലിമിറ്റഡും (കെഎസ്എസ്എൽ) ഇതുസംബന്ധിച്ച തന്ത്രപ്രധാന സഹകരണ കരാറിൽ ഒപ്പുവെച്ചു. പൂർണമായും ഇന്ത്യയിൽ നിർമിച്ച ആദ്യബാച്ച് റോക്കറ്റുകൾ 2027-ന്റെ തുടക്കത്തിൽത്തന്നെ പുറത്തിറങ്ങും.

ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറിന്റെ ഇന്ത്യാ സന്ദർശന വേളയിലാണ് ഈ സുപ്രധാന കരാർ ഔദ്യോഗികമായി പ്രഖ്യാപിച്ചത്. കരാർപ്രകാരം ബെൽജിയത്തിൽ വികസിപ്പിച്ചെടുത്ത അത്യാധുനിക 70 എംഎം റോക്കറ്റുകളുടെയും ലോഞ്ചറുകളുടെയും സാങ്കേതികവിദ്യ താലെസ് ഇന്ത്യക്ക് കൈമാറും.

ആന്ധ്രാപ്രദേശിൽ കെഎസ്എസ്എൽ പുതുതായി ആരംഭിക്കുന്ന 'എനർജറ്റിക്സ്' കേന്ദ്രത്തിലായിരിക്കും റോക്കറ്റുകളുടെ നിർമാണവും പരീക്ഷണങ്ങളും നടക്കുക. താലെസിന്റെ ആഗോള വിതരണ ശൃംഖലയിൽനിന്നുള്ള ഘടകങ്ങൾ ഇവിടെ കൂട്ടിയോജിപ്പിക്കും.

വ്യോമഭീഷണികൾക്കും ഡ്രോൺ ആക്രമണങ്ങൾക്കുമെതിരെ അതിവേഗം പ്രഹരശേഷി കൈവരിക്കാൻ ഈ റോക്കറ്റുകളുടെ പുതിയ പതിപ്പുകൾക്ക് കഴിയും.

നിലവിൽ ഇന്ത്യൻ സായുധസേന 70 എംഎം റോക്കറ്റ് സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും ആഗോള സുരക്ഷാഭീഷണികൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ പ്രതിരോധ സ്വയംപര്യാപ്തത ഉറപ്പാക്കാൻ ഈ തദ്ദേശീയ നിർമാണ കരാർ വലിയ കരുത്താകും.

# ആറ് ഉപഗ്രഹങ്ങൾ കൂടി വിക്ഷേപിക്കും

ശ്രീഹരിക്കോട്ട: ഈ സാമ്പത്തിക വർഷം ആളില്ലാ ഗഗൻയാൻ ഉൾപ്പെടെ ഐഎസ്ആർഒ ആറ് വിക്ഷേപണങ്ങൾ കൂടി നടത്തുമെന്ന് ഐഎസ്ആർഒ ചെയർമാൻ ഡോ.വി. നാരായണൻ അറിയിച്ചു. ജി.സാറ്റ് എ വിക്ഷേപണ വിജയത്തിനുശേഷമാണ് ഈ പ്രതികരണം.

സ്ഥിരം ഭ്രമണപഥത്തിന് കുറേക്കൂടി അടുത്തെത്തിയതുകൊണ്ട് ഈ ഉപഗ്രഹത്തിന്റെ ആയുസ് വർദ്ധിക്കുമെന്നും വി. നാരായണൻ കൂട്ടിച്ചേർത്തു. ഉപഗ്രഹം ഒൻപത് വർഷം പ്രവർത്തിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭൗമ സമന്വയ ഭ്രമണപഥ (ജിയോ സിങ്ക്രണസ് ഓർബിറ്റ്) ത്തിൽ ഭൂമിയെ ചുറ്റിക്കൊണ്ട് പ്രത്യേക ഭൂഭാഗത്തിന്റെ സുവ്യക്ത ചിത്രങ്ങൾ ഒപ്പിയെടുക്കുന്ന ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹമാണ് ജി. സാറ്റ് 1എ. ഇത് ചാരഉപഗ്രഹമല്ലെന്നും ഐഎസ്ആർഒ ചെയർമാൻ പറഞ്ഞു.

ഗതിനിർണയ ഉപഗ്രഹമായ എൻവിഎസ് 03 ഉൾപ്പെടെ ആറ് വിക്ഷേപണങ്ങളാണ് ഈ സാമ്പത്തികവർഷം ഉദ്ദേശിക്കുന്നത്.

മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനുള്ള ഗഗൻയാൻ ദൗത്യം പുരോഗമിക്കുകയാണ്.

യാത്രക്കാരില്ലാതെയുള്ള പരീക്ഷണ വിക്ഷേപണം ഈ വർഷം തന്നെയുണ്ടാകും. കുലശേഖരപുരത്തെ വിക്ഷേപണകേന്ദ്രം അടുത്തവർഷം മാർച്ചോടെ പ്രവർത്തനക്ഷമമാകുമെന്നും ഐഎസ്ആർഒ ചെയർമാൻ പറഞ്ഞു.






# മന്ത്രിമാർ കോഴിക്കോട് ഐഐഎമ്മിൽ പരിശീലനം നേടി

കോഴിക്കോട്: ദുരന്ത ലഘൂകരണത്തിലും പ്രതിരോധത്തിലും സർക്കാരിനു പ്രയോജനകരമായ നേട്ടങ്ങൾ കൈവരിക്കാനുള്ള വാതിലുകൾ തുറന്നിട്ടു മന്ത്രിസഭാ പരിശീലനം.

ദുരന്തങ്ങൾ നേരിടുന്നതിലും ആഘാതം കുറയ്ക്കുന്നതിലും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജപ്പാൻ നടത്തിയ മുന്നേറ്റങ്ങൾ വയനാട്ടിൽ ഉൾപ്പെടെ പ്രാവർത്തികമാക്കാനുള്ള ആലോചനകൾ മന്ത്രിസഭ ആരംഭിച്ചു. ജപ്പാനിലെ കിയോ യൂണിവേഴ്സിറ്റിയിൽ നിന്നെത്തിയ വിദഗ്ധർ സഹായങ്ങളും വാഗ്ദാനം ചെയ്തു.

കേരളത്തിന്റെ ഭാവി വികസനത്തിനു പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനായി മുഖ്യമന്ത്രിയും മുഴുവൻ മന്ത്രിസഭാംഗങ്ങളും ചീഫ് സെക്രട്ടറി ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്ത റീ ഇമാജിനിങ് കേരളം പരിശീലന പരിപാടിയിൽ ചർച്ചകൾ നടന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട് സംഘടിപ്പിച്ച പരിപാടിയിൽ ഐഐഎം കോഴിക്കോട് ഡയറക്ടർ പ്രഫ. ദേബാശിഷ് ചാറ്റർജി അവതരിപ്പിച്ച 'നിർമിതബുദ്ധിയുടെ കാലത്തെ പരിവർത്തനാത്മകനേതൃത്വം, ലക്ഷ്യബോധത്തോടെയും ഫലപ്രാപ്തിയോടെയും ജനങ്ങളെ പങ്കാളികളാക്കുക' എന്ന സെഷനോടെയായിരുന്നു തുടക്കം.

ഡീൻ പ്രഫ. ആനന്ദക്കുട്ടൻ ഉണ്ണിത്താൻ സെഷൻ ഏകോപിപ്പിച്ചു. 'കേരളത്തെ ആരോഗ്യ-ക്ഷേമകേന്ദ്രമായി ഉയർത്തുക' എന്ന സെഷനിൽ ചെന്നൈ അരവിന്ദ് കണ്ണാശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. അരവിന്ദ് ശ്രീനിവാസൻ നേതൃത്വം നല്കി.

'അപകടസാദ്ധ്യതകൾക്കൊപ്പം ജീവിക്കുക, കാലാവസ്ഥാ പ്രതിരോധശേഷിയും സമൂഹത്തിന്റെ തയ്യാറെടുപ്പും -ജപ്പാനിൽ നിന്നുള്ള കാലാവസ്ഥാ വ്യതിയാന അനുകൂലനത്തിന്റെയും സമൂഹാധിഷ്ഠിത ദുരന്ത നിവാരണത്തിന്റെയും പാഠങ്ങൾ' എന്ന വിഷയത്തിൽ ജപ്പാനിലെ കിയോ സർവകലാശാലയിലെ പ്രഫ. ഡോ. രാജീബ് ഷാ, ഐഐഎം കോഴിക്കോട് പ്രഫ. അനുപം ദാസ് എന്നിവർ നേതൃത്വം നല്കി.




'നയങ്ങളിൽ നിന്ന് പെരുമാറ്റത്തിലേക്ക് ഫലപ്രദമായ ഭരണനിർവഹണത്തിന്റെ ശാസ്ത്രം' എന്ന സെഷൻ ലണ്ടൻ കിങ്സ് കോളജിലെ ഡോ. സഞ്ചയൻ ബാനർജി, ഐഐഎം കോഴിക്കോട് പ്രഫ. സിദ്ധാർത്ഥ് പാധി എന്നിവർ നയിച്ചു. കേരളത്തിന്റെ വയോജന സമ്പദ്‌വ്യവസ്ഥാ ദൗത്യം എന്ന വിഷയത്തിലും ചർച്ച നടന്നു. ഐഐഎം ദീപാ സേഥി, പ്രഫ. പ്രിയ നായർ രാജീവ് എന്നിവർ നേതൃത്വം നല്കി.

## വിമാനം 300 അടി താഴ്ചയിലേക്ക് പതിച്ച സംഭവം: പൈലറ്റിനെ പിരിച്ചുവിട്ടു

ന്യൂഡൽഹി: അപകടത്തിൽപ്പെട്ട ഫുക്കറ്റ്-ന്യൂഡൽഹി വിമാനത്തിന്റെ പൈലറ്റ് ഇൻ കമാൻഡ് ക്യാപ്റ്റൻ സുദീപ് വസിഷ്ഠയെ എയർ ഇന്ത്യ പിരിച്ചുവിട്ടു. പൈലറ്റ് ലഹരിമരുന്ന് ഉപയോഗിച്ചതായി എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (എഎഐബി)യുടെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് സ്ഥിരീകരിച്ച് മണിക്കൂറുകൾക്കുള്ളിലാണ് ഇയാളെ എയർ ഇന്ത്യ പുറത്താക്കിയത്.



സുരക്ഷയാണ് എയർ ഇന്ത്യയുടെ ഏറ്റവും ഉയർന്ന മുൻഗണന എന്നു വ്യക്തമാക്കിയാണ് നടപടി. പൈലറ്റ് ലഹരി ഉപയോഗിച്ചിരുന്നുവെന്ന് പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയ എഎഐബി ഇയാൾക്കെതിരെ കർശന നടപടിയെടുക്കാൻ ഡിജിസിഎയോട് ശിപാർശ ചെയ്തിരുന്നു.

ലഹരി പരിശോധനാഫലം പോസിറ്റീവായതിനു പിന്നാലെ പൈലറ്റിനെ ജോലിയിൽനിന്നു മാറ്റിനിർത്തിയിരിക്കുകയായിരുന്നു. 36,000 അടി ഉയരത്തിൽ സഞ്ചരിക്കവേ നാല് സെക്കൻഡ് നേരത്തേക്ക് വിമാനത്തിലെ മൂന്ന് ഹൈഡ്രോളിക് സിസ്റ്റങ്ങളും ഒരുമിച്ച് പ്രവർത്തനരഹിതമായെന്നും ഇതോടെ ഓട്ടോപൈലറ്റ് സംവിധാനം നിലച്ച് വിമാനം 300 അടിയോളം താഴേക്ക് പതിച്ചെന്നുമാണ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തൽ.

## സിജെപി പ്രക്ഷോഭം: വിദ്യാർത്ഥികൾക്കെതിരായ കേസുകൾ റദ്ദാക്കി

ന്യൂഡൽഹി: ക്രോക്രോച്ച് ജനതാ പാർട്ടി (സിജെപി) ജന്തർ മന്തറിൽ നടത്തിയ പ്രക്ഷോഭത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കെതിരെ രജിസ്റ്റർ ചെയ്ത എല്ലാ എഫ്ഐആറും സുപ്രീം കോടതി റദ്ദാക്കി. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും വിദ്യാർത്ഥികൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾക്ക് ഉത്തരവ് ബാധകമാണ്. എന്നാൽ, ജന്തർ മന്തറിൽ ഉണ്ടായിരുന്നവരിൽ ക്രിമിനൽ പശ്ചാത്തലമുള്ള 2,873 പേർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുമായി മുന്നോട്ടു പോകാൻ ഡൽഹി പോലീസിന് കോടതി അനുമതി നല്കി.

ജൂലൈ 20 പ്രക്ഷോഭവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത മുഴുവൻ കേസും പിൻവലിക്കാമെന്നും പുതിയ കേസുകൾ രജിസ്റ്റർ ചെയ്യില്ലെന്നും കേന്ദ്രസർക്കാർ ഉറപ്പു നല്കിയതിനു പിന്നാലെയാണ് സുപ്രീംകോടതിയുടെ നിർണായക ഉത്തരവ്. കേസുകൾ റദ്ദാക്കാൻ കേന്ദ്രസർക്കാരും മഹാരാഷ്ട്ര, പശ്ചിമബംഗാൾ, ബിഹാർ, അസം സംസ്ഥാനങ്ങളും അപേക്ഷ നല്കിയിട്ടുണ്ടെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത വ്യക്തമാക്കി. ഇരുകക്ഷികളും പരസ്പര വിശ്വാസത്തോടെ ചർച്ച നടത്തുകയാണെങ്കിൽ പ്രശ്നം പരിഹരിക്കാമെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അദ്ധ്യക്ഷനായ ബെഞ്ച് വാദത്തിനിടെ ചൂണ്ടിക്കാട്ടി. ഇരുകൂട്ടരും ക്രിയാത്മകമായാണ് പ്രശ്നത്തെ സമീപിക്കുന്നതെന്നും തങ്ങൾ ശത്രുക്കളല്ലെന്നും സോളിസിറ്റർ ജനറൽ മറുപടി നല്കി.

കേന്ദ്ര നിലപാടിനെ സിജെപി വക്താവ് അഭിനന്ദിച്ചു. നീറ്റ് പരീക്ഷ റദ്ദാക്കിയതിനെത്തുടർന്ന് ജീവനൊടുക്കിയ വിദ്യാർത്ഥികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നല്കാമെന്ന വാഗ്ദാനം പാലിക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് സോളിസിറ്റർ ജനറൽ വ്യക്തമാക്കി. എന്നാൽ, നഷ്ടപരിഹാരത്തിനുള്ള നടപടിക്രമങ്ങൾ പാലിക്കാൻ മൂന്നുമാസം സാവകാശം അനുവദിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. കേന്ദ്രത്തിന്റെ ഈ ആവശ്യം കോടതി അംഗീകരിച്ചു.

## എവിഎം പദവിയിൽ ആദ്യമായി വനിതാ ഓഫീസർ

ന്യൂഡൽഹി: വ്യോമസേന ഓഫീസറായ ശക്തി വർമയ്ക്ക് എയർ വൈസ് മാർഷൽ പദവി. ഈ സ്ഥാനം നേടുന്ന (മെഡിഡൽ ഇതര) ഇന്ത്യയിലെ ആദ്യ വനിതയാണ് ശക്തി വർമ. വ്യോമസേനാ ആസ്ഥാനത്ത് അസിസ്റ്റന്റ് ചീഫ് ഓഫ് എയർ സ്റ്റാഫ് (എഡ്യുക്കേഷൻ) പദവിയിൽ ശക്തി വർമ ചുമതലയേറ്റു. നേരത്തേ എയർ കമ്മഡോർ റാങ്കായിരുന്നു ഇവർക്കുണ്ടായിരുന്നത്. 1994-ലാണ് ശക്തി വർമ വ്യോമസേനയിൽ ചേർന്നത്.



# കോട്ടയം മെഡിക്കൽ കോളജിലും ചികിത്സാ പിഴവെന്ന് പരാതി

കോട്ടയം: കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ നവജാതശിശുവിന്റെ ചികിത്സയ്ക്കിടെ ശരീരത്തിൽ സൂചി തറഞ്ഞുകയറിയെന്നും ചികിത്സാപ്പിഴവിനെത്തുടർന്ന് ഒരു വർഷത്തോളം കുഞ്ഞ് വേദനയനുഭവിച്ചെന്നും പരാതി. കോഴിക്കോട് ചാത്തമംഗലം ചൂലൂർ നടുലയിൽ ടി.ടി. വിനീഷിന്റെയും അഞ്ജുവിന്റെയും മകൾ അദികയുടെ ദേഹത്താണ് സൂചി കുടുങ്ങിയത്.

ഒരു വർഷത്തിനുശേഷം ഇക്കഴിഞ്ഞ ജൂലൈയിൽ കോഴിക്കോട് മെഡിക്കൽ കോളജിൽ നടത്തിയ ശസ്ത്രക്രിയയിലാണ് ഒന്നേകാൽ വയസ്സുള്ള അദികയുടെ ശരീരത്തിൽ നിന്ന് സൂചി പുറത്തെടുത്തത്.

ഏറ്റുമാനൂർ കിടങ്ങൂർ കട്ടച്ചിറയിലാണ് അഞ്ജുവിന്റെ വീട്. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ നേഴ്സാണ് അഞ്ജു. കഴിഞ്ഞവർഷം ജൂൺ 24–ന് കോട്ടയം മെഡിക്കൽ കോളജിലായിരുന്നു പ്രസവം.

കുഞ്ഞിന് രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുകയും മഞ്ഞനിറം കാണുകയും ചെയ്തതോടെ നവജാതശിശുക്കളുടെ ഐസിയുവിലേക്ക് മാറ്റി. എൻഐസിയുവിൽ കഴിയുന്നതിനിടെ ശരീരത്തിന്റെ വലതുഭാഗത്ത് വാരിയെല്ലിന്റെ ഭാഗത്ത് ചെറിയ തടിപ്പ് കണ്ടെന്നും ഇക്കാര്യം പറഞ്ഞപ്പോൾ സ്കാൻചെയ്ത് നോക്കാമെന്നും ഡോക്ടർ പറഞ്ഞിരുന്നു.



സ്കാനിങ് റിപ്പോർട്ട് വന്നപ്പോൾ കുഴപ്പമില്ലെന്നാണ് പറഞ്ഞത്. ഇതിനിടെ കുട്ടിക്ക് പനി വന്നു. പിന്നീട് ആശുപത്രി വിട്ടു. രണ്ടാഴ്ച കഴിഞ്ഞ് വീണ്ടും സ്കാൻ ചെയ്തപ്പോഴും പ്രശ്നമില്ലെന്നാണ് പറഞ്ഞത്. തടിപ്പും ചുവപ്പുനിറവും അപ്പോഴുമുണ്ടായിരുന്നു. ദമ്പതിമാർ കോഴിക്കോട്ടേക്ക് മടങ്ങി. കുഞ്ഞ് പതിവായി കരച്ചിലായിരുന്നു. രണ്ടുമാസംമുമ്പ് ശരീരത്തിൽ അതേഭാഗത്ത് വലിയ തോതിൽ വീക്കം കണ്ടു. ട്യൂമറാണോയെന്ന സംശയത്തിൽ ജൂലായ് പത്തിന് കോഴിക്കോട് മെഡിക്കൽ കോളജിൽ കാണിച്ചു. അവിടെ വീണ്ടും സ്കാൻചെയ്തു. എക്സ്റേയുമെടുത്തു. അപ്പോഴാണ് സൂചി തറച്ചത് കണ്ടെത്തിയത്. ശസ്ത്രക്രിയയിലൂടെ സൂചി നീക്കി. ഒരിഞ്ച് നീളമുണ്ടായിരുന്നെന്ന് അഞ്ജു പറയുന്നു.

ചികിത്സാപ്പിഴവ് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് മാതാപിതാക്കൾ ഒരു മാസംമുമ്പ് കോട്ടയം മെഡിക്കൽ കോളജ് സൂപ്രണ്ടിന് പരാതി കൊടുത്തു. പിന്നീട് ആരോഗ്യമന്ത്രിക്കും ഗാന്ധിനഗർ പോലീസിലും പരാതി നൽകി.

ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. ഫ്രെഡറിക് പോളിനെ അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് സൂപ്രണ്ട് ഡോ. ടിജി തോമസ് ജേക്കബ് പറഞ്ഞു. റിപ്പോർട്ട് കിട്ടിയാൽ തുടർനടപടിയെടുക്കുമെന്നും അദ്ദേഹം അറിയിച്ചു.

# മാനസികാരോഗ്യകേന്ദ്രം ഇനി ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്റർ

തിരുവനന്തപുരം: കേരളത്തിലെ മാനസികാരോഗ്യകേന്ദ്രങ്ങളുടെ പേര് ഹാപ്പിനസ് ആൻഡ് വെൽനെസ് സെന്ററുകൾ എന്നാകും. ഹൈക്കോടതി ഇടപെടലിനെത്തുടർന്നാണു പേരുമാറ്റം. സന്തോഷവും സൗഖ്യവും നൽകുന്ന കേന്ദ്രങ്ങളായി ഇവയെ മാറ്റുമെന്നും ആവശ്യമായ ജീവനക്കാരെ നിയോഗിക്കുമെന്നും മന്ത്രി കെ. മുരളീധരൻ പറഞ്ഞു.

ഓരോ ജില്ലയിലും 24 മണിക്കൂർ സ്പെഷ്യൽറ്റി സേവനം ലഭ്യമായ ഒരു ആശുപത്രിയെങ്കിലും സജ്ജമാക്കും. ജില്ല/ജനറൽ ആശുപത്രികളിൽ ആരംഭിക്കുന്ന ഈ കേന്ദ്രങ്ങൾക്ക് 'പ്രതീക്ഷ' സെന്റർ എന്നായിരിക്കും പേര്. അടുത്ത് ആശുപത്രി ഉണ്ടായിരിക്കെ ചികിത്സയ്ക്കായി മെഡിക്കൽ കോളജുകളിലേക്കു കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടിവരുന്നത് ഒഴിവാക്കാനാണ് ജില്ല/ജനറൽ ആശുപത്രികളിൽ 24 മണിക്കൂർ സ്പെഷ്യൽറ്റി സേവനം ആരംഭിക്കുന്നത്.

ജീവിതശൈലീരോഗങ്ങൾ പ്രാരംഭത്തിൽ കണ്ടെത്തുന്നതിനു 'ഹൃദയരാഗം' പദ്ധതി പ്രഖ്യാപിച്ചു. പ്രമേഹം, രക്താതിമർദം, ഹൃദ്രോഗം, കരൾവീക്കം, പക്ഷാഘാതം, കാൻസർ തുടങ്ങിയവയാണു കേരളത്തിലെ രോഗാതുരതയുടെയും മരണത്തിന്റെയും പ്രധാന കാരണങ്ങൾ. നാലിലൊരാൾക്കു പ്രമേഹവും മൂന്നിലൊരാൾക്കു രക്താതിമർദവും ഉണ്ടെന്നാണു കണക്ക്. പരിശോധനയും ചികിത്സയുമടങ്ങുന്ന പദ്ധതിക്കു വട്ടിയൂർക്കാവ്, ഇടുക്കി, നിലമ്പൂർ മണ്ഡലങ്ങളിൽ തുടക്കമിടും.

# വസ്തു തരം മാറ്റാൻ 10 ലക്ഷം കൈക്കൂലി; മുൻ ഡെപ്യൂട്ടി കളക്ടർ അറസ്റ്റിൽ

കൊച്ചി: വസ്തു തരംമാറ്റി നൽകാൻ സഹായം ചെയ്തു നൽകാമെന്ന് വാഗ്ദാനം നൽകി 10 ലക്ഷം രൂപ കൈക്കൂലി വാങ്ങിയ കേസിൽ ഒരാൾ കൂടി അറസ്റ്റിൽ. ഇടനിലക്കാരനായി പ്രവർത്തിച്ച വിരമിച്ച ഡെപ്യൂട്ടി കളക്ടറും എറണാകുളം കടവന്ത്ര സ്വദേശിയുമായ എൻ.കെ. കൃപ (59) യെയാണ് വിജിലൻസ് സംഘം സെപ്റ്റംബർ നാലിന് അറസ്റ്റ് ചെയ്തത്.

കലൂർ സ്വദേശിയുടെ പരാതിയിൽ കഴിഞ്ഞ ഓഗസ്റ്റ് 13–ന് രജിസ്റ്റർ ചെയ്ത കേസിലാണ് അറസ്റ്റ്. എറണാകുളം, കണയന്നൂർ ഭൂരേഖാ തഹസിൽദാർ ജോസഫ് ആന്റണി ഹർട്ടീസ്, ഇടനിലക്കാരായി പ്രവർത്തിച്ച എൻ.എസ്. രാജേഷ്, ജോസഫ് ഷിബിൻ എന്നിവരെ എറണാകുളം വിജിലൻസ് യൂണിറ്റ് 13–ന് പിടികൂടിയിരുന്നു. പരാതിക്കാരന്റെ പിതാവിന്റെ പേരിലുള്ള ബി.ടി.ആറിൽ നിലമെന്നു രേഖപ്പെടുത്തിയ ഭൂമിക്ക് പിഴവുമൂലം പുരയിടമായി നികുതി അടച്ചു വരികയായിരുന്നു. വസ്തുവിൽ കുറച്ചുഭാഗം വിൽക്കാൻ ശ്രമിച്ചപ്പോൾ, റവന്യൂ ഉദ്യോഗസ്ഥർ തന്നെ ഏജന്റുമാരെ ഉപയോഗിച്ച് വ്യാജപരാതി നൽകുകയായിരുന്നു. ഭൂവുടമ റവന്യൂ ഓഫീസിനെ സമീപിച്ചപ്പോൾ, ഭൂമിയിൽ മണ്ണിട്ട് നികത്തിയതായി പരാതിയുണ്ടെന്നും പരാതിക്കാരനെക്കണ്ട് വിഷയം ഒത്തുതീർപ്പാക്കണമെന്നുമായിരുന്നു ഭൂരേഖാ തഹസിൽദാർ ജോസഫ് ആന്റണിയുടെ നിർദേശം. തുടർന്ന് പരാതിക്കാരനായി അഭിനയിച്ച ഏജന്റ്, ഭൂവുടമയോട് 10 ലക്ഷം രൂപ ആവശ്യപ്പെട്ടു. തട്ടിപ്പ് മനസ്സിലാക്കിയ ഭൂവുടമ വിവരം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിച്ചതോടെയാണ് മൂവരും വലയിലായത്.


റിട്ട. ഡെപ്യൂട്ടി കളക്ടറായ എൻ.കെ. കൃപ കൈക്കൂലി ഇടപാടുമായി ബന്ധപ്പെട്ട് ഇടനിലക്കാരനായി പ്രവർത്തിച്ചിരുന്നതായി തുടരന്വേഷണത്തിൽ വിജിലൻസ് കണ്ടെത്തിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിലാണ് എറണാകുളം വിജിലൻസ് യൂണിറ്റ് കൃപയെ അറസ്റ്റ് ചെയ്തത്. നേരത്തെ പിടിയിലായ മൂവരുടെയും റിമാൻഡ് കാലാവധി അവസാനിക്കാനിരിക്കെയാണ് പുതിയ അറസ്റ്റ്.

# കയ്പമംഗലത്ത് നിർത്തിയിട്ട ലോറിയിൽ കാറിടിച്ച് എട്ട് മരണം

തൃശ്ശൂർ: ദേശീയപാത 66–ലെ കയ്പമംഗലം പനമ്പിക്കുന്ന് സെന്ററിൽ വാഹനാപകടത്തിൽ എട്ടുപേർ മരിച്ചു. കാർ നിർത്തിയിട്ടിരുന്ന ലോറിക്കുപിന്നിൽ ഇടിച്ചുകയറുകയായിരുന്നു. സെപ്റ്റംബർ നാലിന് വെള്ളിയാഴ്ച അർധരാത്രിയോടെ മൂന്നുപീടിക ബൈപാസ് റോഡിന്റെ തുടക്കത്തിലാണ് അപകടം. ഗുരുവായൂർ ഭാഗത്തുനിന്ന് കൊടുങ്ങല്ലൂർ ഭാഗത്തേക്കാണ് കാർ പോയിരുന്നത്. ലോറി ഇതേ ദിശയിൽ പാർക്കിങ് പാടില്ലാത്തിടത്താണ് നിർത്തിയിട്ടത്. മരിച്ചവരെല്ലാം തമിഴ്നാട് സ്വദേശികളാണെന്നു സംശയിക്കുന്നു. എട്ടുപേരും പുരുഷന്മാരാണ്. ദിണ്ടിഗലിലെ പിഎസ്എൻഎ എഞ്ചിനീയറിങ് കോളജ് വിദ്യാർത്ഥികളാണ് അപകടത്തിൽ പെട്ടതെന്നാണ് പ്രാഥമിക നിഗമനം. രണ്ടുപേരുടെ കോളജ് ഐഡി കാർഡ് കണ്ടെത്തിയിട്ടുണ്ട്. കുടുങ്ങിക്കിടന്നവരെ വലപ്പാട് അഗ്നിരക്ഷാസേനയാണ് പുറത്തെടുത്തത്. എല്ലാവരും സംഭവസ്ഥലത്തുതന്നെ മരിച്ചു. തമിഴ്നാട് മധുര രജിസ്ട്രേഷൻ കാറാണ് അപകടത്തിൽപ്പെട്ടത്.

# തട്ടിപ്പുകേസിൽ മാണി സി. കാപ്പന് തടവും പിഴയും



മുംബൈ: കണ്ണൂർ വിമാനത്താവളത്തിൽ ഓഹരിപങ്കാളിത്തം വാഗ്ദാനം ചെയ്തു പണം തട്ടിപ്പു കേസിൽ പാലാ എംഎൽഎ മാണി സി. കാപ്പന് ഒരു വർഷം തടവും 5.30 കോടി രൂപ പിഴയും വിധിച്ച് മുംബൈ കോടതി. ഒരു മാസത്തിനകം പണം നല്കണമെന്ന് ബോറിവലി മജിസ്ട്രേറ്റ് കോടതി വിധിച്ചു. ഇല്ലെങ്കിൽ മൂന്നു മാസം കൂടി തടവ് അനുഭവിക്കണം.

മുംബൈയിലുള്ള മലയാളി പ്രവാസി വ്യവസായി ദിനേശ് മേനോൻ നല്കിയ പരാതിയിലാണ് നടപടി. തടവുശിക്ഷ ഒരു വർഷമായതിനാൽ എംഎൽഎ സ്ഥാനം നഷ്ടമാകില്ല. 2015 മുതൽ നടക്കുന്ന നിയമവ്യവഹാരത്തിനൊടുവിലാണ് വിധി. ഓഹരി നല്കാമെന്നു പറഞ്ഞ് മൂന്നു കോടി രൂപ തട്ടിയെന്നാണ് കേസ്.





# കേരളത്തിന്റെ ഓണപ്പെരുമ അരിസോണയിൽ; കെ.എച്ച്.എ ഓണം ആഘോഷിച്ചു

മനു നായർ



ഫീനിക്സ്: അരിസോണയിൽ കേരള ഹിന്ദൂസ് ഓഫ് അരിസോണ (കെഎച്ച്എ) യുടെ ആഭിമുഖ്യത്തിൽ ഓണം പൊന്നോണം 2026 ഓഗസ്റ്റ് 22-ന് ഇൻഡോ അമേരിക്കൻ കൾച്ചറൽ സെന്ററിൽ വെച്ച് വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും പാരമ്പര്യവും വിളിച്ചോതുന്ന വിപുലമായ ഈ ആഘോഷപരിപാടികളിൽ അരിസോണയുടെ നാനാഭാഗങ്ങളിൽ നിന്നും ഒട്ടനവധി കുടുംബങ്ങളും സമൂഹാംഗങ്ങളും പങ്കെടുത്തു.



കെ.എച്ച്.എ ഭാരവാഹികളായ ജിജൂ അപ്പുക്കുട്ടൻ, വിവേക്, ധനീഷ്, അരുൺ, സജിൻ എന്നിവർ ചേർന്ന് നിലവിളക്ക് തെളിയിച്ചതോടെയാണ് ഈ വർഷത്തെ ഓണാഘോഷ പരിപാടികൾക്ക് ഔപചാരികമായി തുടക്കം കുറിച്ചത്. ജിൽസി ഡിൻസും പൂർണിമ സന്തോഷും പരിപാടിയുടെ അവതാരകരായി. പരമ്പരാഗതകേരള തറവാട് ശൈലിയിലുള്ള പശ്ചാത്തലത്തിനു മുന്നിൽ ഒരുക്കിയ മനോഹരമായ പൂക്കളം കേരളത്തിന്റെ ഗൃഹാതുരത നിറഞ്ഞ അന്തരീക്ഷത്തിനു മാറ്റേകി.



സബിത സുജിത് ചിട്ടപ്പെടുത്തി അവതരിപ്പിച്ച മെഗാ തിരുവാതിരയായിരുന്നു ആഘോഷത്തിലെ പ്രധാന ആകർഷണങ്ങളിലൊന്ന്. തിരുവാതിരയ്ക്ക് സദസ്സിൽ നിന്ന് മികച്ച പ്രതികരണവും കൈയടിയും ലഭിച്ചു.

ചെണ്ടമേളത്തിന്റെ അകമ്പടിയോടെ മുത്തുക്കുടകളും താലപ്പൊലിയും വഞ്ചിപ്പാട്ടും അണിനിരന്ന മഹാബലി ഘോഷയാത്ര ഏറെ ശ്രദ്ധേയമായി. സംഘാടകർ മഹാബലിക്ക് ഊഷ്മളമായ വരവേല്പ് നല്കി. തന്റെ പ്രിയപ്പെട്ട പ്രജകൾക്ക് മഹാബലി ഓണാശംസകൾ നേർന്നത് ആഘോഷത്തിലെ അവിസ്മരണീയമായ മുഹൂർത്തമായി.

തുടർന്ന് അരിസോണയിലെ കലാകാരന്മാരും കുട്ടികളും സമൂഹാംഗങ്ങളും അവതരിപ്പിച്ച വൈവിധ്യമാർന്ന കലാപരിപാടികൾ അരങ്ങേറി. ഉച്ചയോടെ ആരംഭിച്ച വിഭവസമൃദ്ധമായ ഓണസദ്യയിൽ വാഴയിലയിൽ മുപ്പതിലധികം പരമ്പരാഗത കേരളീയ വിഭവങ്ങളാണ് വിളമ്പിയത്. ശ്രീകുമാർ കൈതവന, കൃഷ്ണകുമാർ, സുരേഷ്കുമാർ, ആനന്ദ്, ജോലാൽ കരുണാകരൻ എന്നിവരുടെ നേതൃത്വത്തിൽ തയ്യാർ ചെയ്ത സദ്യയ്ക്ക് നിരവധി വാളണ്ടിയർമാരുടെ നിസ്വാർത്ഥമായ സേവനവും ലഭിച്ചു. അരിസോണയിലെ സമൂഹത്തിന്റെ അകമഴിഞ്ഞ പിന്തുണയ്ക്ക് കെഎച്ച്എ പ്രസിഡണ്ട് ജിജൂ അപ്പുക്കുട്ടൻ നന്ദി അറിയിച്ചു.

സദ്യയുടെ ഒരുക്കങ്ങൾക്കായി അമ്പതിലധികം വാളണ്ടിയർമാർ ആത്മാർത്ഥമായി പ്രവർത്തിച്ചതായും ആഘോഷം വിജയകരമാക്കുന്നതിനായി ഏകദേശം പത്ത് പേരടങ്ങുന്ന സംഘം ആഴ്ചകളായി അശ്രാന്തം പ്രവർത്തിച്ചതായും അദ്ദേഹം പറഞ്ഞു.

വൈകിട്ട് നാല് മണിയോടെ അമേരിക്കൻ-ഇന്ത്യൻ ദേശീയ ഗാനങ്ങൾ ആലപിച്ചു കൊണ്ടാണ് ആഘോഷങ്ങൾക്ക് സമാപനമായത്. കേരളത്തിന്റെ തനത് പാരമ്പര്യവും സാംസ്കാരിക പൈതൃകവും കാത്തുസൂക്ഷിക്കുന്നതിനൊപ്പം അരിസോണയിലെ പ്രവാസി സമൂഹത്തിന്റെ ശക്തമായ പിന്തുണയും സഹകരണ മനോഭാവവും വിളിച്ചോതിയ അവിസ്മരണീയമായ ഓണാഘോഷമായിരുന്നു ഇത്.



















# കേന്ദ്ര ധനകാര്യമന്ത്രി നിർമ്മല സീതാരാമന് ചിക്കാഗോയിൽ സ്വീകരണം നല്കി

ചിക്കാഗോ: അമേരിക്കയിൽ നടക്കുന്ന ധനകാര്യമന്ത്രിമാരുടെ ജി-20 സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയ കേന്ദ്ര ധനകാര്യമന്ത്രി നിർമ്മല സീതാരാമന് ചിക്കാഗോയിൽ സ്വീകരണം നല്കി. ചിക്കാഗോ ഇന്ത്യൻ കോൺസുലേറ്റാണ് സ്വീകരണയോഗവും ഡിന്നറും ഒരുക്കിയത്. ചിക്കാഗോയിലെ ഇന്ത്യൻ സമൂഹത്തിലെ പ്രമുഖരായ 150 പേരെയാണ് ഈ സ്വീകരണച്ചടങ്ങിലേക്ക് ക്ഷണിച്ചത്. മലയാളികളെ പ്രതിനിധീകരിച്ച് ഇന്ത്യൻ എൻജിനിയേഴ്സ് അസോസിയേഷൻ പ്രസിഡണ്ടും യുഎസ് ടെക്ടേറേണിക്സിന്റെ പ്രസിഡണ്ടുമായ ഗ്ലാഡ്സൺ വർഗീസ്, ഫോമാ മുൻ വൈസ് പ്രസിഡണ്ട് സണ്ണി വള്ളിക്കളം, മുൻ ചിക്കാഗോ സേർജന്റ് ഓഫ് പോലീസ് ടോമി മേത്തിപ്പാറ എന്നിവർ സംബന്ധിച്ചു.

കേന്ദ്രമന്ത്രി അവരുടെ പ്രസംഗത്തിൽ 2026-ൽ ഇന്ത്യ കൈവരിച്ച കാര്യങ്ങൾ നിരത്തി പറഞ്ഞു. ഏറ്റവും പ്രധാനമായത് 7.6 ശതമാനം ജിഡിപി ഗ്രോത്ത് നേടിയതാണ്. 2026-ൽ യുദ്ധങ്ങൾ തുടങ്ങി പല പ്രശ്നങ്ങളുടെ നടുവിലാണ് ഈ നേട്ടം കൈവരിച്ചത്. 2025-ൽ അത് 7.1 ശതമാനം ആയിരുന്നു. കാനഡയിലും ചിക്കാഗോയിലും വിവിധ കമ്പനികളുടെ സിഇഒമാരുമായി ചർച്ച നടത്തി, അവരെ ഇന്ത്യയിലേക്ക് ബിസിനസ് തുടങ്ങുവാൻ ക്ഷണിക്കുകയും ചെയ്തു.

ജി-20 മീറ്റിങ്ങിൽ അമേരിക്കയിലെ ധനകാര്യ സെക്രട്ടറി സ്കോട്ട് ബസന്റുമായും മറ്റു രാജ്യങ്ങളിലെ ധനകാര്യ സെക്രട്ടറിമാരുമായും വിവിധ ചർച്ചകൾ നടത്തും. ഇന്ത്യയിൽ വിവിധ വ്യവസായങ്ങൾ വളർത്തുവാനും എംപ്ലോയ്മെന്റ് കൂട്ടുവാനും സഹായകരമായ സാഹചര്യം ഉണ്ടാകുമെന്ന് മന്ത്രി പറഞ്ഞു. കേന്ദ്രമന്ത്രി മലയാളികൾക്ക് നല്ലൊരു ഓണം ആശംസകൾ നേരുകയുണ്ടായി. കോൺസുലർ ജനറൽ സോമനാഥ് ഘോഷ്, ചിക്കാഗോ കോൺസുലേറ്റിന്റെ പരിധിയിൽ 9 അമേരിക്കൻ സ്റ്റേറ്റുകളാണുള്ളത്. ഏതാണ്ട് 800,000 ഇന്ത്യക്കാരുണ്ടെന്നും അദ്ദേഹം അറിയിച്ചു. കോൺഗ്രസ്മാൻ രാജാ കൃഷ്ണമൂർത്തി തന്റെ പ്രസംഗത്തിൽ അമേരിക്കൻ കോൺഗ്രസിൽ ഇപ്പോൾ 6 കോൺഗ്രസ്മാൻമാർ ഉണ്ടെന്നും അമേരിക്കയിലെ മൊത്തം ഡോക്ടർമാരിൽ പത്ത് ശതമാനം ഇന്ത്യക്കാർ ആണെന്നും അറിയിച്ചു.



# ചിക്കാഗോയിൽ സംയുക്ത പെന്തെക്കോസ് കൺവൻഷനും ആരാധനയും സെപ്റ്റംബർ 18 മുതൽ

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: ഇവിടുത്തെ വിവിധ പെന്തെക്കോസ്ത് സഭകളുടെ സംയുക്ത പ്രവർത്തന വേദിയായ ഫെലോഷിപ്പ് ഓഫ് പെന്തെക്കോസ്തൽ ചർച്ചസ് ഇൻ ചിക്കാഗോയുടെയും അതിന്റെ യുവജന വിഭാഗമായ ചിക്കാഗോ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ 18-ന് വെള്ളി മുതൽ 20-ന് ഞായർ വരെ സംയുക്ത കൺവൻഷനും ആരാധനയും നടക്കും.



റവ.ഡോ. ഒ.എം. രാജുകുട്ടി



പാസ്റ്റർ സ്റ്റീവ് ജോൺസ്

ഡബ്ല്യു.എം.ഇ സഭകളുടെ അന്തർദ്ദേശീയ പ്രസിഡണ്ട് റവ.ഡോ. ഒ.എം. രാജുകുട്ടി, പാസ്റ്റർ സ്റ്റീവ് ജോൺസ് എന്നിവർ മുഖ്യാതിഥികളായിരിക്കും. വെള്ളിയാഴ്ച വൈകിട്ട് ആറര മണിക്ക് ആരംഭിക്കുന്ന പ്രഥമ യോഗം ഗിൽഗാൽ പെന്തെക്കോസ്തൽ അസംബ്ലിയിൽ വെച്ചായിരിക്കും. ശനിയാഴ്ച വൈകിട്ട് ആറര മണിക്കും ഞായറാഴ്ച രാവിലെ ഒമ്പതര മണിക്കും ലൈൽസിൽ ഉള്ള ബെനഡിക്ടൻ യൂണിവേഴ്സിറ്റിയുടെ ഓഡിറ്റോറിയത്തിലാണ് സമ്മേളനം നടക്കുന്നത്.

സിസിഎഫ്, എഫ്പിസിസി ക്വയർ പ്രയിസ് ആൻഡ് വർഷിപ്പിന് നേതൃത്വം നല്കും. ഞായറാഴ്ച രാവിലെ നടക്കുന്ന ആരാധനായോഗത്തിൽ വിശുദ്ധ തിരുവത്താഴ ശുശ്രൂഷയും ഉണ്ടായിരിക്കും. മലയാളത്തിലും ഇംഗ്ലീഷിലും വെവ്വേറെ സമ്മേളനങ്ങളാണ് ഈ വർഷം ക്രമീകരിച്ചിരിക്കുന്നത്. എഫ്പിസിസി കൺവീനർമാരായ പാസ്റ്റർ സേവിയർ ജെയിംസ്, പാസ്റ്റർ എം.ജി. ജോൺസൺ, സിസിഎഫ് പ്രസിഡണ്ട് ബിനോയി ചാക്കോ എന്നിവർ നേതൃത്വം നല്കും. 16 പ്രാദേശിയ സഭകളുടെ സംയുക്ത പ്രവർത്തന വേദിയാണ് എഫ്പിസിസി.

# 22-ാം സരസ്വതി അവാർഡ്സ് ഒക്ടോബർ 11-ന് ന്യൂയോർക്കിൽ

ജോജോ തോമസ്

ന്യൂയോർക്ക്: അമേരിക്കയിൽ വളരുന്ന ഇന്ത്യൻ വംശജരുടെ കുട്ടികളെ സംഗീതവും നൃത്തവും പ്രോത്സാഹിപ്പിക്കുന്ന സരസ്വതി അവാർഡ്സിന്റെ 22-ാം സരസ്വതി അവാർഡ്സിനുള്ള മത്സരങ്ങൾ ഒക്ടോബർ 11-ന് ന്യൂയോർക്കിലെ ഫ്ളോറൽ പാർക്കിലുള്ള ടൈസൺ സെന്ററിൽവെച്ച് നടത്തുന്നു. ശാസ്ത്രീയസംഗീതം, ഭരതനാട്യം, ഉപകരണസംഗീതം എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ നടക്കുക. 5 വയസ് മുതൽ 18 വയസ് വരെ പ്രായപരിധിയിൽ പ്രീജൂണിയർ, സബ്ജൂണിയർ, ജൂണിയർ, സീനിയർ എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് പ്രോത്സാഹന ട്രോഫി നല്കി ആദരിക്കുന്നു. വിജയികൾക്ക് സരസ്വതി അവാർഡും മെഡലും സർട്ടിഫിക്കറ്റും സമ്മാനിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള സംഗീത-നൃത്ത വിദ്യാർത്ഥികൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക. ഇ-മെയിൽ: saraswathiawards@gmail.com. ജോജോ തോമസ് 516 455 9739, മരിയ ഉണ്ണി 516 424 1853, മാത്യു സിറിയക് 516 454 1311, സെബാസ്റ്റ്യൻ തോമസ് 516 476 1697, ഡോ. അശോക് കുമാർ 516 243 8640, സിറാജ് സിറാജുദ്ദീൻ 267 258 5282, ബി. അരവിന്ദാക്ഷൻ 516 616 0233,












## DOULOS BIBLICAL SEMINARY

26 വർഷങ്ങൾക്ക് മുമ്പ് ദൈവകൃപയിൽ ആശ്രയിച്ച് വെച്ചൂച്ചിറയിൽ ആരംഭിച്ച പ്രസ്തുത സെമിനാരിയുടെ അടുത്ത സെമസ്റ്റർ **സെപ്റ്റംബർ ആദ്യ ആഴ്ചയിൽ** ആരംഭിക്കുകയാണ് ഇതിനോടകമായി രണ്ടായിരത്തിലധികം വേദവിദ്യാർഥികളെ ദൈവ വചനം അഭ്യസിപ്പിക്കുവാൻ ദൈവം കൃപ ചെയ്തു.

ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള ക്ലാസുകൾ ആത്മീയരും സമർപ്പിതരും വചന പണ്ഡിതരുമായ അദ്ധ്യാപകർ കൈകാര്യം ചെയ്യുന്നു.

**Pr. Dr. O.M. RAJUKUTTY** (Chairman WME)
**Pr. Dr. B. VARGHESE** (Former Principal, FTS Manakala)
**Pr. Dr. JOHN. K. MATHEW** (Former Vice Principal, India Bible College, Kumbanad)
**Pr. Dr. SUJU JOHN** (Former Principal, Mount Zion Bible Seminary, Mulakkuzha)
**Pr. P. T. THOMAS** (Well Known Bible Scholar)

എന്നിവരെ കൂടാതെ പ്രശസ്ത വേദാധ്യാപകരായ
**Pr. Dr. BINU ALUMOOTTIL, Pr.REJI MOOLEDOM,**
**Pr. Dr. ALLEN PALLIVADAKKAN, Pr. Dr. BIJU EAPEN,**
**Pr. Dr. LALACHAN ABRAHAM, Pr. Y. DANIEL,**
**Pr.JAMES ABRAHAM, Pr. MONCY MAMMEN, Pr.JOMON JACOB,**
**Pr. JOHN MAMMEN, Pr. JAI THOMAS, Pr. A. T JOHNSON,**
**Pr. P. S CHERIAN, Pr. SYALAN CHACKO**
തുടങ്ങിയവരും ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.

Pr. SHINTO JOHNSON, Pr. SAJAN SAMUEL,
Br. RAJAN Ariyappallil, Evg. BENNY Kochuvadakel,
Br. PETER MATHEW Valliath എന്നിവർ ബോർഡ് മെമ്പേഴ്സ് ആയി സേവനം ചെയ്യുന്നു.

**ഞാൻ ആരെ അയക്കേണ്ടു ?**
**ആർ നമുക്ക് വേണ്ടി പോകും ?**
യെശയ്യാവ് 6: 8

# MIDWEST
WINDOWS & DOORS




**MIDWEST WINDOWS DOORS & SIDING**
www.mymidwestwindows.com

Free Estimate Please contact
**RAJU NADUVETTIL**
Cell: 773 474 9566 | Email: rajuabm@gmail.com

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



FOR BOOKING

| | | |
|---|---|---|
| **ABRAHAM THANNIKARI** | **JENNI THANNIKARI** | **SOBHANA** |
| +1346- 285-1633 | +1713-280-8688 | +91 965 616 8399 |
| athannikari@hotmail.com | | |

# ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ് ഓണം ആഘോഷിച്ചു

ഹൂസ്റ്റൺ: ഇൻഡസ് ലയൺസ് ക്ലബ് അംഗങ്ങൾ ഓഗസ്റ്റ് 29-ന് ശനിയാഴ്ച സ്റ്റാഫോർഡിലെ മാക്സ് ഫ്യൂഷൻ റെസ്റ്റോറന്റിൽ ആഘോഷങ്ങളും വൈവിധ്യമാർന്ന വിനോദങ്ങളുമായി ഓണം ആഘോഷിച്ചു. ഓണാഘോഷത്തോടൊപ്പം നടത്തിയ ലൈൻസ് ക്ലബ് മീറ്റിംഗിന്റെ തുടക്കത്തിൽ ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബ്ബും അതിന്റെ അംഗങ്ങളും തോമസ് അഗസ്റ്റിനും

**ശങ്കരൻകുട്ടി, ഹൂസ്റ്റൺ**


(കുഞ്ഞ്) കുടുംബത്തിനും അദ്ദേഹത്തിന്റെ ഭാര്യ ലിസി തോമസിന്റെ അകാല വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. ലിസി തോമസിന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കാൻ അംഗങ്ങൾ പ്രാർത്ഥിച്ചു.



ലയൺസ് ക്ലബ് പ്രസിഡണ്ട് ബോസ് കുര്യൻ അർത്ഥസമ്പുഷ്ടമായ ഓണസന്ദേശം നല്കി. പങ്കുവെക്കലിന്റെയും കരുതലിന്റെയും പ്രാധാന്യം ഊന്നിപ്പറഞ്ഞ് ലയൺസ് ക്ലബുകളുടെ എക്കാലത്തെയും മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ലയൺസ് ക്ലബും സമൃദ്ധിയുടെയും കരുതലിന്റെയും ആദർശങ്ങൾ ആവശ്യമുള്ളവർക്ക് എങ്ങനെ എത്തിക്കുന്നുവെന്ന് വിശദീകരിച്ചു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ആവശ്യമുള്ളവർക്ക് നല്കുന്നതിനും ഒരുമിച്ച് പ്രവർത്തിക്കാൻ അംഗങ്ങളോട് ആവശ്യപ്പെട്ടു. ഹൂസ്റ്റണിലെ ഏറ്റവും പ്രമുഖനായ പേഴ്സണൽ ഇൻജുറി ട്രയൽ അറ്റോർണിയും ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബിന്റെ ദീർഘകാല പിന്തുണക്കാരനുമായ തോമസ് ഡാനിയേൽ, റോയൽ ഓക്സ് ലയൺസ് ക്ലബ് പ്രസിഡണ്ട് ലയണസ് എമി നിസിയാൻസിയൻ എന്നിവർ ഓണാഘോഷങ്ങൾക്ക് ആശംസകൾ അർപ്പിക്കുകയും ഇൻഡസ് ലയൺസ് ക്ലബ് അംഗങ്ങൾ ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് അവരെ അഭിനന്ദിക്കുകയും സെപ്റ്റംബർ 27-ന് വരാനിരിക്കുന്ന ഫ്ലൂ വാക്സിനേഷൻ ഡ്രൈവ് ഉൾപ്പെടെയുള്ള ഇൻഡസ് ലയൺസ് ക്ലബിന്റെ വിവിധ കമ്യൂണിറ്റി പദ്ധതികൾക്ക് പൂർണ്ണഹൃദയത്തോടെ പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു.




ട്രെയിലറുകളിൽ താമസിക്കുന്ന വികലാംഗർക്ക് റാമ്പ് നിർമാണം, ഭവനരഹിതർക്ക് ഭക്ഷണവിതരണം തുടങ്ങിയവ പ്രധാന പരിപാടികളാണ്. ഹൂസ്റ്റണിലെ ഫുഡ് ബാങ്ക് വെയർഹൗസിൽ ഹൂസ്റ്റൺ ഫുഡ് ബാങ്ക് ഫുഡ് പായ്ക്ക് തയ്യാറാക്കുന്നതിനായി 12-18 വയസ്സിനിടയിലുള്ള യുവാക്കൾക്കായി ലയൺസ് ക്ലബായ പുതിയ ലിയോ ക്ലബിന്റെ നിർദ്ദിഷ്ട പ്രവർത്തനങ്ങളെക്കുറിച്ച് ഹൂസ്റ്റൺ ഫൗണ്ടേഷൻ ലിയോ ക്ലബ് അംഗം ജോഷ്വ കുര്യൻ വിശദീകരിച്ചു. വയോജന പരിചരണ കേന്ദ്രങ്ങളിലുള്ള വൃദ്ധരെ സന്ദർശിക്കുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്യുക, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് സൗജന്യ ട്യൂട്ടറിംഗ്, മറ്റ് ചാരിറ്റി വളണ്ടിയർ പ്രവർത്തനങ്ങൾ എന്നിവ ഉടൻ ആരംഭിക്കുക ഹൂസ്റ്റൺ ഇൻഡസ് ലയൺസ് ക്ലബിന്റെ സ്പോൺസർഷിപ്പിൽ യുവാക്കൾക്കിടയിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിൽ നല്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി രൂപീകരിച്ച ലിയോ ക്ലബിൽ വിവിധ സമൂഹങ്ങളിൽ നിന്നുള്ള ഏകദേശം 20 കുട്ടികൾ ചേർന്നു. ക്ലബ് അംഗങ്ങളും കുടുംബങ്ങളും വൈവിധ്യമാർന്ന വിനോദപരിപാടികൾ അവതരിപ്പിച്ചു. പങ്കെടുത്ത എല്ലാവരും ഓണം ആസ്വദിച്ചു. ഇതുപോലെ മറക്കാനാവാത്ത ഒരുമയുടെയും സന്തോഷത്തിന്റെയും അനുഭവമായി അടുത്ത ഓണം എത്രയും വേഗം സമാഗമമാകട്ടെ എന്ന പ്രാർത്ഥനയോടെ ആഘോഷം പര്യവസാനിച്ചു.




## ഫെയ്ത്ത് ടാബർനാക്കിൾ വാർഷിക കൺവൻഷൻ സെപ്റ്റംബർ 11 മുതൽ 13 വരെ

**പ്രസാദ് തീയാടിക്കൽ**

അലൻ (ടെക്സസ്): ഫെയ്ത്ത് ടാബർനാക്കിളിന്റെ ആനുവൽ കൺവൻഷൻ 2026 സെപ്റ്റംബർ 11 മുതൽ 13 വരെ ടെക്സസിലെ അലനിൽ നടക്കും. മൂന്നു ദിവസങ്ങളിലായി നടക്കുന്ന ആത്മീയ സമ്മേളനത്തിൽ വചനശുശ്രൂഷയും ആരാധനയും ഉണ്ടായിരിക്കും.

പാസ്റ്റർ ഫെയ്ത്ത് ബ്ലെസ്സൺ മുഖ്യപ്രഭാഷകനായി ദൈവവചനം ശുശ്രൂഷിക്കും. ഫിന്നി ബെൻ ജോസ് ആരാധനാ ശുശ്രൂഷകൾക്ക് നേതൃത്വം നല്കും.

സെപ്റ്റംബർ 11-ന് വെള്ളിയാഴ്ച വൈകിട്ട് 7 മണിക്കും 12-ന് ശനിയാഴ്ച വൈകിട്ട് 6.30-നും 13-ന് ഞായറാഴ്ച രാവിലെ 9.30-നും യോഗങ്ങൾ നടക്കും വേദി: Faith Tabernacle, 200 W Bovd Drive, Allen TX 75013.

സഭയുടെ സീനിയർ പാസ്റ്റർ ഫിന്നി വർഗീസാണ്, കൂടുതൽ വിവരങ്ങൾക്ക് 945 248 6513 എന്ന നമ്പറിലോ സെക്രട്ടറി നോബിൾ വർഗീസ് 214 733 6331 എന്ന നമ്പറിലോ ബന്ധപ്പെടാം.

## തെരഞ്ഞെടുപ്പ് ജനാധിപത്യ സൂചികയിൽ ഇന്ത്യയ്ക്ക് 106-ാം സ്ഥാനം

ന്യൂഡൽഹി: ആഗോള ജനാധിപത്യ സൂചികയിൽ ഇന്ത്യയ്ക്കു വൻ തിരിച്ചടി. സ്വീഡനിലെ വി-ഡെം ഇൻസ്റ്റിറ്റ്യൂട്ട് തയാറാക്കിയ 2025-ലെ ഇലക്ടറൽ ഡെമോക്രസി ഇൻഡക്സിൽ 179 രാജ്യങ്ങളിൽ 106-ാം സ്ഥാനത്താണ് ഇന്ത്യ. 1975-ന് ശേഷമുള്ള രാജ്യത്തിന്റെ ഏറ്റവും താഴ്ന്ന റാങ്കാണിത്. 0.38 ആണ് ഇന്ത്യയുടെ സ്കോർ.

ഇന്ത്യയിൽ 2009 മുതൽ സ്വേച്ഛാധിപത്യപ്രവണത വളർന്നുവരുന്നുണ്ടെന്ന് വി-ഡെം അഭിപ്രായപ്പെടുന്നു. അതിനാൽ കസാക്കിസ്ഥാൻ, പാകിസ്ഥാൻ എന്നിവയ്ക്കൊപ്പം ഇന്ത്യയെയും തെരഞ്ഞെടുപ്പ് സ്വേച്ഛാധിപത്യ വിഭാഗത്തിലാണ് വി-ഡെം ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഇന്ത്യയിലെ അഭിപ്രായസ്വാതന്ത്ര്യത്തിലും മാധ്യമസ്വാതന്ത്ര്യത്തിലുമുള്ള ഇടിവ്, സർക്കാരിനെ വിമർശിക്കുന്ന മാധ്യമപ്രവർത്തകരെ ഉപദ്രവിക്കൽ, സർക്കാരിതര സമൂഹത്തിനും പ്രതിപക്ഷ ഗ്രൂപ്പുകൾക്കും നേരേയുള്ള ആക്രമണങ്ങൾ എന്നിവയാണ് ജനാധിപത്യ തകർച്ചയ്ക്കു പ്രധാന കാരണങ്ങളായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്.









# ആയിരത്തിലേറെ പേർ പങ്കെടുത്ത എൻഎസ്എസ് ചിക്കാഗോയുടെ ഓണാഘോഷം ശ്രദ്ധേയമായി

**ജയൻ മുളങ്ങാട്**



ചിക്കാഗോ: കേരളത്തിന്റെ തനിമയും പാരമ്പര്യവും സംസ്കാരവും കൂട്ടായ്മയും നിറഞ്ഞുനിന്ന അവിസ്മരണീയ സായാഹ്നത്തിന് ചിക്കാഗോ സാക്ഷിയായി. എൻഎസ്എസ് ചിക്കാഗോയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓണാഘോഷത്തിൽ ആയിരത്തിലേറെ പേർ പങ്കെടുത്തു. വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികൾ ആസ്വദിക്കുകയും വിഭവസമൃദ്ധമായ പരമ്പരാഗത ഓണസദ്യയിൽ പങ്കുചേരുകയും ചെയ്തതോടെ ആഘോഷം ചിക്കാഗോ മലയാളി സമൂഹത്തിന്റെ ശ്രദ്ധേയമായ ഒത്തുചേരലായി മാറി.

മനോഹരമായ പൂക്കളത്തോടെയാണ് ആഘോഷത്തിന് തുടക്കം കുറിച്ചത്. തുടർന്ന് അരങ്ങേറിയ 65-ലധികം വനിതകളുടെ തിരുവാതിര പരിപാടിക്ക് പ്രത്യേക ശ്രദ്ധനേടി. നീല സെറ്റ് മുണ്ടണിഞ്ഞ് ഏകോപിതമായി ചുവടുവെച്ച വനിതകളുടെ സംഘാവതരണം സദസ്സിന് മനോഹരമായ ദൃശ്യവിരുന്നായി.

തുടർന്ന് നിരവധി വൈവിധ്യമാർന്ന കലാപരിപാടികളാണ് അരങ്ങേറിയത്. നൃത്തവും സംഗീതവും നാടൻ കലാരൂപങ്ങളും കുട്ടികളുടെയും മുതിർന്നവരുടെയും വിവിധ അവതരണങ്ങളും ഉൾപ്പെട്ട സാംസ്കാരിക പരിപാടികൾ സദസ്സിനെ ആവേശത്തിലാഴ്ത്തി. കേരളത്തിന്റെ കലാ-സാംസ്കാരിക പൈതൃകത്തെ അമേരിക്കൻ മണ്ണിൽ പുതിയ തലമുറയിലേക്ക് പകരാനുള്ള ശ്രമങ്ങൾ പരിപാടികളിലുടനീളം പ്രകടമായി.

ഇതിനിടയിൽ ശ്രദ്ധേയമായ അവതരണമായിരുന്നു കുട്ടികൾ അവതരിപ്പിച്ച 'സർഗവർണം'. കേരളീയ പാരമ്പര്യവും സംസ്കാരവും മനോഹരമായി അവതരിപ്പിച്ച കുട്ടികൾ അമ്മമാരോടൊപ്പം റാംപിൽ അണിനിരന്നത് തലമുറകളെ ബന്ധിപ്പിക്കുന്ന മനോഹരമായ നിമിഷമായി. പുതുതലമുറയെ കേരളത്തിന്റെ സംസ്കാരവുമായി കൂടുതൽ അടുപ്പിക്കുന്ന ഈ ആശയം സ്വപ്ന സുജിത്തിന്റെ നേതൃത്വത്തിലാണ് യാഥാർത്ഥ്യമായത്.

ആഘോഷത്തിന്റെ ഏറ്റവും ശ്രദ്ധേയമായ അവതരണങ്ങളിലൊന്നായിരുന്നു ദേവി ജയന്റെ സംവിധാനത്തിൽ അരങ്ങിലെത്തിയ 'ചന്ദ്രമുഖി' എന്ന നൃത്താവിഷ്കാരം. തലമുറകളായി സ്ത്രീകളുടെ കഥകൾ നഷ്ടത്തിന്റെയും ത്യാഗത്തിന്റെയും പരാജയത്തിന്റെയും കണ്ണിലൂടെ മാത്രം പറയപ്പെട്ടതിനെ ഈ അവതരണം ചോദ്യം ചെയ്തു. ചന്ദ്രമുഖി ഉന്നയിക്കുന്ന ചോദ്യങ്ങൾ രാധ, സീത, പാഞ്ചാലി, ഊർമിള തുടങ്ങിയ ഇതിഹാസ കഥാപാത്രങ്ങളിലേക്ക് എത്തുന്നു. എന്നാൽ, ഈ സ്ത്രീകൾ തങ്ങളുടെ കഥകളുമായി എത്തുമ്പോൾ പ്രേക്ഷകർക്ക് മറ്റൊരു കാഴ്ചപ്പാട് മുന്നിൽവന്നു. അവർ വെറും ഇരകളായിരുന്നില്ല. സ്വന്തം ശക്തിയും തീരുമാനങ്ങളും യാത്രകളും വിജയങ്ങളുമുള്ള സ്ത്രീകളായിരുന്നു. പരാജയമായി പറയപ്പെട്ട കഥകളെ അതിജീവനത്തിന്റെയും ശക്തിയുടെയും ഒടുവിൽ വിജയത്തിന്റെയും കഥകളായി കാണാമെന്ന ശക്തമായ സന്ദേശമാണ് ചന്ദ്രമുഖി നല്കിയത്.

നൃത്തം, സംഗീതം, ദൃശ്യാവിഷ്കാരം എന്നിവ സമന്വയിപ്പിച്ച അവതരണം സദസ്സിനെ ആഴത്തിൽ സ്പർശിച്ചു. തുടർന്ന് പികെ പ്രൊഡക്ഷൻസ് അവതരിപ്പിച്ച 'മ്യൂസിക് മോജോ' സംഗീത പരിപാടിയും സദസ്സിന്റെ പ്രത്യേക ശ്രദ്ധനേടി. ചിക്കാഗോയിലെ പ്രതിഭാധനരായ ഗായകരുടെ കഴിവുകൾ മനോഹരമായി വേദിയിലെത്തിച്ച പരിപാടി മികച്ച സംഗീതാനുഭവമാണ് പ്രേക്ഷകർക്ക് സമ്മാനിച്ചത്.

സാംസ്കാരിക പരിപാടികൾക്ക് സമാപനം കുറിച്ചത് വിഭവസമൃദ്ധമായ പരമ്പരാഗത ഓണസദ്യയോടെയായിരുന്നു. വിവിധ വിഭവങ്ങൾക്കൊപ്പം മൂന്ന് തരത്തിലുള്ള പായസവും ഉൾപ്പെടുത്തിയ സദ്യ ആയിരത്തിലേറെ വരുന്ന സദസ്സിന് ഓണത്തിന്റെ തനത് രുചി സമ്മാനിച്ചു. ചിക്കാഗോയുടെ ഏറ്റവും മികച്ച ഓണസദ്യകളിലൊന്നായി ഇതു മാറി.

വേദിയിൽ നിറഞ്ഞുനിന്ന കലാകാരന്മാർ മുതൽ പിന്നണിയിൽ പ്രവർത്തിച്ച സംഘാടകരും സന്നദ്ധ പ്രവർത്തകരും ഉൾപ്പെടെ വിവിധ മേഖലകളിൽ പ്രവർത്തിച്ച എല്ലാവരും ചേർന്ന കൂട്ടായ പരിശ്രമമാണ് ഈ വലിയ ആഘോഷത്തിന്റെ വിജയത്തിനു പിന്നിൽ.

കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും ആഘോഷിക്കുന്നതിനൊപ്പം പുതുതലമുറയിലേക്ക് അത് കൈമാറുകയും ചിക്കാഗോയിലെ മലയാളി സമൂഹത്തിന്റെ കൂട്ടായ്മയും ശക്തിയും വിളിച്ചോതുകയും ചെയ്ത എൻഎസ്എസ് ചിക്കാഗോയുടെ ഓണാഘോഷം ഏറെക്കാലം ഓർമ്മിക്കാവുന്ന ഒരു മനോഹര സായാഹ്നമായി മാറി.















# പ്രതീക്ഷകളോടെ യു. ഡി. എഫ്. സർക്കാർ
# കെ. പി. സി. സി. വൈസ് പ്രസിഡന്റ് അഡ്വ. ജെയ്സൺ ജോസഫ്

**അഭിമുഖം:** തയ്യാറാക്കിയത്: **ജോസ് കണിയാലി**

കോൺഗ്രസിന്റെ വിദ്യാർത്ഥി പ്രസ്ഥാനമായ കെഎസ്‌യുവിലൂടെ രാഷ്ട്രീയരംഗത്ത് സജീവമായെത്തി, സംഘടനാ പ്രവർത്തനത്തിന്റെ വിവിധ തലങ്ങളിലൂടെ വളർന്ന് കെ.പി.സി.സി. വൈസ് പ്രസിഡന്റ് എന്ന സുപ്രധാന ചുമതല വരെ എത്തിയ നേതാവാണ് അഡ്വ. ജെയ്സൺ ജോസഫ്. കെഎസ്‌യുവിന്റെ സംസ്ഥാന പ്രസിഡന്റായിരിക്കെ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ ശ്രദ്ധേയമായ നേതൃത്വം കാഴ്ചവെച്ച അദ്ദേഹം, പിന്നീട് കോൺഗ്രസ് സംഘടനാ നേതൃത്വത്തിലും സജീവ സാന്നിധ്യമായി മാറി. രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം മാധ്യമരംഗത്തും വ്യക്തമായ ഇടപെടലുകൾ നടത്തിയ അഡ്വ. ജെയ്സൺ ജോസഫ്, കോൺഗ്രസിന്റെ മുഖപത്രമായ വീക്ഷണം ദിനപത്രത്തിന്റെ മാനേജിംഗ് ഡയറക്ടറും എഡിറ്ററുമായും പ്രവർത്തിക്കുന്നു.

സംഘടനാ പ്രവർത്തനത്തിന്റെ അനുഭവവും രാഷ്ട്രീയത്തിലെ വിവിധ തലങ്ങളിലെ ഇടപെടലുകളും മാധ്യമരംഗത്തെ പ്രവർത്തന പരിചയവും അഡ്വ. ജെയ്സൺ ജോസഫിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകൾക്ക് കൂടുതൽ വിശാലമായ പശ്ചാത്തലം നൽകുന്നു. കോൺഗ്രസിന്റെ ഇന്നത്തെ അവസ്ഥ, പാർട്ടി നേരിടുന്ന വെല്ലുവിളികൾ, സംഘടനയുടെ ഭാവി, കേരള രാഷ്ട്രീയത്തിലെ പുതിയ മാറ്റങ്ങൾ തുടങ്ങി നിരവധി വിഷയങ്ങളിൽ അദ്ദേഹത്തിന്റെ നിലപാടുകൾ ഏറെ ശ്രദ്ധേയമാണ്. കേരളാ എക്സ്പ്രസിന് നൽകിയ അഭിമുഖത്തിലൂടെ കേരളാ രാഷ്ട്രീയത്തിലെ അനുഭവങ്ങളെയും സമകാലിക സംഭവവികാസങ്ങളെയും സ്വന്തം കാഴ്ചപ്പാടിലൂടെ വിലയിരുത്തുന്നു.

**(പൂഞ്ഞാർ എം.എൽ.എ. അഡ്വ. സെബാസ്റ്റ്യൻ എം.ജെ (അഡ്വ. സജി ജോസഫ്), കുന്നത്തുനാട് എം.എൽ.എ. വി.പി. സജീന്ദ്രൻ, ഫൊക്കാന ജനറൽ സെക്രട്ടറി സന്തോഷ് നായർ എന്നിവരും സന്നിഹിതരായിരുന്നു.)**

**രാഷ്ട്രീയത്തിലേക്ക് വരാനുണ്ടായ സാഹചര്യം?**

സ്കൂൾ കാലഘട്ടത്തിൽ തന്നെ രാഷ്ട്രീയത്തിൽ സജീവമായിരുന്നു. കെ എസ് യുവിന്റെ സജീവ പ്രവർത്തകനായി യൂണിറ്റ് കമ്മിറ്റി പ്രസിഡന്റായാണ് തുടക്കം. കോളേജിലെത്തിയപ്പോഴും കോളേജ് യൂണിറ്റ് കമ്മിറ്റി പ്രസിഡന്റായി പ്രവർത്തിച്ചു. മണിമലക്കുന്ന് ഗവൺമെന്റ് കോളജിലായിരുന്നു കോളജ് വിദ്യാഭ്യാസം. തുടർന്ന് എറണാകുളത്ത് ഗ്രാജുവേഷൻ പഠനത്തിന് എത്തിയപ്പോൾ കെഎസ്‌യുവിന്റെ യൂണിവേഴ്സിറ്റി കൗൺസിലറായും പ്രവർത്തിച്ചു.

യൂണിറ്റ് തലത്തിൽ തുടങ്ങി താലൂക്ക് വൈസ് പ്രസിഡന്റ്, താലൂക്ക് പ്രസിഡന്റ് എന്നീ ചുമതലകളും വഹിച്ചു. പിന്നീട് കെ എസ് യു എറണാകുളം ജില്ലാ വൈസ് പ്രസിഡന്റും ജില്ലാ ജനറൽ സെക്രട്ടറിയുമായി. 1988-89 കാലഘട്ടത്തിൽ മഹാത്മാഗാന്ധി സർവകലാശാല യൂണിയന്റെ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. 1989 അവസാനത്തോടെ കെഎസ്‌യു സംസ്ഥാന പ്രസിഡന്റായിരുന്ന കെ.സി. വേണുഗോപാലിനൊപ്പം കെഎസ്‌യു സംസ്ഥാന വൈസ് പ്രസിഡന്റായി പ്രവർത്തിക്കാനുള്ള അവസരവും ലഭിച്ചു. അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞത് രാഷ്ട്രീയ ജീവിതത്തിലെ ഏറെ സന്തോഷകരമായ അനുഭവമായിരുന്നു.

തുടർന്ന് ദേശീയ തലത്തിൽ എൻഎസ്‌യുവിലും പ്രവർത്തിച്ചു. എൻഎസ്‌യുവിന്റെ നാഷണൽ വർക്കിംഗ് കമ്മിറ്റി അംഗമായിരുന്നു. എൻഎസ്‌യു ഐയുടെ ഭരണഘടനാ പുനഃപരിശോധനയ്ക്കായി രൂപീകരിച്ച കമ്മിറ്റിയുടെ ചെയർമാനായും പ്രവർത്തിച്ചു. പിന്നീട് കെ.പി.സി.സി. സെക്രട്ടറിയായി. രണ്ട് തവണ കെ.പി.സി.സി. സെക്രട്ടറിയായതിന് ശേഷം കെ.പി.സി.സി. ജനറൽ സെക്രട്ടറിയുടെ ചുമതലയും വഹിച്ചു. ഇപ്പോൾ കെപിസിസി വൈസ് പ്രസിഡന്റായി പ്രവർത്തിച്ചുവരികയാണ്.





**കോൺഗ്രസിന്റെ സംഘടനാ സംവിധാനത്തിൽ വർഷങ്ങളുടെ അനുഭവസമ്പത്തുള്ള ഒരാളാണ് ജെയ്സൺ. പാർലമെന്ററി രംഗത്തേക്ക് അവസരം ലഭിച്ചിരുന്നില്ലേ?**

2011-ലാണ് ആദ്യമായി പാർലമെന്ററി രംഗത്തേക്ക് മത്സരിക്കാൻ പാർട്ടി അവസരം നൽകിയത്. എന്റെ വീട് സ്ഥിതി ചെയ്യുന്ന നിയോജകമണ്ഡലം കൂത്താട്ടുകുളം പ്രദേശത്തിനടുത്തായിരുന്നു. പക്ഷേ, അന്ന് പാർട്ടി എന്നെ പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ സ്ഥാനാർഥിയായാണ് നിയോഗിച്ചത്. എന്നാൽ ആ തിരഞ്ഞെടുപ്പിൽ 3,323 വോട്ടുകൾക്ക് ഞാൻ പരാജയപ്പെട്ടു. അതിനുശേഷം തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള മറ്റൊരു അവസരം ലഭിച്ചിട്ടില്ല.

**യുഡിഎഫ് സർക്കാർ പത്ത് വർഷത്തിനുശേഷം വീണ്ടും അധികാരത്തിലെത്തിയിരിക്കുകയാണ്. സർക്കാരിന്റെ ജനക്ഷേമ പ്രവർത്തനങ്ങളും നയങ്ങളും ജനങ്ങളിലെത്തിക്കുന്നതിൽ കോൺഗ്രസിന്റെ മുഖപത്രമായ വീക്ഷണത്തിനും ഒരു പ്രധാന ദൗത്യമുണ്ടല്ലോ. ആ ഉത്തരവാദിത്വം ഇപ്പോൾ എങ്ങനെയാണ് നിർവഹിക്കുന്നത്?**

മാധ്യമരംഗം തന്നെ വലിയ മാറ്റങ്ങളിലൂടെ കടന്നുപോകുന്ന കാലമാണിത്. പ്രത്യേകിച്ച് അച്ചടി മാധ്യമരംഗം വലിയ പ്രതിസന്ധി നേരിടുകയാണ്. വീക്ഷണം കേരളത്തിലെ ഒന്നാം നിരയിലുള്ള ഒരു പത്രമല്ലെങ്കിലും, അതിൽ പ്രസിദ്ധീകരിക്കുന്ന വാർത്തകളും നിലപാടുകളും ലേഖനങ്ങളും പൊതുസമൂഹത്തിൽ ശ്രദ്ധിക്കപ്പെടുന്നുണ്ട്. ഭരണപക്ഷത്തായാലും പ്രതിപക്ഷത്തായാലും കോൺഗ്രസിന്റെ മുഖപത്രം എന്ന നിലയിൽ വീക്ഷണത്തിലെ വാർത്തകൾക്കും നിലപാടുകൾക്കും സ്വാഭാവികമായും കൂടുതൽ ശ്രദ്ധ ലഭിക്കുന്നുണ്ട്. ആ ഉത്തരവാദിത്വം ഉൾക്കൊണ്ടുകൊണ്ടു തന്നെയാണ് ഞങ്ങൾ പ്രചാരണ-മാധ്യമ രംഗത്ത് മുന്നോട്ടുപോകുന്നത്.

അതേസമയം, വീക്ഷണത്തിന് ഇനിയും ഒരുപാട് വളരാനുള്ള സാധ്യതയുണ്ട്. നിലവിൽ തിരുവനന്തപുരവും കൊച്ചിയും കണ്ണൂരും കോഴിക്കോടുമായി നാല് എഡിഷനുകളാണ് വീക്ഷണത്തിനുള്ളത്. ഓൺലൈൻ രംഗത്തും പത്രം സജീവമായി മുന്നോട്ടുപോകുന്നുണ്ട്. സോഷ്യൽ മീഡിയയിലും വീക്ഷണം അതിന്റേതായ സാന്നിധ്യം ശക്തമായി നിലനിർത്തുന്നുണ്ട്.

പുതിയ തലമുറയിലേക്ക് വാർത്തകളും ആശയങ്ങളും എത്തിക്കുന്ന രീതിയിലും വലിയ മാറ്റങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആ മാറ്റങ്ങൾ ഉൾക്കൊണ്ട്, കാലത്തിനനുസരിച്ച് വീക്ഷണത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടത്തിവരുന്നത്.

**പുതിയ യു.ഡി.എഫ്. സർക്കാരിനെക്കുറിച്ച് പൊതുവെയുള്ള പ്രതീക്ഷകൾ ഏറെയാണ്. കേരളത്തിന്റെ വികസനത്തിലും പുതിയ തലമുറയുടെ പ്രതീക്ഷകളിലും സർക്കാർ എന്ത് മാറ്റമാണ് കൊണ്ടുവരേണ്ടത്?**

തീർച്ചയായും, യുഡിഎഫ് സർക്കാരിന്റേത് നല്ലൊരു തുടക്കമാണെന്നാണ് ഞാൻ വിലയിരുത്തുന്നത്. തുടർന്നു വരുന്ന ഭരണകൂടങ്ങൾ അനുവർത്തിച്ചു പോകുന്ന പതിവ് രീതികൾക്കപ്പുറം കേരളത്തിന്റെ സമഗ്രമായ വികസനത്തിനും പുതിയ തലമുറയ്ക്ക് പ്രതീക്ഷ നൽകുന്ന പദ്ധതികൾക്കും മുൻഗണന നൽകണമെന്നാണ് കോൺഗ്രസും യുഡിഎഫും ആഗ്രഹിക്കുന്നത്. അതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ഒരു പുതിയ സർക്കാർ അധികാരത്തിലെത്തിയ ഉടൻ അതിന്റെ പ്രവർത്തനങ്ങളെ പൂർണമായി വിലയിരുത്തുക സാധ്യമല്ല. കുറഞ്ഞത് ആറുമാസമെങ്കിലും കഴിയുമ്പോഴാണ് സർക്കാരിന്റെ പ്രവർത്തനങ്ങളും നയങ്ങളും കൂടുതൽ കൃത്യമായി വിലയിരുത്താൻ സാധിക്കുക. എന്നാൽ തുടക്കത്തിൽ തന്നെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സമൂഹത്തെ കാർന്നുതിന്നുന്ന ലഹരി പോലുള്ള വലിയ സാമൂഹിക വിപത്തുകൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനും സർക്കാർ നടത്തുന്ന ഇടപെടലുകൾ ശ്രദ്ധേയമാണ്.

**യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തുമ്പോൾ മത-സാമുദായിക നേതാക്കളുടെ ഇടപെടലുകൾ കൂടുതൽ ശക്തമാകുന്നു എന്നൊരു പൊതുവായ വിമർശനമുണ്ട്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലിരിക്കുമ്പോൾ ഇത്തരം ഇടപെടലുകൾ കുറവാണെന്നും പറയപ്പെടുന്നു. ഈ വിമർശനത്തെ എങ്ങനെ കാണുന്നു?**

കഴിഞ്ഞ കാലഘട്ടത്തിൽ ഇക്കാര്യത്തിൽ രണ്ട് മുന്നണികളും ഒരു പരിധി വരെ മത്സരിച്ചിരുന്നുവെന്നത് യാഥാർഥ്യമാണ്. അതുകൊണ്ടുതന്നെ മത - സാമുദായിക നേതാക്കളുടെ ഇടപെടലുകൾ ചില ഘട്ടങ്ങളിൽ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ കാര്യമായി സ്വാധീനിച്ചിരുന്ന ഒരു കാലവുമുണ്ടായിരുന്നു. എന്നാൽ ആ കാലം മാറിയെന്നാണ് ഞാൻ കരുതുന്നത്.

മത - സാമുദായിക നേതാക്കൾ പറയുന്നതനുസരിച്ച് മാത്രം വോട്ട് ചെയ്യുന്നവരല്ല കേരളത്തിലെ ജനങ്ങൾ എന്ന് കഴിഞ്ഞ കുറെ തെരഞ്ഞെടുപ്പുകളിലെ ഫലങ്ങൾ തന്നെ വ്യക്തമാക്കുന്നുണ്ട്. ജനങ്ങൾ സ്വന്തം രാഷ്ട്രീയ നിലപാടുകളും വികസന കാഴ്ചപ്പാടുകളും വിലയിരുത്തിയാണ് ഇന്ന് വോട്ട് ചെയ്യുന്നത്.

മത-സാമുദായിക നേതാക്കളെ ഞങ്ങൾ ബഹുമാനിക്കുകയും അവരുടെ സാമൂഹിക ഇടപെടലുകളെ മാനിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ആവശ്യമില്ലാത്ത രാഷ്ട്രീയ വിഷയങ്ങളിൽ അവർ ഇടപെടുന്നത് ശരിയല്ല എന്നതാണ് ഞങ്ങളുടെ നിലപാട്.

തെരഞ്ഞെടുപ്പിന് മുമ്പുതന്നെ യുഡിഎഫ് ഇക്കാര്യത്തിൽ വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ആ നിലപാട് തന്നെയാണ് ഇനിയും മുന്നോട്ടു കൊണ്ടുപോകുന്നത്.

**കെ.പി.സി.സി. പ്രസിഡന്റ് ഉൾപ്പെടെയുള്ള പ്രധാന സംഘടനാ ഭാരവാഹികളുടെ നിയമനത്തിൽ തീരുമാനമെടുക്കാൻ കോൺഗ്രസിൽ വലിയ കാലതാമസം ഉണ്ടാകുന്നു എന്ന വിമർശനമുണ്ട്. ഹൈക്കമാൻഡിനെ അമിതമായി ആശ്രയിക്കുന്ന രീതിയിലേക്ക് സംഘടനാ സംവിധാനം മാറിയെന്നും അതിനാൽ താഴെത്തട്ടിലുള്ള സംഘടനാ പ്രവർത്തനങ്ങൾ പഴയതുപോലെ സജീവമല്ലെന്നും അഭിപ്രായമുണ്ട്. ഇക്കാര്യത്തിൽ മാറ്റമുണ്ടാകേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ?**

കോൺഗ്രസ് ഒരു ദേശീയ പാർട്ടിയാണ്. അതുകൊണ്ടുതന്നെ ദേശീയ തലത്തിൽ രൂപപ്പെടുത്തിയിട്ടുള്ള ഒരു സംവിധാനത്തിന് അനുസരിച്ചാണ് പാർട്ടിക്ക് പ്രവർത്തിക്കാൻ കഴിയുക. കേരളത്തിലെ കോൺഗ്രസിൽ ഇന്ന്



ഗ്രൂപ്പ് താൽപര്യങ്ങൾക്കപ്പുറം നേതൃത്വത്തിന് പല വിഷയങ്ങളിലും വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടാകാം. ആ അഭിപ്രായങ്ങളെല്ലാം കേൾക്കുകയും കൃത്യമായി വിലയിരുത്തുകയും ചെയ്തശേഷമാണ് അന്തിമ തീരുമാനത്തിലേക്ക് പോകേണ്ടത്. അതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ദേശീയ നേതൃത്വത്തിന്റെ തിരക്കുകളും തീരുമാനങ്ങൾ വൈകുന്നതിനുള്ള ഒരു കാരണമാണ്. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ ഒരേസമയം നിരവധി രാഷ്ട്രീയ സാഹചര്യങ്ങളെയും സംഘടനാ വിഷയങ്ങളെയും ദേശീയ നേതൃത്വം നേരിടുന്നുണ്ട്. അടുത്തിടെ ദേശീയ തലത്തിൽ നടന്ന വിവിധ സമരങ്ങളിലടക്കം രാഹുൽ ഗാന്ധി നേരിട്ട് നേതൃത്വം നൽകുന്ന ശക്തമായ രാഷ്ട്രീയ ഇടപെടലുകൾക്ക് കോൺഗ്രസ് നേതൃത്വം നൽകിക്കൊണ്ടിരിക്കുകയാണ്. അതിനൊപ്പം വിവിധ സംസ്ഥാനങ്ങളിലെ രാഷ്ട്രീയ സാഹചര്യങ്ങളും സംഘടനാ തീരുമാനങ്ങളും പരിഗണിക്കേണ്ടിവരുന്നുണ്ട്.

അതിനാൽ ചില തീരുമാനങ്ങളിൽ സ്വാഭാവികമായ കാലതാമസം ഉണ്ടാകുന്നുണ്ട്. എന്നാൽ കേരളത്തിലെ സംഘടനാ വിഷയങ്ങളിൽ പരമാവധി വേഗത്തിൽ തീരുമാനങ്ങൾ എടുക്കണമെന്ന നിലപാട് തന്നെയാണ് ദേശീയ നേതൃത്വത്തിനുള്ളത്. കേരളത്തിലെ കാര്യങ്ങൾ വൈകിക്കൊണ്ടുപോകണമെന്ന ഒരു സമീപനം ഹൈക്കമാൻഡിനില്ല. പരമാവധി വേഗത്തിൽ തീരുമാനങ്ങൾ എടുത്ത് സംഘടനയെ കൂടുതൽ സജീവമാക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

**ഈ അമേരിക്കൻ സന്ദർശനത്തിൽ ഇവിടുത്തെ മലയാളികളുടെ ജീവിതരീതി നേരിൽ കണ്ടല്ലോ. അവരുടെ കഠിനാധ്വാനത്തെക്കുറിച്ച് എന്താണ് തോന്നിയത്?**

അമേരിക്കൻ മലയാളികളുടെ കഠിനാധ്വാനവും സത്യസന്ധതയും എന്നെ ഏറെ ആകർഷിച്ച കാര്യങ്ങളാണ്. അതോടൊപ്പം മതത്തിന്റെയും ജാതിയുടെയും അതിർവരമ്പുകൾക്കപ്പുറമുള്ള വലിയൊരു കൂട്ടായ്മയും ഇവിടുത്തെ മലയാളികൾക്കിടയിലുണ്ട്. എവിടെയായിരുന്നാലും അവർ നാടിനെ എന്നും സ്നേഹിക്കുകയും കേരളവുമായി ശക്തമായൊരു ബന്ധം കാത്തുസൂക്ഷിക്കുകയും ചെയ്യുന്നു.

പ്രത്യേകിച്ച് പുതിയ തലമുറയെ കാണുമ്പോൾ ഏറെ സന്തോഷം തോന്നുന്നു. ഇവിടെ ജനിച്ചുവളരുന്ന മലയാളികളുടെ മക്കൾ, അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊക്കെ ഇംഗ്ലീഷാണ് പ്രധാനമായും ഉപയോഗിക്കുന്നതെങ്കിലും, ബുദ്ധിമുട്ടുകൾക്കിടയിലും മലയാളം പഠിക്കാനും സംസാരിക്കാനും ശ്രമിക്കുന്നു. അതുപോലെ തന്നെ നമ്മുടെ കലാരൂപങ്ങളും അവർ വലിയ താൽപര്യത്തോടെ മുന്നോട്ടു കൊണ്ടുപോകുന്നു. പല സുഹൃത്തുക്കളുടെയും വീടുകളിൽ പോകുമ്പോൾ മുതിർന്ന കുട്ടികൾ പോലും ഇപ്പോഴും നൃത്തവും മറ്റ് കലാരൂപങ്ങളും പഠിക്കുന്നതായി കാണാൻ കഴിഞ്ഞു. അവരുടെ കലാതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിലും വളർത്തിയെടുക്കുന്നതിലും മാതാപിതാക്കൾ വലിയ ശ്രദ്ധ നൽകുന്നുണ്ട്.

ഇത്തവണത്തെ ഫൊക്കാന പരിപാടിയിലും അതിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങൾ കാണാൻ കഴിഞ്ഞു. ആയിരക്കണക്കിന് വനിതകൾ പങ്കെടുത്ത മോഹിനിയാട്ടം പോലെയുള്ള പരിപാടിയും ചെണ്ടമേളവും വലിയ ശ്രദ്ധ നേടിയിരുന്നു. ഗിന്നസ് വേൾഡ് റെക്കോർഡിൽ ഇടം നേടിയ ഈ പരിപാടികൾ മലയാളികൾ കേരളത്തെയും കേരളത്തിന്റെ സംസ്കാരത്തെയും എത്രത്തോളം ഹൃദയത്തിൽ സൂക്ഷിക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവുകളാണ്.

നാടിന്റെ മണ്ണിൽനിന്ന് ആയിരക്കണക്കിന് മൈലുകൾ അകലെയാണെങ്കിലും, കേരളത്തിന്റെ ഭാഷയും സംസ്കാരവും കലാരൂപങ്ങളും അടുത്ത തലമുറയിലേക്ക് കൈമാറാൻ അമേരിക്കൻ മലയാളികൾ നടത്തുന്ന ശ്രമം തീർച്ചയായും ഏറെ അഭിമാനവും സന്തോഷവും നൽകുന്ന കാര്യമാണ്.

**നാട്ടിൽ അധ്വാനിക്കാൻ മടിക്കുന്നവരെന്ന് തോന്നുന്ന പല ചെറുപ്പക്കാരും വിദേശത്ത് എത്തിയാൽ വളരെ അധ്വാനശീലരായി മാറുന്നത് കാണാം. അതിനെക്കുറിച്ച് എന്താണ് തോന്നുന്നത്?**

അത് ഒരുപക്ഷേ നമ്മുടെ ചെറുപ്പക്കാരുടെ കഴിവിന്റെയോ അധ്വാനശീലത്തിന്റെയോ കുറവുകൊണ്ടല്ല, അവർക്ക് ലഭിക്കുന്ന സാഹചര്യങ്ങളുടെ വ്യത്യാസം കൊണ്ടാണ്. വിദേശത്ത് എത്തിയാൽ സ്വന്തം ജീവിതം കെട്ടിപ്പടുക്കണമെങ്കിൽ അധ്വാനിച്ചേ മതിയാകൂ എന്നൊരു തിരിച്ചറിവ് സ്വാഭാവികമായും ഉണ്ടാകുന്നു. അവിടെ അവസരങ്ങളുണ്ട്, പക്ഷേ ആ അവസരങ്ങൾ പ്രയോജനപ്പെടുത്തണമെങ്കിൽ കഠിനാധ്വാനം ചെയ്യണം. അതുകൊണ്ടുതന്നെ നമ്മുടെ ചെറുപ്പക്കാർ അവിടെ ഏത് ജോലിയായാലും അതിനെ ബഹുമാനത്തോടെ കാണുകയും ആത്മാർത്ഥമായി അധ്വാനിക്കുകയും ചെയ്യുന്നു.

അമേരിക്കയിലോ മറ്റ് വിദേശരാജ്യങ്ങളിലോ എത്തിയ മലയാളികളെ കാണുമ്പോൾ പലപ്പോഴും നമ്മൾ മനസ്സിലാക്കുന്നത് അവർ വളരെ കൃത്യനിഷ്ഠയോടെയും ഉത്തരവാദിത്വത്തോടെയും ജോലി ചെയ്യുന്നവരാണെന്നാണ്. അതിൽനിന്ന് ഒരു കാര്യം നമുക്ക് മനസ്സിലാക്കാം അധ്വാനിക്കാനുള്ള കഴിവ് നമ്മുടെ ചെറുപ്പക്കാർക്കുണ്ട്. അവർക്ക് നാട്ടിലും അതിനനുസരിച്ചുള്ള അവസരങ്ങളും സാഹചര്യങ്ങളും പ്രോത്സാഹനവും ഒരുക്കിക്കൊടുക്കാൻ നമുക്ക് കഴിയണം.

വിദേശത്ത് എത്തിയാൽ ജീവിതത്തോട് കൂടുതൽ ഉത്തരവാദിത്വബോധം ഉണ്ടാകുന്നതും അതിന്റെ ഒരു കാരണമാണ്. സ്വന്തം ഭാവിയും കുടുംബത്തിന്റെ ഭാവിയും സുരക്ഷിതമാക്കണമെന്ന ലക്ഷ്യത്തോടെ അവർ കൂടുതൽ കഠിനമായി പരിശ്രമിക്കുന്നു. അതേ മനോഭാവവും അധ്വാനസംസ്കാരവും നമ്മുടെ നാട്ടിലും വളർത്തിയെടുക്കാൻ കഴിഞ്ഞാൽ കേരളത്തിന്റെ വികസനത്തിനും അത് വലിയൊരു ശക്തിയായി മാറും.

അതുകൊണ്ട് നമ്മുടെ ചെറുപ്പക്കാർ അധ്വാനിക്കാൻ മടിയുള്ളവരാണെന്ന് പൊതുവായി പറയുന്നതിനേക്കാൾ, അവരുടെ കഴിവുകളും അധ്വാനശേഷിയും നാട്ടിൽ തന്നെ പ്രയോജനപ്പെടുത്താൻ കഴിയുന്ന സാഹചര്യം എങ്ങനെ സൃഷ്ടിക്കാം എന്നതാണ് നമ്മൾ ചിന്തിക്കേണ്ടത്.

# ശ്രീനാരായണ മിഷൻ സെന്റർ വാഷിങ്ടൺ ഡിസിയിൽ ഗുരുദേവ ജയന്തിയും ഓണാഘോഷവും നടത്തി

സിൽവർ സ്പ്രിങ്, മേരിലാൻഡ്: വാഷിങ്ടൺ ഡിസി ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ ശ്രീനാരായണ സംഘടനയായ ശ്രീനാരായണ മിഷൻ സെന്റർ (എസ്എൻഎംസി) 172-ാമത് ശ്രീനാരായണ ഗുരുദേവ ജയന്തിയും ഓണാഘോഷവും വിപുലമായ പരിപാടികളോടെ ആഘോഷിച്ചു.



സിൽവർ സ്പ്രിങ്ങിലെ ഒഡേസ്സ ഷന്നോൺ മിഡിൽ സ്കൂളിൽ നടന്ന ചടങ്ങിൽ ജാതിമത ഭേദമെന്യേ നിരവധി പേർ പങ്കെടുത്തു. വിഭവസമൃദ്ധമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്.

തുടർന്ന് ചെണ്ടമേളത്തിന്റെ അകമ്പടിയോടെ നടന്ന വർണാഭമായ ജയന്തി ഘോഷയാത്രയും വിവിധ കലാ-സാംസ്കാരിക പരിപാടികളും അരങ്ങേറി. പ്രായഭേദമെന്യേ കുടുംബാംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ, അതിമനോഹരമായ തിരുവാതിര, ഫ്യൂഷൻ ഡാൻസ്. കുട്ടികളുടെയും മുതിർന്നവരുടെയും ഗാന-നൃത്താവതരണങ്ങൾ തുടങ്ങിയ പരിപാടികൾക്ക് മാറ്റ്കൂട്ടി.

പാർവതി അഭിലാഷ് ആലപിച്ച ദൈവദശകം ശ്രദ്ധേയമായി. ഈ വർഷം ആരംഭിച്ച ഗുരുഗീതം പ്രാർത്ഥനാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടന്ന ഗുരുദേവ കീർത്തനാലാപനവും സദസ്സിന്റെ ശ്രദ്ധ നേടി.

ചടങ്ങിൽ സ്വാഗതപ്രസംഗം നടത്തിയ മിഷൻ സെന്റർ പ്രസിഡണ്ട് സന്ദീപ് പണിക്കർ ഓണമെന്ന മധുരമനോഹരമായ ഓർമ്മ നമ്മളിലേക്ക് പകർന്നുതരുന്ന സന്ദേശത്തെക്കുറിച്ചും സങ്കല്പത്തിൽ മാത്രമുള്ള അത്തരം ഒരു നല്ല സമൂഹത്തെ വളർത്തിയെടുക്കാൻ അന്നത്തെ സാമൂഹിക വ്യവസ്ഥിതിയിൽ ഗുരുദേവൻ ചെയ്ത പ്രവർത്തനങ്ങളെക്കുറിച്ചും ഗുരുദേവ ആശയങ്ങൾക്ക് ഈ കാലഘട്ടത്തിലെ പ്രസക്തിയെക്കുറിച്ചും സംസാരിച്ചു.




അടുത്തിടെ ചെണ്ടമേളത്തിലും മോഹിനിയാട്ടത്തിലും നടത്തിയ പ്രകടനങ്ങളിലൂടെ ഗിന്നസ് വേൾഡ് റെക്കാർഡിൽ ഇടം നേടിയ മിഷൻ സെന്റർ കുടുംബാംഗങ്ങളെ ചടങ്ങിൽ പൊന്നാട അണിയിച്ച് ആദരിച്ചു. ഈ വർഷം വിവിധ വിദ്യാലയങ്ങളിൽ നിന്ന് ബിരുദം നേടിയ വിദ്യാർത്ഥികൾക്കുള്ള പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. മിഷൻ സെന്റർ സെക്രട്ടറി സജീവ് സദാനന്ദൻ നന്ദിപ്രകാശനം നടത്തി. അനിൽകുമാറും ഷീബ സുമേഷും പരിപാടിയുടെ എംസിമാരായി പ്രവർത്തിച്ചു.

# പാസഡീന മലയാളി അസോസിയേഷന്റെ ഓണാഘോഷം പ്രൗഢഗംഭീരമായി

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നല്കി സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന പാസഡീന മലയാളി അസോസിയേഷൻ (പിഎംഎ) ഓണാഘോഷം വിവിധ കലാപരിപാടികളോടെ പ്രൗഢഗംഭീരമായി സംഘടിപ്പിച്ചു. ഓഗസ്റ്റ് 29-ന് ശനിയാഴ്ച രാവിലെ ട്രിനിറ്റി മാർത്തോമ്മാ ചർച്ച് ഹാളിൽ നടന്ന ആഘോഷത്തിൽ നിരവധി കുടുംബങ്ങളും അംഗങ്ങളും പങ്കെടുത്തു.



നൃത്തച്ചുവടുകളുമായി മാവേലിയുടെ എഴുന്നള്ളത്ത്, താലപ്പൊലി, വെഞ്ചാമരം, മുത്തുക്കുടകൾ, പുലികളി, ചെണ്ടമേളം തുടങ്ങിയ പരമ്പരാഗത ഓണക്കാഴ്ചകൾ ആഘോഷത്തിനു വർണപ്പകിട്ടേകി. തിടമ്പും വെഞ്ചാമരങ്ങളും കുടകളും ചൂടിയ. ഗജവീരന്മാരുടെ കട്ടൗട്ടുകളും വേദിയുടെയും ആഘോഷപരിസരത്തിന്റെ ആകർഷണമായി.

വിവിധ നൃത്തപരിപാടികളും സ്കിറ്റുകളും ഉൾപ്പെടെയുള്ള കലാപരിപാടികൾ സദസ്സിന്റെ കൈയടി നേടി. പിഎംഎയുടെ ചുണക്കുട്ടികൾ തുഴഞ്ഞ അതിഗംഭീര വള്ളംകളി ഓണാഘോഷത്തിലെ ഏറ്റവും ശ്രദ്ധേയമായ പരിപാടികളിലൊന്നായി മാറി. ആവേശകരമായ വള്ളംകളി കാണികളെ ഏറെ ആകർഷിച്ചു.

പിഎംഎ പ്രസിഡണ്ട് റിച്ചാർഡ് സ്കറിയയുടെ നേതൃത്വത്തിൽ നടന്ന ആഘോഷത്തിന്റെ വിജയത്തിനായി സെക്രട്ടറി കൂടിയായ പ്രോഗ്രാം കോ-ഓർഡിനേറ്റർ ജോമോൻ ജേക്കബ്, വൈസ് പ്രസിഡണ്ട് ഈശോ ഏബ്രഹാം, ട്രസ്റ്റി വിൽസൺ ജോൺ എന്നിവരും കമ്മിറ്റി അംഗങ്ങളായ തോമസ് ഉമ്മൻ, ജോൺ ജോസഫ് (ബാബു), ഫെലിക്സ്, ബ്രൂണോ കൊറേയ, ജോമി, ആന്റണി, റോബിൻ, ബിജോ ചാക്കോ എന്നിവരും സജീവമായി പ്രവർത്തിച്ചു.

കമ്മിറ്റി അംഗങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും കൂട്ടായ പരിശ്രമവും അംഗങ്ങളുടെ മികച്ച സഹകരണവുമാണ് ഓണാഘോഷം ഇത്രയും ഗംഭീരമായി നടത്താൻ സഹായിച്ചതെന്ന് ഭാരവാഹികൾ അറിയിച്ചു. കേരളത്തിന്റെ തനത് ഓണക്കാല പാരമ്പര്യങ്ങളും സൗഹൃദവും ഒരുമയും വിളിച്ചോതിയ ആഘോഷം പങ്കെടുത്ത എല്ലാവർക്കും മറക്കാനാകാത്ത അനുഭവമായി. വിഭവസമൃദ്ധമായ ഓണസദ്യ ഏവരും ആസ്വദിച്ചു.



# ഫോമാ കൺവൻഷൻ വിജയം; പ്രസിഡണ്ട് ബേബി മണിക്കുന്നേലിനെ ആദരിച്ചു



**ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഫോമാ ദേശീയ കൺവൻഷൻ ഹൂസ്റ്റണിൽ വിജയകരമായി സംഘടിപ്പിക്കുന്നതിന് മികച്ച നേതൃത്വം നല്കിയ ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേലിനെ അഭിനന്ദിക്കുന്നതിനും ആദരിക്കുന്നതിനുമായി ഓഗസ്റ്റ് 30 - ന് ഞായറാഴ്ച വൈകുന്നേരം അപ്നാ ബസാർ ഓഡിറ്റോറിയത്തിൽ ഹൂസ്റ്റൺ സംഘാടക സമിതി പ്രത്യേക യോഗം സംഘടിപ്പിച്ചു.

കൺവൻഷൻ വിജയത്തിൽ ബേബി മണക്കുന്നേലിന്റെ നേതൃത്വവും അർപ്പണബോധവും നിർണായക പങ്കു വഹിച്ചതായി യോഗത്തിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ ക്ഷമ, വിനയം, എല്ലാവരെയും ഒരുമിച്ച് നയിക്കാനുള്ള കഴിവ് എന്നിവയെ പ്രഭാഷകർ പ്രത്യേകം പ്രശംസിച്ചു. വിവിധ മേഖലകളിൽ നിന്നുള്ളവരെ ഒരുമിപ്പിച്ചു മികച്ച രീതിയിൽ കൺവൻഷൻ സംഘടിപ്പിക്കാൻ അദ്ദേഹത്തിന്റെ നേതൃത്വഗുണങ്ങൾ സഹായിച്ചതായും അവർ ചൂണ്ടിക്കാട്ടി. അദ്ദേഹത്തോടൊപ്പം കൺവൻഷന്റെ വിജയത്തിനായി കഠിനാദ്ധ്വാനം ചെയ്ത മുഴുവൻ ടീം അംഗങ്ങളെയും യോഗത്തിൽ ആദരിച്ചു.

സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഡിസ്ട്രിക്ട് ജഡ്ജി സുരേന്ദ്രൻ കെ. പട്ടേൽ, ജഡ്ജി ജൂലി മാത്യു, പോലീസ് ക്യാപ്റ്റൻ മനു പൂപ്പാറയിൽ എന്നിവരുൾപ്പെടെ നിരവധി പ്രമുഖർ യോഗത്തിൽ പങ്കെടുത്തു. ബേബി മണക്കുന്നേലിന് മെമെന്റോയും പൊന്നാടയും നല്കി ആദരിച്ചു.

ഫോമാ നാഷണൽ കമ്മിറ്റി അംഗം ജിജു കുളങ്ങര യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. മീറ്റിംഗിന്റെ പ്രധാന സംഘാടകനും കൺവൻഷൻ റിസപ്ഷൻ കമ്മിറ്റി ചെയർമാനുമായിരുന്ന ജോയ് എൻ. സാമുവൽ അതിഥികളെയും സന്നിഹിതരായവരെയും സ്വാഗതം ചെയ്തു. ഫോമാ മുൻ സെക്രട്ടറിയും മുൻ ട്രഷററുമായ ഷാജി എഡ്വേർഡ് പരിപാടിയുടെ എംസിയായി പ്രവർത്തിച്ചു.

ഫോമാ ദേശീയ കൺവൻഷന്റെ മഹത്തായ വിജയത്തിനായി വിവിധ കമ്മിറ്റികളിലൂടെ നിർണായക സംഭാവനകൾ നല്കിയ മുൻനിര പ്രവർത്തകരെയും സന്നദ്ധപ്രവർത്തകരെയും ചടങ്ങിൽ ആദരിച്ചു.

രാജൻ യോഹന്നാൻ - സെക്യൂരിറ്റി ചെയർ, രാജേഷ് മാത്യു - ട്രാൻസ്പോർട്ടേഷൻ ചെയർ, സൈമൺ വളാച്ചേരിൽ & ജീമോൻ റാന്നി - മീഡിയ ചെയർ & കോ ചെയർ, പ്രസാദ് ഉമ്മൻ - ബിസിനസ് ഫോറം ചെയർ & ജോൺ ഡബ്ല്യു.



വർഗീസ്, ഡോ. റെയ്ന റോക്ക് - ഹെൽത്ത് ഫെയർ ചെയർ & കൺവൻഷൻ എംസി, മൈക്കിൾ ജോയ് - പുതുതായി തെരഞ്ഞെടുക്കപ്പെട്ട റീജിയണൽ ആർവിപി ക്രിസ് ആൻഡ് ആൻസി (കൺവൻഷൻ എംസി), സാജൻ ആൻഡ് മെർലിൻ (കൺവൻഷൻ എംസി), സുരേഷ് രാമകൃഷ്ണൻ (അപ്ന ബസാർ), ജോർജ് തോമസ് (ബാബു - ടിജിഎം പ്രസ്), ഡോ. സാം ജോസഫ് (ഫോമാ പത്താം വാർഷികം ആർവിപി).

കൺവൻഷന്റെ ഭക്ഷണക്രമീകരണങ്ങൾക്ക് ചുക്കാൻ പിടിച്ച എസ്.കെ. ചെറിയാനെ പ്രത്യേകം അഭിനന്ദിച്ചു.

സാലി ശാമുവേലും സിൽവിയ ഷാജിയും ചേർന്ന് ആനി ഫിലിപ്പ് മണക്കുന്നേലിന് ഹാരമണിയിച്ചു.

തനിക്കു ലഭിച്ച അഭിനന്ദനങ്ങൾക്കും ആദരവിനും മറുപടി പറഞ്ഞ ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ കൺവൻഷന്റെ വിജയത്തിനായി പിന്തുണയും സഹകരണവും നല്കിയ എല്ലാവർക്കും നന്ദി അറിയിച്ചു.

അനിൽ ആറന്മുള, ഏബ്രഹാം ഈപ്പൻ, അഡ്വ.മാത്യു വൈരമൺ, സണ്ണി കാരിക്കൽ, സുനിൽ കോര & റാണി, ജോർജ് കോളാച്ചേരിൽ, രമേശ് അത്തിയോടി, ലിജി ഉമ്മൻ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ച് സംസാരിച്ചു.

ഫോമാ സ്ഥാപക പ്രസിഡണ്ട് ശശിധരൻ നായർ, കൺവൻഷൻ ചെയർ സുബിൻ കുമാരൻ, തോമസ് ഓലിയാംകുന്നേൽ & പൊടിയമ്മ പിള്ള (പ്രൊസഷൻ നാഷണൽ, റീജിയൻ ചെയർ), നാഷണൽ കമ്മിറ്റി മെംബർ ഇലക്ട് തോമസ് ജോർജ് (സഞ്ജു), ഡെന്നിസ് മാത്യു & സലിൽ മുഹമ്മദ് (സെക്യൂരിറ്റി), ശശി പിള്ള തുടങ്ങിയവരുടെ പ്രവർത്തനങ്ങളെ പ്രത്യേകം ശ്ലാഘിച്ചു.

ജോർജ് തെക്കേമല, മോട്ടി മാത്യു, സജി പുല്ലാട് എന്നിവർ സമ്മേളനത്തിന്റെ മീഡിയ ടീമിന് നേതൃത്വം നല്കി.

ഹൂസ്റ്റണിൽ നടന്ന ഫോമാ ദേശീയ കൺവൻഷൻ അവിസ്മരണീയവും വൻ വിജയവുമാക്കുന്നതിൽ പങ്കുവഹിച്ച എല്ലാവരുടെയും നേതൃത്വത്തിനും കൂട്ടായ പ്രവർത്തനത്തിനും അർപ്പണബോധത്തിനും സമർപ്പണത്തിനുമുള്ള ഉചിതമായ ആദരവായി ചടങ്ങ് മാറി.

നാഷണൽ കമ്മിറ്റി മെംബർ ഇലക്ട് ക്രിസ്റ്റഫർ ജോർജ് നന്ദി പ്രകാശിപ്പിച്ചു. വിഭവസമൃദ്ധമായ ഡിന്നറോടു കൂടി സമ്മേളനം സമാപിച്ചു.





















KERALA EXPRESS പ്രവാസി താളുകൾ

# മിഷിഗൺ മലയാളി അസോസിയേഷന്റെ ഓണാഘോഷം നിറവാർന്ന ഓർമ്മയായി

ജോജി വർഗീസ്

മിഷിഗൺ: മിഷിഗൺ മലയാളി അസോസിയേഷന്റെ (എംഎംഎ) ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഓണാഘോഷം വർണാഭമായ പരിപാടികളോടെ ആഘോഷിച്ചു.

20–ന് ശനിയാഴ്ച 11 മണിക്ക് സെ. മേരീസ് ക്നാനായ ചർച്ച് പാരിഷ് ഹാളിൽ വെച്ചായിരുന്നു ഈ വർഷത്തെ ഓണാഘോഷം നടത്തിയത്.

തോമസ് ജോർജിന്റെ (ചാച്ചി) സ്വാഗതത്തോടെ ആരംഭിച്ച ആഘോഷങ്ങൾക്ക് ജെയ്സ് കണ്ണച്ചാൻപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. തന്റെ പ്രസംഗത്തിൽ ഓണത്തിന്റെ പ്രത്യേകതകളെപ്പറ്റി പുതുതലമുറയെ ഓർമ്മപ്പെടുത്തി. റവ. ജോസ് തറക്കൽ ആശംസയർപ്പിച്ചു.



പ്രോഗ്രാമിന്റെ സ്പോൺസറായിരുന്ന ജോളി റിയൽറ്റർ വിവേക് ജോളിയെ ബിജു നോച്ചയിൽ ചടങ്ങിൽ ആദരിച്ചു. വിനോദ് തോമസ് ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. തുടർന്നും നടക്കുന്ന എംഎംഎയുടെ എല്ലാ പരിപാടികൾക്കും എല്ലാവരുടെയും സഹകരണം ആവശ്യപ്പെട്ടു. ജോജി വർഗീസ് എംസിയായി പ്രവർത്തിച്ചു.

ഗാർഡൻ ഫ്രഷ് കഫേ ഒരുക്കിയ വിഭവസമൃദ്ധമായ ഓണസദ്യ ആഘോഷത്തിനു മാറ്റുകൂട്ടി. സ്നേഹവും സൗഹൃദവും പങ്കുവെച്ച് കുടുംബങ്ങളോടൊപ്പം നിരവധി പേർ ആഘോഷത്തിൽ പങ്കെടുത്തു.

പൂക്കളമൊരുക്കിയും ഓണപ്പാട്ടുകളും വിവിധ കലാപരിപാടികളും അവതരിപ്പിച്ചും ആഘോഷം കൂടുതൽ മനോഹരമാക്കി. കുട്ടികളും മുതിർന്നവരും ഒരുപോലെ ആവേശത്തോടെ പങ്കെടുത്ത വിവിധ പരിപാടികൾ സദസ്സിന്റെ കൈയടി നേടി. മോടൗൺ ഡെട്രോയിട്ടിന്റെ ചെണ്ടമേളം പ്രത്യേകം സദസ്സിന്റെ കൈയടി നേടി.

പരിപാടിയുടെ വിജയത്തിനായി പങ്കെടുത്ത എല്ലാ കുടുംബങ്ങളെയും എംഎംഎ ഭാരവാഹികൾ നന്ദിയോടെ സ്മരിച്ചു. ഒരുമയും സ്നേഹവും നിറഞ്ഞ ആ ഓണദിനം, മിഷിഗണിലെ മലയാളി സമൂഹത്തിന് മനസ്സിൽ സൂക്ഷിക്കാനുള്ള മറ്റൊരു മനോഹര ഓർമ്മയായി മാറി.







# 'വിശ്വാസത്തിന്റെ ഏഴു വാതിലുകൾ' പ്രകാശനം ചെയ്തു

തിരുവനന്തപുരം: ക്രൈസ്തവ വിശ്വാസത്തിന്റെ പാദമുദ്രകൾ തിരുശേഷിപ്പായി തലയുയർത്തി നിൽക്കുന്ന വഴികളിലൂടെ ഡോ. ജോർജ് എം. കാക്കനാട് നടത്തിയ വിശ്വാസ യാത്രയുടെ ഓർമ്മകൾ അടയാളപ്പെടുത്തുന്ന 'വിശ്വാസത്തിന്റെ ഏഴു വാതിലുകൾ' എന്ന ഗ്രന്ഥം പ്രകാശനം ചെയ്തു. ഗ്രന്ഥകാരൻ ഏഴു രാജ്യങ്ങളിലൂടെ നടത്തിയ തീർത്ഥാടനമാണ് ഈ യാത്രാവിവരണ പുസ്തകത്തിന്റെ ഉള്ളടക്കം.

തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ ഡോ. തോമസ് മാർ അത്തനാസിയസ് മെത്രാപ്പോലീത്ത കേന്ദ്ര ഗ്രാമവികസന വകുപ്പിൽ ജോയിന്റ് സെക്രട്ടറിയായി വിരമിച്ച സന്തോഷ് മാത്യു ഐഎഎസിന് ആദ്യപ്രതി നല്കിയാണ് പുസ്തകപ്രകാശനം നിർവഹിച്ചത്. കർദ്ദിനാൾ മാർ ബസേലിയോസ് ക്ലിമ്മീസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങിൽ എഴുത്തുകാരനടക്കം നിരവധി പ്രമുഖർ സന്നിഹിതരായിരുന്നു. ബിഹാർ കേഡറിൽ ചീഫ് സെക്രട്ടറി റാങ്കിൽ വിരമിച്ച ഉദ്യോഗസ്ഥനായ സന്തോഷ് മാത്യു ഐഎഎസ് തിരുവനന്തപുരം പട്ടം ഇടവകാംഗമാണ്.

തുർക്കി മുതൽ അൽബേനിയ വരെയുള്ള ഏഴു രാജ്യങ്ങളിലൂടെയുള്ള യാത്രയാണ് പുസ്തകത്തിന്റെ ഉള്ളടക്കം. സന്തോഷ് ജോർജ് കുളങ്ങരയാണ് പുസ്തകത്തിന്റെ അവതാരിക എഴുതിയിട്ടുള്ളത്. തുർക്കിയുടെ മണ്ണിൽ റോമാ സാമ്രാജ്യത്തിന്റെ ശേഷിപ്പുകളിൽ ഇന്നും മുഴങ്ങിനിൽക്കുന്ന ആദ്യകാല സഭകളുടെ പ്രാർത്ഥനാധ്വനികളിൽ നിന്നാണ് പുസ്തകത്തിന്റെ തുടക്കം. ഗ്രീസിനെ പാറക്കെട്ടുകൾക്ക് മുകളിൽ ദൈവത്തോടടുത്ത് സ്ഥിതി ചെയ്യുന്ന മെറ്റിയോറയിലെ ആശ്രമങ്ങളും അൽബേനിയയിലെയും മറ്റ് കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെയും അതിപുരാതനമായ ദേവാലയങ്ങളും വായനക്കാർക്ക് പുതിയ അനുഭവം പകരുന്നതാണ്.




നൂറ്റാണ്ടുകളിലൂടെ പരീക്ഷണങ്ങളെയും അതിജീവിച്ച് നിലകൊണ്ട ക്രിസ്തീയ വിശ്വാസത്തിന്റെ ആഴമേറിയ ചരിത്രവും അതിന്റെ ജീവസ്സുറ്റ ചൈതന്യവും അനുഭവേദ്യമാകുന്നതാണ് പുസ്തകത്തിന്റെ ഉള്ളടക്കം. ഏഴു രാജ്യങ്ങളിലൂടെയുള്ള സഞ്ചാരം കേവലം ഭൂമിശാസ്ത്രപരമായ ഒരു യാത്ര മാത്രമല്ല മറിച്ച്, വിശ്വാസത്തിന്റെ ഉള്ളറകളിലേക്ക് കടന്നുചെല്ലുന്ന ഒരു തീർത്ഥയാത്രയായിരുന്നുവെന്ന് എഴുത്തുകാരൻ പറയുന്നു. അവിടുത്തെ പ്രാർത്ഥനാന്തരീക്ഷവും ദൈവസാന്നിദ്ധ്യവും നല്കിയ ആത്മീയ വെളിച്ചം വരുംകാല ജീവിതയാത്രയിൽ തനിക്ക് വഴികാട്ടിയാകുമെന്നും അദ്ദേഹം പറഞ്ഞു.

ഗ്രന്ഥകാരൻ ഡോ. ജോർജ് എം. കാക്കനാട്ട്: പത്രപ്രവർത്തകനും എഴുത്തുകാരനുമായ ഡോ. ജോർജ് എം. കാക്കനാട്ട് അമേരിക്കയിൽ താമസിക്കുന്ന പ്രവാസി മലയാളിയാണ്. 'ആഴ്ചവട്ടം' പത്രത്തിന്റെ ചീഫ് എഡിറ്ററായിരുന്നു.

ഇപ്പോൾ ആഴ്ചവട്ടം ഓൺലൈനിന്റെ മുഖ്യപത്രാധിപർ. സൈക്കോതെറാപ്പിസ്റ്റായി ജോലി ചെയ്യുന്നു. യു.എസ്. എയർഫോഴ്സിൽ ക്യാപ്റ്റനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വേൾഡ് മലയാളി കൗൺസിലിന്റെ സ്ഥാപകാംഗങ്ങളിൽ ഒരാൾ. അമേരിക്കയിലെ നിരവധി സാമൂഹിക സാംസ്കാരിക സംഘടനകളുടെ നേതൃസ്ഥാനം വഹിച്ചിട്ടുണ്ട്. ക്ലിനിക്കൽ സൈക്കോളജിയിൽ പിഎച്ച്.ഡി.

പ്രവാസിരത്ന അവാർഡ് അടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. നിലവിൽ സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡണ്ട്, അമേരിക്കയിലെ സീറോ മലങ്കര കത്തോലിക്കാ സഭ രൂപതയിലെ പാസ്റ്ററൽ കൗൺസിൽ അംഗം, നാഷണൽ എക്സ്ചേഞ്ച് ക്ലബ് ബോർഡ് അംഗം, ദി അസോസിയേഷൻ ഓഫ് ഇന്റർനാഷണൽ റിസർച്ചേഴ്സ് ഇന്ത്യൻ ഒറിജിൻ യുഎസ്എ ചാപ്റ്റർ പ്രസിഡണ്ട് തുടങ്ങിയ പദവികൾ വഹിക്കുന്നു. ഡെഡ്ലൈൻ, നിരൂപക പ്രശംസ പിടിച്ചുപറ്റിയ 'മെക്സിക്കോ യാത്രയും അന്വേഷണവും' എന്നീ പുസ്തകങ്ങളുടെ രചയിതാവുമാണ്.

# ഹാരിസ് കൗണ്ടി യൂണിവേഴ്സൽ സർവീസസ് സിഐഒ 100 അവാർഡ് സിന്ധു മേനോന്

ശങ്കരൻകുട്ടി, ഹൂസ്റ്റൺ

ഹൂസ്റ്റൺ: ഹാരിസ് കൗണ്ടി യൂണിവേഴ്സൽ സർവീസസ് 2026-ലെ അഭിമാനകരമായ സിഐഒ 100 അവാർഡ് കൗണ്ടി ചീഫ് ഇൻഫർമേഷൻ ഓഫീസറും എക്സിക്യൂട്ടീവ് ഡയറക്ടറുമായ മലയാളി സിന്ധു മേനോനെ തേടിയെത്തിയതിൽ മലയാളികൾക്ക് അതിയായ സന്തോഷവും ബഹുമാനവും തോന്നുന്നു.

സ്വകാര്യ മേഖലയിൽ വിവരസാങ്കേതിക വിദ്യയിൽ തന്റെ കരിയർ ആരംഭിച്ച സിന്ധു തുടർന്ന് കാനഡയിലെ ഒന്റാറിയോ ഗവൺമെന്റിൽ ഒരു എന്റർപ്രൈസ് ആർക്കിടെക്റ്റായി പൊതുമേഖലയിലേക്ക് മാറി. ഹാരിസ് കൗണ്ടിയിൽ ചേരുന്നതിനു മുമ്പ് സിന്ധു നോർത്ത് കരോലിനയിലെ റാലി നഗരത്തിന്റെയും ടെക്സസിലെ സിറ്റി ഓഫ് കോളജ് സ്റ്റേഷന്റെയും സിഐഒ ആയിരുന്നു. സിന്ധു ഹൂസ്റ്റൺ നഗരത്തിൽ ഇആർപിയുടെ അസിസ്റ്റന്റ് ഡയറക്ടറായും എന്റർപ്രൈസ് ഡാറ്റ ഓഫീസറായും സേവനമനുഷ്ഠിച്ചു. ഐടിയിലെ തന്റെ കരിയറിൽ ധനകാര്യം, നിർമ്മാണം, ഇൻഷുറൻസ്, പൊതുമേഖല എന്നിവയുൾപ്പെടെ എന്നാൽ, അതിൽ മാത്രം ഒതുങ്ങാതെ വിവിധ വ്യവസായങ്ങളിൽ ടെക്നോളജി ടീമുകളെ സിന്ധു നയിച്ചിട്ടുണ്ട്. ഉയർന്ന പ്രശസ്തി നേടിയ അന്താരാഷ്ട്ര സർവകലാശാലകളിൽ നിന്ന് ഗണിതശാസ്ത്രത്തിൽ സയൻസ് ബിരുദവും കംപ്യൂട്ടർ ആപ്ലിക്കേഷനുകളിൽ മാസ്റ്റർ ഓഫ് സയൻസും സിന്ധു നേടിയിട്ടുണ്ട്. ഡാളസിലെ ടെക്സസ് സർവകലാശാലയിൽ നിന്ന് മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷനും അവർ നേടി. കൂടാതെ അവർ ഒരു സർട്ടിഫൈഡ് ഗവൺമെന്റ് സിഐഒ ആണ്. ഹാർവാർഡ് സർവകലാശാലയിൽ നിന്ന് പബ്ലിക് ലീഡർഷിപ്പ് ക്രെഡൻഷ്യലുകൾ പൂർത്തിയാക്കി. അറിവിനായുള്ള തന്റെ അന്വേഷണം ഒരിക്കലും അവസാനിപ്പിക്കാത്ത സിന്ധു നിലവിൽ പിഎച്ച്ഡി. നേടുന്നു. 2025-ലെ പൊതുമേഖലയ്ക്കുള്ള ഓർബി അവാർഡ് ജേതാവ്, 2024 എച്ച്എംജി ഗ്ലോബൽ ലീഡർഷിപ് അവാർഡ് ജേതാവ്, 2024-ലെ ഐഎസിസിജിഎച്ച് പ്രൊഫഷണൽ ഓഫ് ദി ഇയർ അവാർഡ് ജേതാവ്, സാങ്കേതിക വിദ്യ, ഫ്ളീറ്റ്, ഉപഭോക്തൃ ഇടപെടൽ എന്നിവയിൽ തെളിയിക്കപ്പെട്ട ട്രാക്ക് റെക്കോർഡും ശക്തമായ വൈദഗ്ദ്ധ്യവുമുള്ള എക്സിക്യൂട്ടീവ് നേതാവ്, വിജയകരമായ ടീമുകളുടെ വികസനം, സൈബർ സുരക്ഷ, ഇആർപി, തന്ത്രം, ദീർഘകാല ആസൂത്രണം, തന്ത്രപരമായ ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിനും പങ്കാളിത്തം, ബിസിനസ്, ആശയവിനിമയം, വൈവിധ്യമാർന്ന ചർച്ചാ തന്ത്രങ്ങളുടെ പ്രയോഗം എന്നിവയിലൂടെ സമവായത്തിലെത്തുന്നതിനുമുള്ള കഴിവുള്ള വിശ്വസ്ത ഉപദേഷ്ടാവ്, ഊർജ്ജം, സാമ്പത്തികം, നിർമ്മാണം, പൊതുമേഖലാ സാങ്കേതിക നേതൃത്വം എന്നിവയിൽ പരിചയസമ്പന്ന.



സാങ്കേതിക വിദ്യയിലൂടെ ഡിജിറ്റൽ വളർച്ച, നവീകരണം, ഒപ്റ്റിമൈസേഷൻ മൂല്യം എന്നിവ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള സിന്ധു മേനോന്റെ അവിശ്വസനീയമായ ഈ അംഗീകാരം എന്റെ ഐടി ടീമിന് സമർപ്പിക്കുന്നതായി സിന്ധുമോനോൻ അറിയിച്ചു. കഠിനാദ്ധ്വാനത്തിലൂടെ ഹാരിസ് കൗണ്ടിക്ക് സാങ്കേതികവിദ്യ നേടാൻ കഴിയുന്നതിന്റെ അതിരുകൾ മറികടക്കാൻ ഞങ്ങളുടെ ടീം ആഗ്രഹിക്കുന്നു. പിന്തുണയ്ക്കും പങ്കാളിത്തത്തിനും ഹാരിസ് കൗണ്ടി കമ്മീഷണേഴ്സ് കോടതിക്കും കൗണ്ടിയിലെ ഹൈക്കോടതി നേതൃത്വത്തിനും സിന്ധുമോനോൻ നന്ദി അറിയിച്ചു.



# ഷേർലി ഏബ്രഹാം അന്തരിച്ചു; സംസ്കാരം സെപ്. 8-ന്



ഹൂസ്റ്റൺ: ഹൂസ്റ്റണിൽ താമസിക്കുന്ന ഷാജി ഏബ്രഹാമിന്റെ ഭാര്യ ഷേർലി ഏബ്രഹാം (62) അന്തരിച്ചു. ഭാര്യ, മാതാവ്, സഹോദരി, സുഹൃത്ത് എന്നീ നിലകളിൽ കുടുംബത്തിന്റെയും പ്രിയപ്പെട്ടവരുടെയും ജീവിതത്തിൽ സ്നേഹസാന്നിദ്ധ്യമായിരുന്ന ഷേർലി ഏബ്രഹാമിന്റെ വേർപാട് കുടുംബാംഗങ്ങളെയും മലയാളി സമൂഹത്തെയും സുഹൃത്തുക്കളെയും ദുഃഖത്തിലാഴ്ത്തി.

സംസ്കാര ശുശ്രൂഷ സെപ്റ്റംബർ 8-ന് ചൊവ്വാഴ്ച രാവിലെ 9 മുതൽ ഉച്ചയ്ക്ക് 12 വരെ St. Ignatious Syriac Orthodox Cathedral, 2707 Dove Creek Ln, Carrollton, TX 75006-ൽ നടക്കും. തുടർന്ന് ഭൗതികശരീരം Furneaux Cemetery, 3650 Cemetery Hill Rd, Carrollton, TX 75007-ൽ സംസ്കരിക്കും.

വാർത്ത: സണ്ണി മാളിയേക്കൽ

# ഐഎംഎ കുടുംബസംഗമവും ഗാന്ധിജയന്തി ആചരണവും ഒക്ടോബർ നാലിന്




ലിൻസ് ജോസഫ്


ചിക്കാഗോ: ഇല്ലിനോയ് മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കുടുംബസംഗമവും ഗാന്ധിജയന്തി ആചരണവും നടത്തുന്നു. മോർട്ടൻഗ്രോവ് സെ. മേരീസ് ക്നാനായ ദേവാലയ ഹാളിലാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്. ഒക്ടോബർ നാലിന് വൈകിട്ട് 6.30-നായിരിക്കും ഈ പരിപാടികൾ നടക്കുന്നത്. ഐഎംഎ അംഗങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും ഈ കുടുംബസംഗമത്തിലും ഗാന്ധിജയന്തി ആചരണത്തിലും പങ്കെടുക്കാൻ ഏവരെയും സ്വാഗതം ചെയ്യുന്നതായി ഐഎംഎ എക്സിക്യൂട്ടീവിനെ പ്രതിനിധീകരിച്ച് പ്രസിഡണ്ട് ജോയ് പീറ്റേഴ്സ് അറിയിച്ചു.





# ഫിലാഡൽഫിയ ചർച്ചിൽ സെപ്റ്റംബർ 10 മുതൽ ത്രിദിന ബൈബിൾ പഠനം

പ്രസാദ് തീയാടിക്കൽ




റൗലറ്റ്, ടെക്സസ്: ഫിലാഡൽഫിയ ചർച്ചിന്റെ ആഭിമുഖ്യത്തിൽ ത്രിദിന ബൈബിൾ പഠന യോഗങ്ങൾ സെപ്റ്റംബർ 10-ന് വ്യാഴാഴ്ച മുതൽ 12 ശനിയാഴ്ച വരെ നടക്കും. പാസ്റ്റർ അനീഷ് കൊല്ലം ദൈവവചന ശുശ്രൂഷയ്ക്ക് നേതൃത്വം നല്കും.

സെപ്റ്റംബർ 10-ന് വ്യാഴാഴ്ച വൈകിട്ട് 7.30-നും 11-ന് വെള്ളിയാഴ്ചയും 12-ന് ശനിയാഴ്ചയും വൈകിട്ട് 7 മണിക്കും യോഗങ്ങൾ ആരംഭിക്കും. ‘Grow in the Word, Walk in His Truth’ എന്ന സന്ദേശവുമായി സംഘടിപ്പിക്കുന്ന ബൈബിൾ പഠനത്തിൽ ദൈവവചനം ആഴത്തിൽ പഠിക്കാനും ആത്മീയജീവിതത്തിൽ വളരാനും വിശ്വാസികൾക്ക് അവസരമൊരുക്കുന്നതായി സംഘാടകർ അറിയിച്ചു. ഫിലാഡൽഫിയ ചർച്ച് 7200 Rowlett Rd, Rowlett, TX 75089 എന്ന വിലാസത്തിലാണ് യോഗങ്ങൾ നടക്കുന്നത്.

ഏവരെയും ഈ ത്രിദിന ബൈബിൾ പഠനത്തിലേക്ക് സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

# ടൗൺസ്‌വില്ലിൽ നിന്ന് ഓസ്ട്രേലിയൻ ക്രിക്കറ്റിലേക്കുള്ള മലയാളി പ്രതീക്ഷ

റെജി പാറക്കൻ




ടൗൺസ്‌വില്ലിലെ ക്രിക്കറ്റ് മൈതാനങ്ങളിൽ നിന്ന് ഓസ്ട്രേലിയൻ ജൂണിയർ ക്രിക്കറ്റിന്റെ വലിയ വേദികളിലേക്ക് ചുവടുവെക്കുകയാണ് മലയാളി ബാലനായ ക്രിസ്റ്റൻ കുര്യാക്കോസ്. 12 വയസുകാരനായ ക്രിസ്റ്റൻ വേഗതയാർന്ന ബൗളിങ്ങിനൊപ്പം കൃത്യതയാർന്ന യോർക്കറുകളും മികച്ച ഇൻസ്വിഗും കൊണ്ട് ജൂണിയർ ക്രിക്കറ്റിൽ ശ്രദ്ധേയനാകുന്നു.

കഴിഞ്ഞ നോർത്ത് ക്വീൻസ് ലാൻഡ് ക്രിക്കറ്റ് കാർണിവലിൽ 12 വിക്കറ്റുകൾ വീഴ്ത്തിയ ക്രിസ്റ്റൻ ഫൈനലിൽ മാത്രം ആറ് വിക്കറ്റുകൾ സ്വന്തമാക്കി ടീമിന്റെ കിരീടധാരണത്തിൽ മുഖ്യ പങ്കുവഹിച്ചു. ടൂർണമെന്റിൽ ഏറ്റവും കൂടുതൽ വിക്കറ്റ്നേടിയ ക്രിസ്റ്റൻ ടൂർണമെന്റിലെ ഏറ്റവും നല്ല ബൗളർ ആയും തെരഞ്ഞെടുക്കപ്പെട്ടു.

കഴിഞ്ഞ മൂന്നു സീസണുകളിലും ടൗൺസ്‌വില്ലിലെ ഐെയ്ജ് ടൂർണമെന്റുകളിൽ ഏറ്റവും കൂടുതൽ വിക്കറ്റുകൾ നേടിയതും ക്രിസ്റ്റൻ ആയിരുന്നു. മികച്ച പ്രകടനത്തിന്റെ തുടർച്ചയായി നോർത്തേൺ സ്കൂൾ ബോയിസ് ടീമിലേക്കും ക്രിസ്റ്റൻ തെരഞ്ഞെടുക്കപ്പെട്ടു. ഇതോടെ ബ്രിസ്ബേനിൽ നടക്കുന്ന സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിൽ നോർത്ത് ക്വീൻസ് ലാൻഡിനെ പ്രതിനിധീകരിക്കാനുള്ള അവസരമാണ് ഈ യുവതാരത്തിന് ലഭിച്ചിരിക്കുന്നത്.

ബ്രെറ്റ് ലീയും ഗ്ലെൻ മക്ഗ്രാത്തും അടക്കമുള്ള ഓസ്ട്രേലിയൻ ഫാസ്റ്റ് ബൗളർമാരുടെ പാരമ്പര്യം മാതൃകയാക്കി ടൗൺസ്‌വില്ലിൽ നിന്ന് ക്രിസ്റ്റന്റെ ക്രിക്കറ്റ് യാത്ര പുതിയ ഘട്ടത്തിലേക്കു കടക്കുകയാണ്. ക്രിസ്റ്റന്റെ ഈ ക്രിക്കറ്റ് സ്വപ്നത്തിൽ അവന് പരിപൂർണ്ണ പിന്തുണ നല്കി കൂടെ നിൽക്കുകയാണ് മാതാപിതാക്കളായ കുര്യാക്കോസ് തോപ്പിലും സ്റ്റിനി കുര്യാക്കോസും സഹോദരിമാരായ മെൽറോസും ഇസബെല്ലും ഒപ്പം ടൗൺസ്‌വില്ലിലെ മലയാളി സമൂഹം മുഴുവനും.

മുൻ ഓസ്ട്രേലിയൻ ക്രിക്കറ്റർ ജോ സ്കാടേരിയുടെയും ശ്രീലങ്കൻ നാഷണൽ ജൂണിയർ ടീമിന്റെ പരിശീലകൻ ആയിരുന്ന സമിത് ധനുഷ്ക്കയുടെയും നേരിട്ടുള്ള മേൽനോട്ടത്തിലാണ് ക്രിസ്റ്റൻ പരിശീലിക്കുന്നത്.

പന്തിൽ ഇൻസ്വിങ്ങും കൈയിൽ വേഗവും മനസ്സിൽ വലിയ സ്വപ്നങ്ങളുമായി ക്രിസ്റ്റൻ ഓസ്ട്രേലിയൻ ക്രിക്കറ്റിൽ തന്റെ ഇടം കണ്ടെത്തട്ടെ എന്ന് ഞങ്ങളും ആശംസിക്കുന്നു.

# FIT FORWARD 5K BRINGS CHICAGO’S INDIAN COMMUNITY TOGETHER FOR HEALTH AND A CAUSE

Glenview, Illinois: A group of healthcare professionals is coming together with a simple but powerful message: a balanced diet and regular physical activity can go a long way in preventing lifestyle-related diseases.

To promote this message and encourage healthier living within the community, the inaugural FIT FORWARD 5K Run/Walk will be held on September 12 at Blue Star Memorial Woods, East Lake Avenue, Glenview, Illinois 9 AM-12P M. The five-kilometer community event has already received an enthusiastic response.



The event is being jointly organized by professional associations representing Indian social workers, nurses, rehabilitation professionals, respiratory therapists, and radiographers, making it a unique collaborative health initiative that brings together healthcare professionals and the broader Indian community.

Participants of all ages and fitness levels are encouraged to take part. Medals will be presented to top finishers, while refreshments, including tea and snacks, will be available for participants completing the walk.

Several distinguished guests and community leaders, including Kerala Home Minister Shri. Ramesh Chennithala, Minister Mons Joseph, and Bishop Mar. Joy Alappatt, are expected to attend the event.

Due to limitations on the number of participants, advance registration is required. Participants must register by September 6, either online or through the event organizers. **https://raceroster.com/events/2026/138265/fit-forward-5k-runwalk**

Beyond promoting physical activity and healthy lifestyles, FIT FORWARD 5K also supports an important community cause. Proceeds from the event will benefit the Chosen Foundation of Illinois, a Malayali-led initiative dedicated to supporting individuals with disabilities.

“We invit individuals and families of all ages to join us for this community event and take a step toward healthier living while supporting a meaningful cause,” the organizing association presidents said in a joint statement.

The statement was issued by Linson Kaithamala (ISWAI), Dr. Simi Joseph (INAI), Majo Ottappally (ARPOKO), Tom Jose (MARC), and Sony Paul (MRA).

The inaugural FIT FORWARD 5K aims to bring the community together around a shared commitment to health, wellness, collaboration, and giving back.

# ബെൽജിയവുമായി കൈകോർത്ത് ഇന്ത്യ

ന്യൂഡൽഹി: വിവിധ മേഖലകളിൽ നിർണായക സഹകരണത്തിന് തുടക്കമിട്ട് ഇന്ത്യയും ബെൽജിയവും സുപ്രധാന കരാറുകളിൽ ഒപ്പുവെച്ചു. ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വേവറുടെ സന്ദർശനത്തിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നടന്ന കൂടിക്കാഴ്ചയിലാണ് വിവിധ കരാറുകളിൽ ഇരുരാജ്യങ്ങളും ഒപ്പുവെച്ചത്.



ഇന്ത്യാസന്ദർശനത്തിനെത്തിയ ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വേവറെ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വീകരിച്ചപ്പോൾ.

പരമ്പരാഗത വജ്രവ്യാപാരത്തിനപ്പുറം ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം പ്രതിരോധ വികസനത്തിലേക്കും നിർമാണത്തിലേക്കും വ്യാപിപ്പിക്കുകയാണ് ലക്ഷ്യം. യുഎൻ സുരക്ഷാ കൗൺസിലിൽ ഇന്ത്യയുടെ സ്ഥിരാംഗത്വത്തിന് ബെൽജിയം പിന്തുണ ആവർത്തിച്ചു.

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ, ഇന്ത്യ-ബെൽജിയം ഇൻവെസ്റ്റ്മെന്റ് ഫാസ്റ്റ്-ട്രാക്ക് മെക്കാനിസം ആരംഭിക്കും. വജ്ര വ്യാപാരം, സെമികണ്ടക്ടർ, ഫാർമസ്യൂട്ടിക്കൽസ്, തുറമുഖ സാങ്കേതിക വിദ്യ എന്നീ മേഖലകളിൽ പങ്കാളിത്തം ഉറപ്പുവരുത്തും.

തീവ്രവാദത്തിനെതിരെ ശക്തമായ സംയുക്ത പോരാട്ടം പ്രഖ്യാപിച്ച നേതാക്കൾ സംഘടിത കുറ്റകൃത്യങ്ങളും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിനായി സിവിഐെയും ബെൽജിയൻ ഫെഡറൽ പോലീസും തമ്മിൽ ഒപ്പുവെച്ച കരാറിനെ സ്വാഗതം ചെയ്തു.

സൈനികസഹകരണം കൂടുതൽ ദൃഢമാക്കുന്നതിനായി ഡൽഹിയിൽ ഡിഫൻസ് അറ്റാഷെയെ ബെൽജിയം നിയമിക്കും. സമാനമായി ബെൽജിയം തലസ്ഥാനമായ ബ്രസൽസിൽ ഇന്ത്യയും പ്രതിരോധ പ്രതിനിധിയെ നിയമിക്കും. 2025 ഫെബ്രുവരിയിൽ സ്ഥാനമേറ്റശേഷം ബാർട്ട് ഡീ വീവറിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്.

# ഒർലാണ്ടോയിലേക്ക് കെഎച്ച്എൻഎ; 2027 ഗ്ലോബൽ കൺവൻഷന്റെ വേദി കരാർ ഒപ്പുവെച്ചു

ഒർലാണ്ടോ: കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ (കെഎച്ച്എൻഎ) 2027 ഗ്ലോബൽ കൺവൻഷന് ലോകപ്രശസ്ത വിനോദസഞ്ചാര നഗരമായ ഒർലാണ്ടോ വേദിയാകും. 2027 നവംബർ 25 മുതൽ 28 വരെ താങ്കസ് ഗിവിങ് അവധിക്കാലത്ത് നടക്കുന്ന നാലുദിന മഹാസംഗമത്തിന് Renaissance Orlando at SeaWorld ആതിഥേയത്വം വഹിക്കും.



കെഎച്ച്എൻഎയെ പ്രതിനിധീകരിച്ച് പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണനും Renaissance Orlando at SeaWorld അധികൃതരും കൺവൻഷൻ വേദി സംബന്ധിച്ച കരാറിൽ ഒപ്പുവെച്ചു. കെഎച്ച്എൻഎയുടെ ദേശീയ റീജിയണൽ ഭാരവാഹികളും കുടുംബാംഗങ്ങളുമടക്കം അമ്പതിലധികം പേർ ഈ സുപ്രധാന മുഹൂർത്തത്തിന് സാക്ഷികളായി.



അമേരിക്കയിലെ കുടുംബങ്ങൾ ഒരുമിച്ചുകൂടുന്ന ഏറ്റവും പ്രധാനപ്പെട്ട അവധിക്കാലങ്ങളിലൊന്നായ താങ്ക്സ് ഗിവിങ് വാരാന്ത്യം കൺവൻഷനായി തെരഞ്ഞെടുത്തത് കൂടുതൽ കുടുംബങ്ങൾക്ക് അവധിയെടുത്തുള്ള അധികയാത്ര ഒഴിവാക്കി കുടുംബസമേതം പങ്കെടുക്കാൻ സൗകര്യമൊരുക്കും. നവംബർ അവസാനവാരം പൊതുവേ സുഖകരമായ കാലാവസ്ഥ അനുഭവപ്പെടുന്ന ഒർലാണ്ടോ, കുടുംബസംഗമത്തിനും വിനോദയാത്രയ്ക്കും ഒരുപോലെ അനുയോജ്യമായ വേദിയാണെന്നതും തെരഞ്ഞെടുപ്പിൽ നിർണായകമായി.







SeaWorld-ന് തൊട്ടടുത്തായി സ്ഥിതി ചെയ്യുന്ന Renaissance Orlando at SeaWorld ഒർലാണ്ടോ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്ന് കുറഞ്ഞ യാത്രാസമയത്തിനുള്ളിൽ എത്തിച്ചേരാവുന്ന പ്രമുഖ റിസോർട്ടു ഹോട്ടലാണ്. വിശാലമായ കൺവൻഷൻ ഹാളുകൾ, വിവിധ വിഭാഗങ്ങളിലുള്ള അതിഥി മുറികൾ, കുടുംബങ്ങൾക്ക് അനുയോജ്യമായ സൗകര്യങ്ങൾ എന്നിവയ്ക്കൊപ്പം Walt Disney World, Universal Orlando, SeaWorld തുടങ്ങിയ ലോകപ്രശസ്ത വിനോദകേന്ദ്രങ്ങളുടെ സാമീപ്യവും കൺവൻഷനിലെത്തുന്ന കുടുംബങ്ങൾക്ക് സമ്മേളനത്തോടൊപ്പം മനോഹരമായ ഒരു ഒർലാണ്ടോ അവധിക്കാലംകൂടി ആസ്വദിക്കാനുള്ള അവസരമൊരുക്കും.

കലാ-സാംസ്കാരിക പരിപാടികൾ, ആത്മീയ സമ്മേളനങ്ങൾ, യുവജന-വനിതാ വേദികൾ, കുടുംബ പരിപാടികൾ, സെമിനാറുകൾ, സാമൂഹിക-സാംസ്കാരിക ചർച്ചകൾ തുടങ്ങി കുട്ടികൾ മുതൽ മുതിർന്നവർ വരെ എല്ലാ തലമുറകളെയും ഒരേ വേദിയിൽ ബന്ധിപ്പിക്കുന്ന വിപുലമായ പരിപാടികളാണ് കൺവൻഷനായി ആസൂത്രണം ചെയ്യുന്നത്. പരിപാടികളുടെ വിശദാംശങ്ങൾ, വിവിധ കൺവൻഷൻ കമ്മിറ്റികൾ, രജിസ്ട്രേഷൻ, താമസ സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഘട്ടംഘട്ടമായി പ്രഖ്യാപിക്കും.

"ഇത് ഒരു കൺവൻഷൻ മാത്രമായിരിക്കരുത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി ഹിന്ദു കുടുംബങ്ങൾ ഒരുമിക്കുന്ന ഒരു വലിയ കുടുംബസംഗമമായി മാറണം. കുട്ടികൾക്ക് പുതിയ സൗഹൃദങ്ങൾ സൃഷ്ടിക്കാനും യുവതലമുറയ്ക്ക് നമ്മുടെ പൈതൃകവും സംസ്കാരവുമായി കൂടുതൽ അടുക്കുവാനും മുതിർന്നവർക്ക് പഴയ സൗഹൃദങ്ങൾ പുതുക്കാനും പുതിയ ബന്ധങ്ങൾ സ്ഥാപിക്കാനും കഴിയുന്ന വേദിയാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്:" പ്രസിഡണ്ട് ടി. ഉണ്ണികൃഷ്ണൻ പറഞ്ഞു.

കെഎച്ച്എൻഎയുടെ ഇരുപത്തിയാറ് വർഷത്തെ സംഘടനാ പ്രവർത്തനങ്ങളുടെ അനുഭവസമ്പത്ത് ഉൾക്കൊണ്ട്, പുതിയ തലമുറയ്ക്ക് കൂടുതൽ പങ്കാളിത്തവും നേതൃത്വവും നല്കുന്ന കൺവൻഷനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. നോർത്ത് അമേരിക്കയിലെ വിവിധ റീജിയനുകളെ കൂടുതൽ ശക്തമായി ബന്ധിപ്പിക്കുന്നതിനൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളി കുടുംബങ്ങളെയും ഒരേ വേദിയിലേക്ക് കൊണ്ടുവരാനുള്ള ശ്രമമായിരിക്കും കൺവൻഷനെന്നും അദ്ദേഹം വ്യക്തമാക്കി.

ഒരു മില്യൺ ഡോളറിലധികം പ്രതീക്ഷിത ബജറ്റുള്ള കൺവൻഷന്റെ പ്രാഥമിക സാമ്പത്തിക രൂപരേഖയും തയ്യാറായിക്കഴിഞ്ഞു. കരാർ ഒപ്പിടലിനുശേഷം നടന്ന യോഗത്തിൽ ട്രഷറർ അശോക് മേനോൻ പ്രതീക്ഷിത വരവ് ചെലവുകൾ ഉൾപ്പെടുത്തിയ സമഗ്ര ബജറ്റ് അവതരിപ്പിച്ചു. സാമ്പത്തിക അച്ചടക്കവും സുതാര്യതയും ഉറപ്പാക്കി ഓരോ വിഭാഗത്തിനും വ്യക്തമായ ആസൂത്രണത്തോടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നടപടികൾക്കും തുടക്കമായി.

നാലു ദിവസത്തെ ആഘോഷത്തിൽ മാത്രം ഒതുങ്ങുന്നതല്ല കൺവൻഷനിലൂടെ കെഎച്ച്എൻഎ ലക്ഷ്യമിടുന്നത്. സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും പുതിയ ദിശ നല്കുകയും കുടുംബങ്ങൾ, യുവജനങ്ങൾ, വനിതകൾ, കുട്ടികൾ, പ്രൊഫഷണലുകൾ, സംരംഭകർ, ആത്മീയ-സാംസ്കാരിക പ്രവർത്തകർ എന്നിവരെ കൂടുതൽ സജീവമായി സംഘടനയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ഒരു ആഗോള വേദിയായി 2027 കൺവൻഷനെ മാറ്റുകയാണ് ദേശീയ നേതൃത്വത്തിന്റെ ലക്ഷ്യം.

**അനഘ വാരിയർ**

കരാർ ഒപ്പിടൽ ചടങ്ങിൽ ട്രഷറർ അശോക് മേനോൻ, നാഷണൽ ഡയറക്ടർ ബോർഡ് അംഗങ്ങളായ ഗോപൻ നായർ, അനഘ വാരിയർ, സുജിത് കുമാർ അച്യുതൻ, ഫ്ളോറിഡ, റീജിയണൽ വൈസ് പ്രസിഡണ്ട് പ്രദീപ് ബി. പിള്ള, ഡോ. ശ്രീകുമാർ ചെല്ലപ്പൻ, ബിനൂപ് ശ്രീധരൻ, നന്ദകുമാർ ചക്കിങ്ങൽ, അഷീദ് വാസുദേവൻ, സച്ചിൻ നായർ, അഞ്ജന കൃഷ്ണൻ, പ്രദീപ് നാരായൺ, അജിത് കുമാർ, മധു പിള്ള, ഹരീഷ്, മണികണ്ഠൻ, രാജേഷ് വല്ലാത്ത്, നന്ദിത, ബബിത എന്നിവരും ഫ്ളോറിഡയിലെ വിവിധ സംഘടനകളുടെ പ്രതിനിധികളും പങ്കെടുത്തു.

കൺവൻഷന്റെ തീയതിയും വേദിയും ഔദ്യോഗികമായതോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുടുംബങ്ങളെ ഒർലാണ്ടോയിലേക്ക് വരവേൽക്കുന്നതിനുള്ള ഒരുക്കങ്ങൾക്കും തുടക്കമായി. അടുത്ത ഘട്ടത്തിൽ വിപുലമായ കൺവൻഷൻ സംഘാടക സമിതിയും വിവിധ സബ് കമ്മിറ്റികളും പ്രഖ്യാപിക്കും.

2027 നവംബർ 25 മുതൽ 28 വരെ– തീയതികൾ ഇപ്പോൾ തന്നെ കലണ്ടറിൽ അടയാളപ്പെടുത്താം. കുടുംബത്തോടൊപ്പം വരാം, സുഹൃത്തുക്കളെയും കൂട്ടിക്കൊണ്ടുവരാം. നാലു ദിവസത്തേക്ക് ഒർലാണ്ടോയിൽ നമുക്ക് ഒരുമിക്കാം–ഒരു വലിയ കുടുംബമായി.


ജാതി-മത വ്യത്യാസങ്ങൾക്കതീതമായി സൗഹൃദത്തിന്റെയും സംസ്കാരത്തിന്റെയും കുടുംബബന്ധങ്ങളുടെയും ആഘോഷമായിമാറുന്ന കെഎച്ച്എൻഎ 2027 ഗ്ലോബൽ കൺവൻഷനിലേക്ക് ഏവരെയും കുടുംബസമേതം ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു.

# ആഗോള വിദ്യാഭ്യാസത്തിന്റെ പുതിയ വാതിൽ തുറന്ന് TOTEDZ കൊച്ചിയിൽ



കൊച്ചി: ആഗോള വിദ്യാഭ്യാസത്തെ ഇന്ത്യൻ വിദ്യാർത്ഥികളിലേക്കും പ്രൊഫഷണലുകളിലേക്കും കൂടുതൽ എളുപ്പത്തിൽ എത്തിക്കുന്ന പുതിയ തലമുറ വിദ്യാഭ്യാസ ഇക്കോസിസ്റ്റമായ TOTEDZ കൊച്ചിയിലെ മാരിയറ്റ് ഹോട്ടലിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ഡയമണ്ട് ഹാളിൽ നടന്ന ചടങ്ങിൽ സർക്കാർ, അക്കാദമിക്, വ്യവസായ, വിദ്യാഭ്യാസ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു.

TOTEDZ സ്ഥാപകനും സിഇഒയുമായ ജോൺസൺ തങ്കച്ചൻ സ്ഥാപനത്തിന്റെ ദർശനം അവതരിപ്പിച്ചു. ഭൂമിശാസ്ത്രപരമായ അതിരുകൾ മറികടന്ന് ലോകോത്തര അറിവും നൈപുണ്യങ്ങളും സർവകലാശാലകളും സർട്ടിഫിക്കേഷനുകളും മെന്റർമാരെയും തൊഴിൽ അവസരങ്ങളെയും പഠിതാക്കളിലേക്ക് എത്തിക്കുക എന്നതാണ് TOTEDZ-ന്റെ ലക്ഷ്യമെന്ന് അദ്ദേഹം വ്യക്തമാക്കി.




കേരള സർക്കാർ ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ, മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി ജോർജ് ലോറൻസ് ജോർജ്, മുഹമ്മദ് ഷിയാസ് എംഎൽഎ, മൂവാറ്റുപുഴ ചെയർപേഴ്സൺ ജോയ്സ് മേരി ആന്റണി, ജെയിൻ യൂണിവേഴ്സിറ്റി ഡയറക്ടർ ടോം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. TOTEDZ സഹസ്ഥാപകരായ അനന്തു വിനോദ്, ഹരിപ്രിയ, ഡയറക്ടർമാരായ മാത്യു, ഷീബ റാണി, ഓപ്പറേഷൻസ് മാനേജർ മുഹ്സിന എന്നിവരും സന്നിഹിതരായിരുന്നു.

**കേരളത്തിനും ലോകത്തിനുമിടയിൽ വിദ്യാഭ്യാസപാലം**

ആഗോള പഠിതാക്കളെ കേരളത്തിലേക്ക് എത്തിക്കുകയും കേരളത്തിലെയും ഇന്ത്യയിലെയും വിദ്യാർത്ഥികൾക്ക് ലോകോത്തര വിദ്യാഭ്യാസ അവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്ന ദ്വിമുഖ വിദ്യാഭ്യാസ പാലം സൃഷ്ടിക്കുകയാണ് TOTEDZ-ന്റെ ലക്ഷ്യം.

ലോകത്തിലെ പ്രമുഖ സർവകലാശാലകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കോഴ്സുകൾ, പ്രോഗ്രാമുകൾ, സർട്ടിഫിക്കേഷനുകൾ എന്നിവ വീട്ടിലിരുന്നുതന്നെ പഠിക്കാൻ വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കും അവസരമൊരുക്കുകയാണ് പ്ലാറ്റ്ഫോം. അതോടൊപ്പം വിദ്യാഭ്യാസം, സാങ്കേതിക വിദ്യ, സംസ്കാരം, പഠനാനുഭവങ്ങൾ, അന്താരാഷ്ട്ര വിജ്ഞാന വിനിമയം എന്നിവയുടെ കേന്ദ്രമായി കേരളത്തെ ഉയർത്താനും TOTEDZ ലക്ഷ്യമിടുന്നു.

കോഴ്സുകൾ, സർട്ടിഫിക്കേഷനുകൾ, സർവകലാശാലകൾ, അധ്യാപകർ, മെന്റർമാർ, കരിയർ അവസരങ്ങൾ എന്നിവയെ ഒരൊറ്റ വിദ്യാഭ്യാസ ഇക്കോസിസ്റ്റത്തിൽ സംയോജിപ്പിക്കുന്നതാണ് TOTEDZ-ന്റെ പ്രത്യേകത.

ലേണിംഗ് ഹബ്ബുകൾ വഴി കോഡിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സംരംഭകത്വം, പുതിയ സാങ്കേതിക വിദ്യകൾ തുടങ്ങിയവ ഭാവി കേന്ദ്രീകൃത മേഖലകളിൽ പ്രായോഗികവും സംവേദനാത്മകവുമായ പഠനാനുഭവങ്ങൾ ഒരുക്കും.

വിദ്യാർത്ഥികൾ എന്തു പഠിക്കണം, ഏത് സർട്ടിഫിക്കേഷനോ പ്രോഗ്രാമോ അവരുടെ കരിയർ ലക്ഷ്യങ്ങൾക്ക് അനുയോജ്യമാണ്, പഠനത്തെ എങ്ങനെ തൊഴിൽ അവസരങ്ങളാക്കി മാറ്റാം തുടങ്ങിയ കാര്യങ്ങളിൽ കരിയർ ഗൈഡൻസിനും TOTEDZ പ്രാധാന്യം നൽകുന്നു.

ഉദ്ഘാടനത്തോടനുബന്ധിച്ച് 'From Campus to Capability: Synergising Academia and Industry in the Age of Disruption' എന്ന വിഷയത്തിൽ പാനൽ ചർച്ചയും നടന്നു.

TOTEDZ അക്കാദമിക് ഡയറക്ടർ മാത്യു പി.എ. മോഡറേറ്ററായ ചർച്ചയിൽ Calpine Group സിഇഒയും GTech ചെയർമാനുമായ ജിജോ ജി. ജോൺ TCS ഹെഡ് ഓഫ് ഇൻകുബേഷൻ ആൻഡ് ഇന്നൊവേഷൻ റോബിൻ ടോമി, സംരംഭകനും MPC Pharma Pvt. Ltd. ഡയറക്ടറുമായ രാഹുൽ മന്നൻ, ജോർജ് ലോറൻസ് ജോർജ് എന്നിവർ പങ്കെടുത്തു.

അക്കാദമിക് വിദ്യാഭ്യാസവും വ്യവസായ ആവശ്യങ്ങളും തമ്മിലുള്ള വിടവ് കുറയ്ക്കേണ്ടതിന്റെ ആവശ്യകതയാണ് ചർച്ചയിൽ പ്രധാനമായും ഉയർന്നത്. അതിവേഗം മാറുന്ന സാങ്കേതിക വിദ്യയും തൊഴിൽ മേഖലയും ബിസിനസ് സാഹചര്യങ്ങളും മുന്നിൽക്കണ്ട് വിദ്യാർത്ഥികൾക്ക് അക്കാദമിക് അറിവിനൊപ്പം പ്രായോഗിക കഴിവുകളും പൊരുത്തപ്പെടാനുള്ള ശേഷിയും ഭാവിക്കാവശ്യമായ നൈപുണ്യങ്ങളും നൽകേണ്ടതിന്റെ പ്രാധാന്യവും ചർച്ച ചെയ്തു.

സർക്കാർ, വിദ്യാഭ്യാസം, വ്യവസായം എന്നീ മേഖലകളിലെ പ്രതിനിധികളെ ഒരുമിപ്പിച്ച നെറ്റ്വർക്കിംഗ് ലോഞ്ചും ചടങ്ങിന്റെ ഭാഗമായി നടന്നു. ആശയവിനിമയത്തിനും സഹകരണത്തിനും പുതിയ പങ്കാളിത്തങ്ങൾക്കും വഴിയൊരുക്കുന്ന വേദിയായി പരിപാടി മാറി.

ആഗോള വിദ്യാഭ്യാസം, പ്രാദേശിക സൗകര്യം, വ്യവസായ ആവശ്യങ്ങൾ, ഭാവിയിലെ തൊഴിൽ അവസരങ്ങൾ എന്നിവയെ ഒരൊറ്റ വേദിയിൽ ബന്ധിപ്പിക്കുന്ന പുതിയ വിദ്യാഭ്യാസ മാതൃകയ്ക്കാണ് TOTEDZ തുടക്കം കുറിക്കുന്നത്. അന്താരാഷ്ട്ര പഠനാവസരങ്ങൾ ഇന്ത്യൻ വിദ്യാർത്ഥികളിലെത്തിക്കുന്നതിനൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പഠിതാക്കൾക്ക് കേരളത്തിന്റെ വിദ്യാഭ്യാസ-വിജ്ഞാന മേഖലകളുമായി ബന്ധപ്പെടാനുള്ള അവസരവും ഒരുക്കുകയാണ് TOTEDZ.

വിദ്യാഭ്യാസം, വിജ്ഞാനം, സാങ്കേതികവിദ്യ, ഇന്നൊവേഷൻ എന്നിവയുടെ ആഗോള കേന്ദ്രമായി കേരളത്തിന്റെ സാധ്യതകൾ വികസിപ്പിക്കുന്നതിൽ നിർണായകമായ ഒരു ചുവടുവയ്പായി TOTEDZ-ന്റെ ഈ പുതിയ സംരംഭം മാറുമെന്നാണ് പ്രതീക്ഷ.

TOTEDZ Launches at Marriott Kochi, Connecting Global Education with Learners and Kerala's Knowledge Ecosystem

# വന്ദേമാതരം



രാജു മൈലപ്ര

“നമ്മൾ വിദ്യാർത്ഥികൾ അസ്വസ്ഥരാണ്?”

“അതെന്തിനാ മാഷേ-ഈ 'നമ്മൾ വിദ്യാർത്ഥികൾ' അസ്വസ്ഥരാകുന്നത്?”

“ഉത്തമാ! നീ മാഷിന്റെ സ്റ്റഡിക്ലാസ്സിൽ പങ്കെടുക്കാത്തതു കൊണ്ടാണ് നിനക്കിതൊന്നും മനസ്സിലാകാത്തത്.”




“എന്നാൽ, കോട്ടപ്പള്ളി പറ, എന്തിനാണ് നമ്മൾ അസ്വസ്ഥരാകുന്നത്?”

കോട്ടപ്പള്ളി ദയനീയമായി മാഷിന്റെ മുഖത്തേക്ക് നോക്കി. സത്യം പറഞ്ഞാൽ മാഷിനുപോലും, മാഷ് പറയുന്നതിന്റെ അർത്ഥം പലപ്പോഴും പിടികിട്ടുകയില്ല.

“നിങ്ങൾ സർക്കാർ പരിപാടിയിൽ വന്ദേമാതരം പൂർണ്ണമായി ചൊല്ലിയത് കേട്ടില്ലേ?”

“അതിന് നമ്മൾക്കെന്നാ? നമ്മളാരും അവിടെ പോയില്ലല്ലോ!”

“നമ്മൾ അവിടെ പോയോ ഇല്ലയോ എന്ന ചോദ്യത്തിന് പ്രസക്തിയില്ല. ഇത് ആർഎസ്എസ് അജണ്ടാ നടപ്പാക്കാനുള്ള ഒരു പദ്ധതിയാണ്. ഇതിനെതിരെ നമ്മൾ ശക്തമായ സമരം നടത്തണം. സർക്കാരിനെതിരെ സമരം ചെയ്യുവാനുള്ള ഒരു അവസരവും നമ്മൾ പാഴാക്കരുത്.”

(സത്യം പറഞ്ഞാൽ ഈയുള്ളവനും 'വന്ദേമാതരം' എന്ന ഗാനം പൂർണ്ണമായി പൊതുപരിപാടികളിൽ ആലപിക്കുന്നതിനോട് വലിയ യോജിപ്പില്ല. ആദ്യം വന്ദേമാതരം അതിനു പിന്നാലെ 'ജനഗണമന'. സ്റ്റേജിൽ വടിപോലെ നിൽക്കുവാൻ ശ്രമിക്കുന്ന പല വന്ദ്യവയോധികരും തലകറങ്ങി താഴെ പോകുമോ എന്നെനിക്കു തോന്നി.)

“അപ്പോൾ നമ്മൾ എന്തു ചെയ്യണം എന്നാണ് മാഷ് പറയുന്നത്?”

“ജനജീവിതം സ്തംഭിപ്പിക്കണം. ബസ്സിനു കല്ലെറിയണം. കടകമ്പോളങ്ങൾ അടപ്പിക്കണം. പോലീസ് ബാരിക്കേഡിനു മുകളിൽ കയറി പോലീസുകാരെ 'പട്ടികളെ' എന്നു വിളിക്കണം. അതുകൊണ്ടൊന്നും അവർ പ്രകോപിതരാകുന്നില്ലെങ്കിൽ ഏതെങ്കിലും സബ് ഇൻസ്പെക്ടറുടെ കൊങ്ങക്കു പിടിക്കണം. അപ്പോൾ അവർ ജലപീരങ്കി ചീറ്റും, പുറകേ ലാത്തി വീശും. ആരുടെയെങ്കിലും കൈയിൽ ചുവന്ന മഷിക്കുപ്പി കരുതണം. ക്യാമറയുടെ കണ്ണിൽപ്പെടാതെ അത് നിങ്ങളുടെ നേതാവിന്റെ ദേഹത്ത് ഒഴിക്കണം. എന്നിട്ട് അവനേയും പൊക്കി എടുത്തുകൊണ്ട് ആശുപത്രിയിലേക്ക് പോകണം. ഒരു വനിതാ നേതാവുകൂടി ഉണ്ടെങ്കിൽ സംഗതി കൊഴുപ്പിക്കാം.” മാഷ് പറഞ്ഞു നിർത്തി.

“മാഷേ! ഒരു സംശയം. നിങ്ങളുടെയാരുടെയും മക്കളൊന്നും ഈ സമരത്തിൽ പങ്കെടുത്തു തല്ലു കൊള്ളാത്തതെന്താ?”

മാഷ് ഒന്ന് ഇളിച്ചു കാണിച്ചിട്ടു പറഞ്ഞു: “എടാ, പൊട്ടാ! അവരൊക്കെ ഭാവിയിൽ മന്ത്രിമാരാകുവാൻ ഉള്ളവരാ. ഇല്ലാതെ നിന്നെപ്പോലെയൊക്കെ തലക്കടി വാങ്ങിക്കുവാൻ നടക്കുന്നവരല്ല.”

(ശേഷം 34-ാം പേജിൽ)

# അനധികൃത കുടിയേറ്റക്കാരുടെമേലുള്ള അമേരിക്കൻ നിലപാട്

ഫിലാഡൽഫിയാ: സാമ്പത്തിക പരാധീനതയിലുള്ള സൗത്ത് അമേരിക്കൻ രാജ്യങ്ങളിൽനിന്നും യു.എസ്.എ.യിലേയ്ക്കുള്ള അനധികൃത കുടിയേറ്റം 2020-ന് ശേഷം അനിയന്ത്രിതമായി വർദ്ധിച്ചതായി പി.ഇ.ഡബ്ല്യൂ. റിസേർച്ച് സെന്റർ വിജ്ഞാപനത്തിലും മൈഗ്രേഷൻ പോളിസി ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ടുകളിലും അനുമാനത്തിലും അധികമായതായി വെളിപ്പെടുത്തുന്നു.

മൊത്തമായി 34.94 കോടി ജനതയുള്ള അമേരിയ്ക്കയിൽ 4 കോടി 61 ലക്ഷത്തിലധികം കുടിയേറ്റക്കാർ ഉള്ളവരിൽ ഏകദേശം ഒരു കോടിയിൽപരം ജനങ്ങൾ യാതൊരുവിധമായ രേഖകളും ഇല്ലാതെ അനധികൃതമായി കുടിയേറിയതായി 2022-ലെ അമേരിക്കൻ ഇമിഗ്രേഷൻ കൗൺസിൽ റിപ്പോർട്ടിൽ പറയുന്നു.

കടലും കരയുമായി 12,383 മൈലുകൾ (19,924.25 കിലോമീറ്റർ) സുദീർഘമായ അമേരിക്കൻ അതിർത്തിയിൽ കൂടി ഇരുളിന്റെ മറവിലും പകൽ വെളിച്ചത്തിലും അതിർത്തി സേനയെ കബളിപ്പിച്ച് അമേരിക്കയിൽ അശേഷം ശമനമില്ലാതെ എത്തിച്ചേർന്ന അനധികൃത കുടിയേറ്റക്കാരിൽ പലരും മാതൃരാജ്യങ്ങളിൽ കുറ്റകൃത്യങ്ങളിൽപ്പെട്ടവരോ അമേരിക്കൻ സുഖാനുഭൂതിയോടുള്ള അമിതമായ ആവേശവും ആയിരിക്കാമെന്നു സാധാരണ ഗതിയിൽ ചിന്തിക്കുന്നു. അതിർത്തിയിൽ 20,000-ത്തിലധികം ബോർഡർ സെക്യൂരിറ്റി പേഴ്സണൽസ് ഉണ്ടെങ്കിലും നുഴഞ്ഞു കയറ്റം നിരുപാധികം തുടരുന്നതായി വിവിധ മാധ്യമങ്ങൾ പറയുന്നു.



ലേഖകൻ

നിയമാനുസരണമുള്ള ശമ്പളമോ പ്രതിഫലമോ ലഭിക്കുവാൻവേണ്ടി പരിഭവമോ പരാതിയോ ബോധിപ്പിക്കുവാൻ വേദി ഇല്ലാത്തതിനാൽ കഠിനാദ്ധ്വാനം ചെയ്യുന്ന അന്യദേശവാസികളായ അനധികൃത കുടിയേറ്റക്കാരുടെ നിശബ്ദ മുറവിളി ഇപ്പോഴും അശ്രദ്ധമായി അവഗണിക്കപ്പെടുന്നു.

പെൻസിൽവേനിയ, ന്യൂജേഴ്സി, ഡെലവെയർ സ്റ്റേറ്റുകളിൽ നിന്നുമുള്ള അനധികൃത കുടിയേറ്റക്കാരുടെ നാടുകടത്തൽ ഏതാനും വർഷങ്ങളായി 50 ശതമാനത്തിലധികം വർദ്ധിച്ചതായി ഫിലാഡൽഫിയ ഇൻക്യൂയിറർ അടക്കമുള്ള മുഖ്യ ദിനപത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. കോർട്ട് ഓർഡർ മുഖേന അനധികൃതരുടെ നാടുകടത്തൽ തടയുവാനുള്ള ഉദ്യമവും പരാജയപ്പെടുന്നതായി ലീഡിംഗ് ലോ ഫേം പ്രസിഡന്റ് എമ്മാ ടുവോഹി വ്യസനസമേതം പറയുന്നു. ഡോണൾഡ് ട്രംപ് അമേരിക്കൻ പ്രസിഡന്റ് ആയതിനുശേഷം 40,000-ത്തിലധികം അനധികൃത കുടിയേറ്റക്കാർ കർശനമായ ശിക്ഷാന

**കോര ചെറിയാൻ**

ടപടികൾ ഭയന്ന് സ്വയമായി മാതൃരാജ്യങ്ങളിലേക്ക് മടങ്ങിപോകുകയും വൻജനാവലിയെ നിർബന്ധിതമായി നാടുകടത്തുകയും ചെയ്തതായി മാധ്യമങ്ങൾ റിപ്പോർട്ടിൽ പറയുന്നു.

അമേരിക്കൻ ഡിപ്പാർട്ടുമെന്റ് ഓഫ് സ്റ്റേറ്റിന്റെ "അമേരിക്ക സുരക്ഷിത രാജ്യമായി നിലകൊള്ളുവാൻ അനധികൃതരുടെ ഇമിഗ്രേഷൻ അവസാനിപ്പിക്കുക" എന്ന പ്രഖ്യാപനത്തെ അംഗീകരിക്കാതെ എത്തിച്ചേരുന്നവരെ കഠിന ശിക്ഷയായി തടങ്കൽ താവളത്തിലെ ദുരിതത്തിലേയ്ക്ക് അയയ്ക്കുന്നതുമൂലം അനധികൃത കുടിയേറ്റം കുറഞ്ഞിട്ടുണ്ട്. അനധികൃതമായി എത്തിച്ചേരുന്ന വിദേശികൾ കൂടുതൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായ ധാരണയോ തെറ്റിദ്ധാരണയോ സ്ഥിരവാസികളായ ചില അമേരിക്കൻ ജനതയിൽ ഉള്ളതായി പറയപ്പെടുന്നു.

മാതൃരാജ്യങ്ങളിൽ അസഹ്യമായ പീഠനങ്ങൾ വേദനയോടെ സഹിക്കുകയാണെന്നും കൊടും പട്ടിണിമൂലം നിരന്തരം അസുഖങ്ങൾ ഉണ്ടാകുന്നതായും ഉള്ള സത്യവും അസത്യവുമായ കഥകൾ പറഞ്ഞു അസൈലം അഥവാ രക്ഷാകേന്ദ്രമായി അമേരിക്കയിൽ എത്തിചേരുന്നവർ അനേകരായി.

വിവിധ അമേരിക്കൻ എയർപോർട്ടുകളിൽ ഇമിഗ്രേഷൻ ആന്റ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് ഓഫീസേഴ്സ് അനധികൃത കുടിയേറ്റക്കാരെ കണ്ടെത്തി നിയമാനുസരണം ജയിലുകളിലേക്ക് അയയ്ക്കുവാനുള്ള നടപടിക്രമങ്ങൾ മുൻകാലങ്ങളിൽ ഉണ്ടായിരുന്നതിലും വർദ്ധിച്ചതായി അസ്സോസിയേറ്റ് പ്രസ് റിപ്പോർട്ടിൽ പറയുന്നു.

മാതൃരാജ്യത്തോടുള്ള വിട ചൊല്ലി നവാഗതനായി ഏതു രാജ്യത്ത് എത്തിയാലും തുടക്കത്തിൽ അനുഭവിക്കുന്ന യാതനകൾ വിഭാവനയിലൂടെയെങ്കിലും വീക്ഷിക്കുന്നത് ഉത്തമമായിരിക്കും.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 94.49 |
| യൂറോ | 109.74 |
| സ്റ്റെർലിംഗ്പൗണ്ട് | 127.65 |
| സ്വിസ് ഫ്രാങ്ക് | 116.59 |
| സിംഗപ്പൂർ ഡോളർ | 74.59 |
| കനേഡിയൻ ഡോളർ | 68.29 |
| ഒമാൻ റിയാൽ | 245.82 |
| ബഹ്റൈൻ ദിനാർ | 250.55 |
| സൗദി റിയാൽ | 25.34 |
| യു.എ.ഇ. ദിർഹം | 25.73 |
| കുവൈത്ത് ദിനാർ | 305.89 |


# ജേക്കബ് കുളങ്ങരയുടെ നിര്യാണത്തിൽ അനുസ്മരണയോഗം ചേർന്നു

താമ്പാ: ജേക്കബ് കുളങ്ങരയുടെ നിര്യാണത്തെ തുടർന്ന് ഓഗസ്റ്റ് 23-ന് ഞായറാഴ്ച താമ്പാ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ പള്ളിയങ്കണത്തിൽ അനുസ്മരണ യോഗം ചേർന്നു.

ഫ്ളോറിഡയിലെ ആദ്യകാല മലയാളികളിൽ ഒരാളും താമ്പാ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോന ചർച്ചിലെ വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപക നേതാക്കളിൽ ഒരാളും ഇപ്പോഴത്തെ ട്രഷററുമായിരുന്ന ജേക്കബ് കുളങ്ങരയെ അമേരിക്കയിലെ പ്രത്യേകിച്ച് ഫ്ളോറിഡയിലെ മലയാളികളെല്ലാം ബാബു ചേട്ടൻ എന്നായിരുന്നു വിളിച്ചിരുന്നത്.

വികാരി ഫാ. ആദോപ്പള്ളിയുടെ സാന്നിദ്ധ്യത്തിൽ സൊസൈറ്റി പ്രസിഡണ്ട് സ്റ്റീഫൻ മറ്റത്തിൽപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിരവധി പേർ അനുസ്മരണകൾ അർപ്പിച്ചു.

സെന്റ് വിൻസെന്റ് ഡി പോളിന്റെ ജീവിതദർശനങ്ങൾ പിന്തുടർന്നിരുന്ന ബാബു ചേട്ടൻ ആവശ്യക്കാരുടെയും രോഗികളുടെയും വേദന സ്വന്തം വേദനയായി ഏറ്റെടുത്ത് അനേകം പാവപ്പെട്ട കുടുംബങ്ങൾക്കും രോഗികൾക്കും വർഷങ്ങളോളം നിശബ്ദമായി സഹായഹസ്തം നീട്ടി.



പ്രത്യേകിച്ച് കോട്ടയം കാരിത്താസ് ആശുപത്രിയിലെ ഡയാലിസിസ് രോഗികൾക്കും കാൻസർ രോഗികൾക്കും അദ്ദേഹം നല്കിയ സഹായങ്ങൾ ഒരിക്കലും വിസ്മരിക്കാനാവാത്തതാണ്. അദ്ദേഹത്തിന്റെ ഈ നന്മകൾക്ക് താൻ വ്യക്തിപരമായി സാക്ഷിയാണെന്ന് സെക്രട്ടറി ബേബിച്ചൻ ചാലിൽ പറഞ്ഞു.

വിജയങ്ങളുടെ കൊടുമുടിയിൽ നിൽക്കുമ്പോഴും താൻ പിറന്നുവീണ നാടും അവിടുത്തെ മനുഷ്യരെയും അദ്ദേഹം മറന്നിരുന്നില്ലെന്ന് ജോസ് കിഴക്കനടി വ്യക്തമാക്കി.


മാനവിക സേവനത്തിനും പ്രേക്ഷിത പ്രവർത്തനത്തിനും അദ്ദേഹം നല്കിയ മഹത്തായ സംഭാവനകളെ കണക്കിലെടുത്ത് വിവിധ സംഘടനകളിൽ നിന്നും ധാരാളം ബഹുമതികളും അംഗീകാരങ്ങളും ലഭിച്ച കാര്യം ഫാ. ലിജോ ചൂണ്ടിക്കാട്ടി.

ബാബു ചേട്ടന്റെ വേർപാട് (ജൂലൈ 30, 2026) കുടുംബത്തിനു മാത്രമല്ല താമ്പാ ക്നാനായ സമൂഹത്തിനും സുഹൃത്തുക്കൾക്കും അദ്ദേഹത്തിന്റെ സ്നേഹവും സഹായവും അനുഭവിച്ച എല്ലാവർക്കും തീരാനഷ്ടമാണ്.

അദ്ദേഹം പകർന്നു തന്ന സ്നേഹവും കരുണയും സേവനമനോഭാവവും എന്നും നമ്മുടെ ഹൃദയങ്ങളിൽ ജീവിച്ചുകൊണ്ടിരിക്കുമെന്ന് അനുസ്മരണ ചടങ്ങിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.



# വി.ഡി. സതീശനെ രൂക്ഷമായി വിമർശിച്ച് സമസ്ത



മലപ്പുറം: കാന്തപുരം എ.പി.അബൂബക്കർ മുസല്യാരുടെ പ്രസ്താവനയോടുള്ള മുഖ്യമന്ത്രി വി.ഡി. സതീശന്റെ പ്രതികരണത്തെ രൂക്ഷമായി വിമർശിച്ച് സമസ്ത മുഖപത്രം. സതീശന്റെ പ്രതികരണം കുരുടൻ ആനയെ കണ്ടതുപോലെയായെന്ന് 'മര്യാദയ്ക്ക് സംസാരിക്കണം' എന്ന തലക്കെട്ടിലെഴുതിയ വ്യക്തിവിചാരം കോളത്തിൽ പത്രം ചൂണ്ടിക്കാട്ടി. മുസ്‌ലിം സമുദായത്തിലെ ചിലർ ഫീഡ് ചെയ്തു നല്കിയതാണ് സതീശൻ പറഞ്ഞത്. അന്തിച്ചർച്ചകളിൽ അദ്ദേഹത്തിനു പിന്തുണ ലഭിക്കുന്നത് ഡിബേറ്റിനു വരുന്നവർ ഇസ്‌ലാമിലെ സ്ത്രീസങ്കല്പത്തെക്കുറിച്ച് മനസ്സിലാക്കാത്തവരാണ്.

പൊതുതെരഞ്ഞെടുപ്പിലും മുഖ്യമന്ത്രിയെ കണ്ടെത്തുന്നതിലും സതീശനെ പിന്തുണച്ചതിന്റെ പാപഭാരം മുസ്‌ലിംകളുടെമേൽ എതിരാളികളെങ്കിലും വെച്ചുകെട്ടുന്നുണ്ട്. ഇതിൽനിന്ന് രക്ഷപ്പെടാനുള്ള 'കമൽ' യുദ്ധമാണോ സതീശൻ നടത്തുന്നതെന്ന് എഡിറ്റോറിയൽ ചോദിക്കുന്നു.

സ്ത്രീകൾക്കെതിരായ പരാമർശങ്ങൾ അംഗീകരിക്കാനാവില്ല. ഐഎസ്എം ചാവക്കാട് (തൃശൂർ) മതത്തിന്റെ പേരിൽ സ്ത്രീകളെ അപമാനിക്കുന്നതും അവരുടെ അന്തസ്സിനെയും അവകാശങ്ങളെയും ചോദ്യം ചെയ്യുന്നതുമായ പരാമർശങ്ങൾ അംഗീകരിക്കാനാകില്ലെന്ന് ഐഎസ്എം വെളിച്ചം സംസ്ഥാന സംഗമത്തോടനുബന്ധിച്ച് നടന്ന വനിതാസമ്മേളനം അഭിപ്രായപ്പെട്ടു.

കാന്തപുരം അബൂബക്കർ മുസല്യാരുടെതായി പുറത്തുവന്ന പരാമർശങ്ങൾ ഈ പശ്ചാത്തലത്തിൽ ഗൗരവമായികാണണം. സ്ത്രീകളെക്കുറിച്ച് സംസാരിക്കുമ്പോൾ മതപണ്ഡിതർ സൂക്ഷ്മത പുലർത്തണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. സ്ത്രീശാക്തീകരണത്തിനു മുന്തിയ പ്രാധാന്യം നല്കുന്ന പാർട്ടിയാണ് കോൺഗ്രസ്. കാന്തപുരം വിഷയത്തിൽ മുഖ്യമന്ത്രിയുടെ നിലപാടുതന്നെയാണ് പാർട്ടിയുടേതും: കെപിസിസി പ്രസിഡണ്ട് സണ്ണി ജോസഫ് പറഞ്ഞു.

സ്ത്രീശാക്തീകരണ വിഷയത്തിലുള്ള എന്റെ നിലപാടുകളിൽ ഒരു മാറ്റവുമില്ല. എന്നാൽ ഒരു പ്രസ്താവനയുടെ പേരിൽ കാന്തപുരം എ.പി. അബൂബക്കർ മുസല്യാരെ ഒറ്റതിരിഞ്ഞ് ആക്രമിക്കുന്നതിനോട് യോജിക്കുന്നില്ലെന്ന് ഫാത്തിമ തഹ്‌ലിയ എംഎൽഎ പറഞ്ഞു.

# 'മദർ തെരേസ – പ്രോഫറ്റ് ഓഫ് കംപാഷൻ' പുറത്തിറങ്ങി

കൊൽക്കത്ത: വിശുദ്ധ മദർ തെരേസയുടെ ജീവിതവും പ്രേഷിതപ്രവർത്തനങ്ങളും ദൃശ്യവത്കരിക്കുന്ന 'മദർ തെരേസ-പ്രോഫറ്റ് ഓഫ് കംപാഷൻ' എന്ന അന്താരാഷ്ട്ര ഡോക്യുമെന്ററി പുറത്തിറങ്ങി. വിശുദ്ധ മദർതെരേസയുടെ തിരുനാൾ ദിനമായ സെപ്റ്റംബർ അഞ്ചിന് ശനിയാഴ്ച കൊൽക്കത്ത അതിരൂപതയുടെ നേതൃത്വത്തിൽ പാർക്ക് സ്ട്രീറ്റിലെ സെന്റ് സേവ്യേഴ്സ് കോളജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ആർച്ച്ബിഷപ് ഡോ. ഏലിയാസ് ഫ്രാങ്ക് ഡോക്യുമെന്ററിയുടെ പ്രകാശനം നിർവഹിച്ചു. തുടർന്ന് ആദ്യ പ്രദർശനം നടന്നു. മുതിർന്ന മാധ്യമപ്രവർത്തകനായ ആന്റോ അക്കരെയാണ് ഡോക്യുമെന്ററി നിർമിച്ചിരിക്കുന്നത്. ഇൻഡോറിലെ 'ആത്മദർശൻ ടിവി'യുടെ പിന്തുണയോടെയാണ് 66 മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററി പൂർത്തിയാക്കിയത്.

മാധ്യമപ്രവർത്തകനായ ആന്റോ അക്കരയുടെ മദർ തെരേസയോടുള്ള അടങ്ങാത്ത ആദരവാണ് ഈ സംരംഭത്തിനു പിന്നിലെന്ന് ആർച്ച്ബിഷപ് ഡോ. ഏലിയാസ് ഫ്രാങ്ക് പറഞ്ഞു. നിർമാണത്തിന്റെ നിർണായകഘട്ടത്തിൽ കംപ്യൂട്ടറിലെ വിവരങ്ങൾ നഷ്ടപ്പെട്ടിട്ടും പിന്മാറാതെ ഈ ദൗത്യം പൂർത്തിയാക്കിയ അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തെ ആർച്ച്ബിഷപ് പ്രശംസിച്ചു.

തനിക്ക് 33 വയസ് മാത്രമുള്ളപ്പോൾ 1995-ൽ മദർ തെരേസ നൽകിയ സമഗ്രമായ ഒരു അഭിമുഖമാണ് ഈ യാത്രയുടെ തുടക്കമെന്ന് ആന്റോ അക്കരെ അനുസ്മരിച്ചു.

മദർ തെരേസ ലോകത്തിനുമുന്നിൽ തുറന്നിട്ട കാരുണ്യത്തിന്റെ പ്രവാചക വഴിത്താരയെയാണ് ഈ ഡോക്യുമെന്ററിയിൽ ആഴത്തിൽ വിശകലനം ചെയ്യുന്നത്. കൂടാതെ, മദറിനെതിരേയുണ്ടായ വ്യാജ പ്രചാരണങ്ങളെയും മതപരിവർത്തന ആരോപണങ്ങളെയും ഡോക്യുമെന്ററി വസ്തുതാപരമായി പ്രതിരോധിക്കുന്നു.

1948-ൽ പാറ്റ്ന, 1959-ൽ ജാർഖണ്ഡ്, 1961-ൽ ന്യൂഡൽഹി എന്നിവിടങ്ങളിലെ മദറിന്റെ ആദ്യകാല പ്രവർത്തനങ്ങളിലെ അപൂർവദൃശ്യങ്ങളും വിവരങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

യെമൻ, നിക്കരാഗ്വ, ഗാസ, യുക്രെയ്ൻ തുടങ്ങിയ സംഘർഷമേഖലകളിൽ സഭയിലെ കന്യാസ്ത്രീകൾ നടത്തിയ സേവനങ്ങളും ത്യാഗങ്ങളും, പ്രശസ്ത ഫോട്ടോഗ്രാഫർ രഘു റായിയുടെ അനുഭവങ്ങൾ, മുൻ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റു മദറിനെക്കുറിച്ച് പങ്കുവെച്ച ഓർമകൾ എന്നിവയും ഡോക്യുമെന്ററിയിലുണ്ട്.




'മദർ തെരേസ-പ്രോഫറ്റ് ഓഫ് കംപാഷൻ' എന്ന ഡോക്യുമെന്ററിയുടെ ആദ്യപ്രദർശനം കാണുന്ന കൊൽക്കത്ത ആർച്ച്ബിഷപ് ഡോ. ഏലിയാസ് ഫ്രാങ്കും ആന്റോ അക്കരയും.

# മുൻ എംഎൽഎ കെ. അച്യുതൻ അന്തരിച്ചു



പാലക്കാട്: കോൺഗ്രസ് നേതാവും മുൻ എംഎൽഎയുമായ കെ. അച്യുതൻ (76) അന്തരിച്ചു. ആലത്തൂരിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. 1996 മുതൽ 2016 വരെ ചിറ്റൂർ എംഎൽഎ ആയിരുന്നു. നിലവിലെ ചിറ്റൂർ എംഎൽഎ സുമേഷ് അച്യുതൻ മകനാണ്. കേരള വിദ്യാർത്ഥി യൂണിയനിലൂടെയാണ് കെ. അച്യുതൻ പൊതുരംഗത്തെത്തിയത്. കർഷക കുടുംബത്തിൽ ജനിച്ച അച്യുതൻ കർഷകരുടെ ഇടയിൽ പ്രവർത്തിച്ച് രാഷ്ട്രീയരംഗത്ത് സജീവമായി. ദീർഘകാലം ചിറ്റൂർ-തത്തമംഗലം നഗരസഭാ ചെയർമാനായിരുന്നു. 1996-ൽ കെ. കൃഷ്ണൻകുട്ടിയെ പരാജയപ്പെടുത്തിയാണ് ആദ്യമായി നിയമസഭയിലെത്തിയത്. പിന്നീട് 2016 വരെ തുടർച്ചയായി വിജയിച്ചു.

# രാമക്ഷേത്ര ട്രസ്റ്റ് ആദ്യ സിഇഒ റിട്ട. എയർ മാർഷൽ ജീതേന്ദ്ര മിശ്ര



അയോധ്യ: ശ്രീറാം ജന്മഭൂമി തീർഥ ട്രസ്റ്റ് ഓഫ് ഓപ്പറേറ്റിംഗ് ഓഫീസറായി (സിഇഒ) ഓപ്പറേഷൻ സിന്ദൂറിൽ വെസ്റ്റേൺ എയർ കമാൻഡിനെ നയിച്ച ജീതേന്ദ്ര മിശ്രയെ (62) നിയമിച്ചു. മുൻ ട്രഷറർ ഗോവിന്ദ് ദേവ് ഗിരിയാണ് ശ്രീറാം ജന്മഭൂമി തീർത്ഥ ട്രസ്റ്റിന്റെ പുതിയ ജനറൽ സെക്രട്ടറി. മഹേഷ് ഭാഗ്ചന്ദ്കയാണ് പുതിയ ട്രഷറർ.

അയോധ്യ സംഭാവനക്കൊള്ള വിവാദത്തിൽ ട്രസ്റ്റ് ജനറൽ സെക്രട്ടറി ചംപത് റായ് രാജിവെക്കുകയും മറ്റുള്ളവർ സംശയനിഴലിൽ നിൽക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിലാണ് നിയമനം. 5585 പേരാണ് സിഇഒ പദവിയിലേക്ക് അപേക്ഷിച്ചിരുന്നത്. റിട്ട. ലഫ്. ജനറൽ വിഷ്ണുകാന്ത് ചതുർവേദി, ശാസ്ത്രജ്ഞൻ സുരേഷ് ഹവാരെ എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് നിയമനം നടത്തിയത്. അഴിമതി പുറത്തുവന്നശേഷം നടന്ന മൂന്നാമത്തെ യോഗത്തിലാണ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം ട്രസ്റ്റ് ജീതേന്ദ്രയുടെ പേര് അംഗീകരിച്ചത്. അപേക്ഷകരെക്കുറിച്ച് എഐ സഹായത്തോടെയുള്ള പരിശോധനയും വെർച്ചലായുള്ള അഭിമുഖവും നടത്തിയിരുന്നു. യുപിയിലെ ദേവ്‌രി ജില്ലയിൽനിന്നുള്ള മിശ്രയ്ക്ക് ഓപ്പറേഷൻ സിന്ദൂറിൽ സർവോത്തം യുദ്ധസേവാ മെഡൽ ലഭിച്ചിരുന്നു. കൂടാതെ അതിവിശിഷ്ട സേവാ മെഡൽ, വിശിഷ്ട സേവാ മെഡൽ എന്നിവയും ലഭിച്ചിട്ടുണ്ട്.

# പ്രിയ വർഗീസ് നിയമനക്കേസ്; സുപ്രീംകോടതിയിൽ നിർണായക നീക്കം

ന്യൂഡൽഹി: അസോസിയേറ്റ് പ്രഫസർ തസ്തികയിലേക്കുള്ള പ്രിയാ വർഗീസിന്റെ നിയമനവുമായി ബന്ധപ്പെട്ട കേസ് സുപ്രീംകോടതി പരിഗണിക്കാനിരിക്കെ കണ്ണൂർ സർവകലാശാലയുടെ നിർണായക നീക്കം. സർവകലാശാല അഭിഭാഷകനെ മാറ്റിയതു കൂടാതെ പ്രിയാ വർഗീസിന് അനുകൂലമായി സ്വീകരിച്ചിരുന്ന നിലപാടിലും സർവകലാശാല മാറ്റം വരുത്തുന്നു.



സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറി കെ.കെ. രാഗേഷിന്റെ ഭാര്യ പ്രിയാ വർഗീസിന്റെ കേസിൽ മുൻ എസ്എഫ്ഐ നേതാവ് കെ.ആർ. സുഭാഷ് ചന്ദ്രൻ ആണ് കണ്ണൂർ സർവകലാശാലയ്ക്കു വേണ്ടി ഹാജരായിരുന്നത്. എസ്എഫ്ഐയിൽ രാഗേഷും സുഭാഷും ഒരേ കാലയളവിൽ പ്രവർത്തിച്ചവരാണ്. നിലവിൽ സിപിഎമ്മിന്റെ അഭിഭാഷകസംഘടനയുടെ സജീവപ്രവർത്തകനുമാണ്.

അസോസിയേറ്റ് പ്രഫസർ തസ്തികയിലേക്കുള്ള പ്രിയ വർഗീസിന്റെ നിയമനം നിയമപരമായിരുന്നുവെന്ന് വ്യക്തമാക്കി സർവകലാശാല സത്യവാങ്മൂലം ഫയൽ ചെയ്തിരുന്നു. പ്രിയയ്ക്ക് നിയമനത്തിനുള്ള യോഗ്യതയുണ്ടെന്നും സർവകലാശാല വ്യക്തമാക്കിയിരുന്നു. സർവകലാശാലയുടെ നിലപാട് സുപ്രീംകോടതിയിലെ കേസിൽ നിർണായകമാണ്. നിലപാട് മാറ്റത്തിനു മുന്നോടിയായാണ് സർവകലാശാല അഭിഭാഷകനെ മാറ്റിയത്. സംസ്ഥാന സർക്കാരിന്റെ സ്റ്റാൻഡിംഗ് കൗൺസൽ സുൽഫിക്കർ അലി ആണ് പുതിയ അഭിഭാഷകൻ. തിടുക്കപ്പെട്ടുള്ള ഈ അഭിഭാഷകമാറ്റം പ്രിയ വർഗീസിന്റെ കേസിന്റെ പശ്ചാത്തലത്തിലാണെന്നാണ് സൂചന. പ്രിയ വർഗീസിന്റെ നിയമനം സുതാര്യമല്ലെന്നും പ്രിയയ്ക്ക് ആവശ്യമായ യോഗ്യത ഇല്ലെന്നുമുള്ള നിലപാട് സർവകലാശാല കോടതിയിൽ അറിയിക്കും. സംസ്ഥാന സർക്കാരിനുവേണ്ടി നേരത്തെ കേസിൽ ഹാജരായിരുന്നത് സി.കെ. ശശി ആയിരുന്നു. സുപ്രീംകോടതിയിലെ സംസ്ഥാന സർക്കാരിന്റെ സ്റ്റാൻഡിംഗ് കോൺസൽ ജെയിംസ് പി. തോമസാകും ഇനി കേരളത്തിനുവേണ്ടി ഹാജരാകുക.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is cur-

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to

**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

rently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

KERALA EXPRESS

# നിര്യാതരായി

## കെ.സി. കുര്യൻ

**കൊല്ലാട്:** കോട്ടയം കളക്ടറേറ്റ് മുൻ ജീവനക്കാരൻ വലിയമുണ്ടാക്കൽ കൊച്ചുതാഴത്ത് കെ.സി. കുര്യൻ (കുഞ്ഞുമോൻ-70) അന്തരിച്ചു. ഭാര്യ വടവറയിൽ ആനി കുര്യൻ. മക്കൾ: മനു കുര്യൻ (ഓസ്ട്രേലിയ), മിനു ജൂബി (യുഎസ്). മരുമക്കൾ: ആതിര മനു (ഓസ്ട്രേലിയ), ജൂബി മർക്കോസ് നെല്ലിശ്ശേരിൽ (യുഎസ്).

## കെ.എ. മാത്യു

**പാമ്പാക്കുട:** ചാർട്ടേഡ് അക്കൗണ്ടന്റ് കോനാട്ട് കെ.എ. മാത്യു (95) ബെംഗ്ലൂരുവിൽ അന്തരിച്ചു. ഭാര്യ തൃശൂർ മഴുവഞ്ചേരി പറമ്പാത്ത് എസി. മക്കൾ: ഏബ്രഹാം മാത്യു (യുഎസ്), കോരുത് മാത്യു (ബെംഗ്ളൂരു). മരുമക്കൾ: നീന, മനു.

## ഏലിയാമ്മ ജോസഫ്

**വരിക്കാംകുന്ന്:** കരിപ്പാടം തടത്തിൽ ഏലിയാമ്മ ജോസഫ് (85) അന്തരിച്ചു. കല്ലറ വരിക്കാംതൊട്ടി കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ്. മക്കൾ: ലിസി, ലാൽമോൻ, സാബു, ജെസി (ഡാളസ്). മരുമക്കൾ: ജോസ് പെരുനിലത്തിൽ (പുതുവേലി), സൈബി രാമച്ചനാട്ട് (ഡാളസ്), അനിത തടത്തിൽ (ഡാളസ്), ജോയി വെളിയത്ത് പുത്തൻപുരക്കൽ (ഡാളസ്).

## ത്രേസ്യാമ്മ ജോസഫ്

**പെരിങ്ങുളം:** പല്ലാട്ടുക്കുന്നേൽ പരേതനായ ജോസഫിന്റെ ഭാര്യ ത്രേസ്യാമ്മ ജോസഫ് (93) അന്തരിച്ചു. പെരിങ്ങുളം വാഴയിൽ കുടുംബാംഗമാണ്. മക്കൾ: പരേതനായ സണ്ണി, പരേതനായ ടോമി പെരിങ്ങുളം, ലോറൻസി വിൻസെന്റ് (മുംബൈ), ജൈനമ്മ ചാക്കോ പിണക്കാട്ട് മേലുകാവുമറ്റം, ഷൈനി ജോസഫ് (യുഎസ്), സിസ്റ്റർ ലിജി ജോസഫ് (മുംബൈ), സിസ്റ്റർ അൽഫോൻസ് ജോസ് (ഝാർഖണ്ഡ്), വിമല ജോസ് (ഓസ്ട്രേലിയ).

## സി.കെ. ജോൺ

**അതിരമ്പുഴ:** ഐഡിഎഎസ് റിട്ട. എസിഡി ഓട്ടക്കാഞ്ഞിരം വസതിയിൽ സി.കെ. ജോൺ (82) അന്തരിച്ചു. മാവേലിക്കര കുറ്റിശേരിൽ കുടുംബാംഗമാണ്. ഭാര്യ പാലാ ഐക്കര ലിൻസി (ഡിഎഡി റിട്ട. ഉദ്യോഗസ്ഥ). മക്കൾ: ജോൺ അലക്സാണ്ടർ (യുഎസ്), സൂസൻ അലക്സാണ്ടർ (അധ്യാപിക, ട്രിനിറ്റി ലൈസിയം കൊല്ലം). മരുമക്കൾ: ലിസ ജോൺ ലാഹത്തറയിൽ (യുഎസ്), നല്ലില കല്ലുവിള ഹൗസിൽ സക്കറിയ മാത്യു (അധ്യാപകൻ, പിവിഎച്ച്എസ്എസ് വെള്ളിമൺ).

**പേരൂർ:** ഒള്ളപ്പള്ളിൽ ത്രേസ്യാമ്മ (93) ബെംഗ്ളൂരുവിൽ അന്തരിച്ചു.

**കൈപ്പുഴ:** മുണ്ടയ്ക്കൽ അന്നക്കുട്ടി തോമസ് (85) അന്തരിച്ചു.

## അഞ്ജു ബിജു മൂന്നുപറയിൽ



**കൈപ്പുഴ:** സെന്റ് ജോർജ് ക്നാനായ കത്തോലിക്കാ ഫൊറോനാപള്ളി ഇടവകാംഗമായ മൂന്നുപറയിൽ ബിജു ജേക്കബിന്റെ ഭാര്യ അഞ്ജു ബിജു (54) അന്തരിച്ചു. കണ്ണങ്കര കറുകപ്പറമ്പിൽ പരേതനായ മാത്തുക്കുട്ടിയുടെയും മേരിയുടെയും മകളാണ്. മക്കൾ: അനീസ്സാ മൂന്നുപറയിൽ (കാനഡ), അനോഹ് മൂന്നുപറയിൽ (കേരളം). സഹോദരങ്ങൾ: ചാണ്ടി മാത്യു കറുകപ്പറമ്പിൽ (ഓസ്ട്രേലിയ), ബിജോ മാത്യു കറുകപ്പറമ്പിൽ (ഹൂസ്റ്റൺ), മഞ്ജു ജെയിംസ് വല്ലയിൽ (സാൻഹൊസെ).

**ടൊറന്റോ:** കോട്ടയം പള്ളത്ത് ചെറുവള്ളിൽ ഡോ. സി. ജെ. കുര്യൻ (94) കാനഡയിൽ അന്തരിച്ചു.

## മേരി ഫിലിപ്പ്

**ചങ്ങനാശേരി:** തോപ്പിൽ പരേതനായ ഫിലിപ്പോസ് വർഗീസിന്റെ ഭാര്യ ചങ്ങനാശേരി സെ. ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ റിട്ട. അധ്യാപിക മേരി ഫിലിപ്പ് (ലീലാമ്മ-81) അന്തരിച്ചു. പുളിങ്കുന്ന് മണലേത്ത് കുടുംബാംഗമാണ്. മക്കൾ: സെൽമി ജോർജ്, സജി (യുഎസ്), സാബു (തോപ്പിൽ ഫർണിച്ചർ). മരുമക്കൾ: ഡോ. ജോർജ് നെല്ലിക്കാട്ടിൽ കോതമംഗലം, ലിനി വലിയപറമ്പിൽ തുരുത്തി (യുഎസ്), ലീന വടക്കേപ്പാമൂട്ടിൽ ചങ്ങനാശേരി (എച്ച്.എം മിത്രക്കരി).

**കുറ്റപ്പുഴ:** ടൈംസ് ഓഫ് ഇന്ത്യ മുൻ ജനറൽ മാനേജർ ചുമത്ര പീടികയിൽ വർഗീസ് (സണ്ണി-73) അന്തരിച്ചു.

## ശോശാമ്മ കുരുവിള

**മണർകാട്:** കുഴിപ്പുരയിടം കഞ്ഞിക്കുഴിമാലിയിൽ പരേതനായ തോമസ് കുരുവിളയുടെ (സെ. തോമസ് ബേക്കറി മണർകാട്) ഭാര്യ ശോശാമ്മ കുരുവിള (കുഞ്ഞമ്മച്ചി-91) അന്തരിച്ചു. വടവാതൂർ വലിയവീട്ടിൽ കുടുംബാംഗമാണ്. മക്കൾ: ബാബു (യുഎസ്), ഷാജി, സജി. മരുമക്കൾ: ലില്ലിക്കുട്ടി കോമർത്ത്ശേരിൽ (വേളൂർ), മോളി കൂരാപ്പള്ളിൽ (നെടുമാവ്), ഷൈനി ഇടത്തറ (ചീരഞ്ചിറ).

**ആലപ്പുഴ:** റിട്ട. പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ എരമല്ലൂർ ആലയ്ക്കാപ്പറമ്പിൽ എം.പി. റാഫേൽ (91) അന്തരിച്ചു.


## അന്നമ്മ ഉലഹന്നാൻ

**വാകത്താനം:** നാലുന്നാക്കൽ കണ്ണഞ്ചിറ കോട്ടപ്പുറത്ത് അന്നമ്മ ഉലഹന്നാൻ (കുഞ്ഞമ്മ-83) അന്തരിച്ചു. നീലിമംഗലം പുറത്തേട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഉലഹന്നാൻ ഇട്ടി. മക്കൾ: പരേതനായ രാജു, മിനി (ജയ്പൂർ), ജയിനി (യുഎസ്), ആനി. മരുമക്കൾ: എൽസി കിളിരൂക്കുന്നേൽ, പരേതനായ എം.എ. മത്തായി മുരിങ്ങാട്ട്, സാബു (യുഎസ്), ജോർജുകുട്ടി (പാമ്പാടി).

## ത്രേസ്യാമ്മ ജോസഫ്

**ചങ്ങനാശേരി:** ചെറുകര പരേതനായ ഡോ. സി.എം. ജോസഫിന്റെ ഭാര്യ ത്രേസ്യാമ്മ ജോസഫ് (89) അന്തരിച്ചു. കാഞ്ഞിരപ്പള്ളി കിഴക്കേത്തലയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: സബീന, ഫ്രാൻസിസ്, മോളി, ലിസി. മരുമക്കൾ: ഐവാൻ അഗസ്റ്റിൻ, അന്ന ചക്യാത്ത് കളമശേരി, ഡോ. ജോൺ ആലുക്കൽ കോഴിക്കോട് (യുഎസ്), പരേതനായ മാത്തച്ചൻ കരിക്കാട്ടുപറമ്പിൽ കാഞ്ഞിരപ്പള്ളി.

## വർഗീസ് ഉമ്മൻ



**ഡാളസ്:** തലവടി കൊച്ചുമമ്മൂട്ടിൽ പരേതരായ എം.പി. ഉമ്മന്റെയും ഏലിയാമ്മ ഉമ്മന്റെയും മകൻ വർഗീസ് ഉമ്മൻ (77) അന്തരിച്ചു. ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ്മാ ചർച്ച് ഇടവകാംഗമാണ്. ഭാര്യ സുശീല വർഗീസ്. മക്കൾ: ഉമ്മൻ ബി. വർഗീസ്, എലിസബത്ത് സാമുവൽ. മരുമക്കൾ: പ്രീത ആൻ ഫെൻ, വെസ്ലി സാമുവൽ.

**പാലാ:** ജസ്വിറ്റ് മധുര പ്രൊവിൻസ് അംഗവും ഗ്രന്ഥകാരനും അധ്യാപകനുമായിരുന്ന ഫാ. ഇഗ്നേഷ്യസ് പുതിയിടം (97) ഡിണ്ടിഗലിൽ അന്തരിച്ചു.

## പ്രഫ. കെ.സി. ഉണ്ണിട്ടൻ

**റാന്നി:** സെ. തോമസ് കോളജ് റിട്ട. അധ്യാപകൻ കണ്ണൻകുഴയത്ത് പ്രഫ. കെ.സി. ഉണ്ണിട്ടൻ (മോൻ-80) അന്തരിച്ചു. റാന്നി ലയൺസ് ക്ലബ് സെക്രട്ടറി, പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയംഗം, കേരള കോൺഗ്രസ് നിയോജകമണ്ഡലം പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ പരേതയായ എലിസബത്ത്. മക്കൾ: അബു (യുഎസ്), അജാ അശോക് (കുവൈറ്റ്). മരുമക്കൾ: കോട്ടയം നെടുംചിറ ജിജു, മാന്നാർ കിഴക്കേമുറി ഫെബി.

## വി.വി. ബേബി

**പുറപ്പുഴ:** വീട്ടിയാങ്കൽ വി.വി. ബേബി (79) അന്തരിച്ചു. ഭാര്യ രാമപുരം വെട്ടിക്കുഴിച്ചാലിൽ ഫിലോമിന. മക്കൾ: ജെയ്സ് (യുഎസ്), ജയ (അധ്യാപിക), ജിയോ (വീട്ടിയാങ്കൽ സ്റ്റോഴ്സ് പുറപ്പുഴ), പരേതനായ ജെയിൻ ബേബി. മരുമക്കൾ: ഏബ്രഹാം ഒഴുകയിൽ (യുഎസ്), പന്നിമറ്റം തോപ്പുംതലയ്ക്കൽ ജാനറ്റ്, വടകര തലയോടിയിൽ സിജി, ചിറ്റൂർ കാട്ടാംകോട്ടിൽ പരേതനായ ജോസ് മാത്യു.

**അങ്കമാലി:** മാള മെറ്റ്സ് എൻജിനിയറിങ് കോളജ് അസി. പ്രഫ. കരയാംപറമ്പ് ഫെഡറൽ സിറ്റി മുണ്ടമറ്റം അഖില ഡേവിഡ് (54) അന്തരിച്ചു.

## ടി. സദാനന്ദൻ

**കോട്ടയം:** പെരുമ്പായിക്കാട് അമ്പാടി വീട്ടിൽ ടി. സദാനന്ദൻ (84) അന്തരിച്ചു. മക്കൾ: സിനു, സിജു (യുഎസ്). മരുമക്കൾ: സന്തോഷ് ലാൽ, അജി പണിക്കർ (യുഎസ്).

**കോതമംഗലം:** നസ്രത്ത് സന്യാസിനി സമൂഹം സെ. മേരീസ് പ്രോവിൻസ് അംഗം സിസ്റ്റർ ലിയോ വെങ്ങലൂർ (90) അന്തരിച്ചു.

## മറിയാമ്മ വർഗീസ്

**അങ്കമാലി:** തുറവൂർ മൂപ്പൻ കവല മൈത്രി 15 ഇടച്ചേരിൽ മറിയാമ്മ വർഗീസ് (90) അന്തരിച്ചു. തുരുത്തിശേരി പാറയ്ക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വർഗീസ്. മക്കൾ: ഏലിയാസ്, തരിയൻ, മോളി (യുഎസ്), ബീന. മരുമക്കൾ: ഷീല, മേരി, സൈമൺ, സ്കറിയ.

## സാമുവൽ ചാക്കോ

**വെണ്മണി:** ആദിക്കാട്ടേത്ത് നിസി ഭവനത്തിൽ എ.എസ്. ചാക്കോയുടെ മകൻ സാമുവൽ ചാക്കോ (ലിബു-45) യുഎസിൽ അന്തരിച്ചു. ഭാര്യ ആൻ ചാക്കോ. മക്കൾ: ജോയൽ, ജോന.

## ലിസി തോമസ്

**രാമപുരം:** വെള്ളിലാപ്പള്ളി കാരക്കാട് ലിസി തോമസ് (68) യുഎസിൽ അന്തരിച്ചു. പൂഞ്ഞാർ പെരിങ്ങുളം വാഴയിൽ കുടുംബാംഗമാണ്. ഭർത്താവ് അഗസ്റ്റിൻ തോമസ്.

## മറിയക്കുട്ടി മാണി

**മരങ്ങോലി:** കുമാരമംഗലം മറിയക്കുട്ടി മാണി (97) അന്തരിച്ചു. ഭർത്താവ് പരേതനായ സ്കറിയ മാണി. മക്കൾ: പുഷ്പ, വത്സമ്മ, നിഷ, ഡോ. സ്കറിയ കുമാരമംഗലം, ലിസി (ഇറ്റലി), മൈക്കിൾ, സിബി കുമാരമംഗലം (ഇറ്റലി). മരുമക്കൾ: പ്രഫ. ജോർജ് (സ്വിറ്റ്സർലൻഡ്), ഡോ. റിക്കാർഡോ (സ്വിറ്റ്സർലൻഡ്), ജെനി (യുഎസ്), പ്രഫ. ആൽബർത്തോ (ഇറ്റലി), ജെസി (സ്വിറ്റ്സർലൻഡ്), സിനി (ഇറ്റലി), സഖറിയാസ് കുതിരവേലി (മുൻ ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്).

## മിറിയം ടി. ജോസഫ്

**പള്ളം:** തോട്ടാമഠത്തിൽ മിറിയം ടി. ജോസഫ് (മീര-67) അന്തരിച്ചു. പള്ളം സ്രാമ്പിക്കൽ കുടുംബാംഗമാണ്. ഭർത്താവ് ടി.എ. ജോസഫ്. മകൻ: ജോഷ ആന്റണി ജോസഫ്. മരുമകൾ: സൗമ്യ ആൻ ജോഷ (ഇരുവരും യുഎസ്).

## ഫിലിപ്പ് ജോർജ്



**ഡാളസ്:** ഹൈദരാബാദ് സ്വദേശിയും ഡാളസ് മലയാളി സമൂഹത്തിൽ ജോ എന്ന് അറിയപ്പെട്ടിരുന്ന ഫിലിപ്പ് ജോർജ് അന്തരിച്ചു. ഡാളസ് റിച്ചാർഡ്സെനിലെ കാൽവറി ഐപിസി സഭയിലെ അംഗമായിരുന്നു. ഭാര്യ: സൂസൻ ഫിലിപ്പ്. മക്കൾ: ലിസ, ആലിസൺ. മരുമക്കൾ: ജിജോ, ഷെയിൻ.

**കോട്ടയം:** കീഴുക്കുന്ന് ആറ്റുമാലിയിൽ പരേതനായ കെ.എ. പോളിന്റെ ഭാര്യ മേരിക്കുട്ടി പോൾ (ജോസഫിൻ-82) അന്തരിച്ചു.

## ആലീസ് തോമസ്

**കൊല്ലാട്:** എടത്തുംപടിക്കലായ വടവറയിൽ പരേതനായ തോമസിന്റെ ഭാര്യ ആലീസ് തോമസ് (87) അന്തരിച്ചു. വേളൂർ കൈതാത്തുശേരിൽ കുടുംബാംഗമാണ്. മക്കൾ: ഐസു തോമസ്, വി.ടി. തോമസ് (സൗത്ത് ആഫ്രിക്ക), പരേതയായ മേഴ്സി ഏലിയാസ്, മെറീന ഏബ്രഹാം, സെറീന കുരുവിള (യുഎസ്). മരുമക്കൾ: സുമോൾ തോമസ് (സൗത്ത് ആഫ്രിക്ക), എൻ.സി. ഏലിയാസ്, പരേതനായ ഏബ്രഹാം ജോർജ് (എടത്വ), എം.എസ്. ബിന്ദു (റിട്ട. പ്രിൻസിപ്പൽ), കുരുവിള ഉമ്മൻ (യുഎസ്).

## ശോശാമ്മ ജോർജ്

**കരിക്കാട്ടൂർ:** കോവൂർ കെ.ടി. ജോർജിന്റെ ഭാര്യ ശോശാമ്മ ജോർജ് (88) അന്തരിച്ചു. മല്ലപ്പള്ളി ചവറുകാലായിൽ കുടുംബാംഗമാണ്. മക്കൾ: തോമസ് ജോർജ്, ജോബി ജോർജ്. മരുമക്കൾ: മേരി റെനി, സാന്റിമോൾ (യുഎസ്).

**പനച്ചിക്കാട്:** പാവക്കുളത്ത് പരേതനായ പി.എ. സൈമണിന്റെ ഭാര്യ കുഞ്ഞമ്മ (79) അന്തരിച്ചു.

**ഏറത്തുവടകര:** ബിഎസ്എൻഎൽ റിട്ട. ഡിജിഎം പ്ലാത്താനത്ത് രാജപ്പൻപിള്ള (74) അന്തരിച്ചു.

**മല്ലികശ്ശേരി:** കുന്നത്തുപുരയിടം കെ.പി. ദേവസ്യ (92) അന്തരിച്ചു.

## കെ.കെ. പരമേശ്വര മേനോൻ

**കോയമ്പത്തൂർ:** പുളിയകുളം റോഡ് പക്ഷിരാജ അപ്പാർട്ടുമെന്റിൽ താമസിക്കുന്ന കെ.കെ. പരമേശ്വരമേനോൻ (88) അന്തരിച്ചു. ഭാര്യ അംബിക പരമേശ്വരൻ. മക്കൾ: വിനോദ് മോനോൻ (ഫിസിക്സ് പ്രഫസർ ന്യൂയോർക്ക്), വിശാഖ് മോനോൻ (ആർട്ടിസ്റ്റ് ന്യൂയോർക്ക്). മരുമക്കൾ: മിഷേൽ ചേസ് (ഹിസ്റ്ററി പ്രഫസർ ന്യൂയോർക്ക്), ഐറിസ് ലിറ്റ്വിൻ (ടെക്സ്റ്റൈൽ ഡിസൈനർ, ന്യൂയോർക്ക്).

## ലീലാമ്മ തോമസ്

**കിടങ്ങൂർ:** റിട്ട. അധ്യാപിക ചെറുമണത്ത് ലീലാമ്മ തോമസ് (81) അന്തരിച്ചു. മക്കൾ: ജൂസി (അധ്യാപിക), പരേതനായ ജീവൻ, ജസ്റ്റിൻ (യുഎസ്), ജൂലി (അയർലൻഡ്). മരുമക്കൾ: റെജി ഏബ്രഹാം ചുങ്കത്തിൽ (കട്ടച്ചിറ), ജോസി ജീവൻ കുഴിയൻപറമ്പിൽ (കുറുമുള്ളൂർ), ടീന ജസ്റ്റിൻ എടക്കര പുത്തൻപുരയിൽ (കടുത്തുരുത്തി), അലക്സ് പുതിയിടം (ചിങ്ങവനം).

## അന്നക്കുട്ടി മാത്യു

**മാൻവെട്ടം:** തെക്കേവീട്ടിൽ അന്നക്കുട്ടി മാത്യു (89) അന്തരിച്ചു. ഭർത്താവ് പരേതനായ പൈലി മാത്യു. മക്കൾ: കുഞ്ഞുമോൾ മാത്യു, ആൻസി തോമസ് (യുഎസ്), റോയി മാത്യു, പോൾ മാത്യു, സിനി സിബി. മരുമക്കൾ: അഡ്വ. ബേബി കുര്യൻ, ജെസ്സിമോൾ പോൾ, മാത്യു തോമസ്, സിബി ജോസഫ്, ടോസിലി റോയി.

## കുഞ്ഞമ്മ ജോർജ്

**കുളനട-പത്തനംതിട്ട:** മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ പ്രൈവറ്റ് സെക്രട്ടറി വി. ജോർജിന്റെ അമ്മ മണ്ണൂർ വടക്കേതിൽ പണിക്കർ വീട്ടിൽ കുഞ്ഞമ്മ ജോർജ് (92) അന്തരിച്ചു. ഭർത്താവ് പരേതനായ എം.വി. ജോർജ്. മറ്റ്മക്കൾ: ലിസി സക്കറിയ (യുഎസ്), മറിയാമ്മ വർഗീസ് (റിട്ട. അധ്യാപിക), ജോൺ എം. ജോർജ് (യുഎസ്). മരുമക്കൾ: ഡോ. ലില്ലി ജോർജ് (ഫൗണ്ടർ അധ്യക്ഷ, ഷാലോം ഗ്രൂപ്പ് ഓഫ് സ്കൂൾസ് ഡൽഹി), സാക് തോമസ് (യുഎസ്), കെ.ഇ. വർഗീസ് (റിട്ട. ഡിഇഒ), അനില ജോൺ (യുഎസ്).

**പാലക്കാട്:** മുൻ ദേശീയ കായികതാരവും അത്‌ലറ്റിക് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡണ്ടും റെയിൽവേ റിട്ട. ചീഫ് ടിക്കറ്റ് ഇൻസ്പെക്ടറുമായ സി. ഹരിദാസിന്റെ അമ്മ പെരുവെമ്പ് വാഴക്കോട് പുളക്കാട് വീട്ടിൽ എ. മധുര (87) അന്തരിച്ചു.

**നാട്ടകം:** വിഎച്ച്എസ്ഇ റിട്ട. ഡയറക്ടർ വല്യാറ വി.ടി. ഔസേപ്പ് (86) അന്തരിച്ചു.

**കവിയൂർ:** റിട്ട. അധ്യാപിക പടിഞ്ഞാറ്റുംചേരി മ്ലാലിൽ (രോഹിണി) ഭാരതിയമ്മ (91) അന്തരിച്ചു.

## കെയർഗിവറെ ഹൂസ്റ്റണിൽ ആവശ്യമുണ്ട്

ഹൂസ്റ്റൺ, ടെക്സാസിൽ പ്രായമായ കുടുംബാംഗത്തെ പരിചരിക്കുന്നതിനായി കരുതലും വിശ്വാസ്യതയും ഉള്ള ഒരു Live in കെയർഗിവറെ ആവശ്യമുണ്ട്. ദമ്പതികൾക്കും അപേക്ഷിക്കാം.

**താല്പര്യമുള്ളവർ വിളിക്കുക**

**+1 713 204 7735 (Whats App)**

## PRIME KERALA INVESTMENT OPPORTUNITY FOR NRIs

### 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

### Favors Received



*Inserted by:  Firm Believer, Chicago*

### Favors Received



*Inserted by:  Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**

## LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**

**Phone/Text: (847) 477-1202**

**Email:  gisham26@gmail.com**

### Favors Received



*Inserted by:  Firm Believer, Houston*

### Favors Received



*Inserted by:  Firm Believer, Houston*

### ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by:  Firm Believer, Dallas*

### ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by:  Firm Believer, Dallas*




# പാട്ടുലോകത്തിനപ്പുറമുള്ള പുത്തൻവിശേഷങ്ങളുമായി യുവഗായകൻ സിദ്ധ് ശ്രീറാം

ജനിച്ചത് ചെന്നൈയിലാണെങ്കിലും ഒരു വയസ്സായപ്പോഴേക്കും യുഎസിലെ കാലിഫോർണിയയിലേക്ക്. കൗമാരവും യൗവനവും അവിടത്തന്നെ. കാലിഫോർണിയയിൽനിന്നു കർണാടക സംഗീതത്തിലേക്ക് എനിക്ക് അധികദൂരമുണ്ടായിരുന്നില്ല. കാരണം എന്റെ അമ്മതന്നെയാണ് സംഗീതത്തിൽ എന്റെ ആദ്യ ഗുരു. 1992-ൽ സാൻ ഫ്രാൻസിസ്കോയിൽ അമ്മ ഒരു സംഗീതപഠനകേന്ദ്രം ആരംഭിച്ചു. അമ്മയുടെ വിദ്യാർത്ഥികൾ സംഗീതം പരിശീലിക്കുന്നതു കേട്ടും അതിനൊപ്പം ചുണ്ടനക്കിയുമായിരുന്നു എന്റെ കുട്ടിക്കാലം. കർണാടകസംഗീതം കേട്ടുവളർന്നതുകൊണ്ട് മനസ്സുകൊണ്ട് ഒരിക്കലും നാടുവിട്ടുപോയതുപോലെയൊരു തോന്നൽ എനിക്കുണ്ടായില്ല. വളർച്ചയുടെ ഒരു ഘട്ടത്തിലും വിദേശസംസ്കാരത്തിന്റെ സ്വാധീനം എന്നെ കാര്യമായി ബാധിക്കാതിരുന്നതും അതുകൊണ്ടായിരുന്നു.

എ.ആർ. റഹ്മാനൊപ്പം 'കടൽ' എന്ന ചിത്രത്തിലെ 'അടിയേ' എന്ന ഗാനമായിരുന്നു ആദ്യ ഹിറ്റ്. എ.ആർ. റഹ്മാൻ യൂണിവേഴ്സിലേക്കുള്ള വരവ് ഇപ്പോഴും ഒരു മാജിക് പോലെയാണ് തോന്നുന്നത്. ബോസ്റ്റണിലെ ബെർക്ളി കോളജ് ഓഫ് മ്യൂസിക്കിൽ എന്റെ അവസാന സെമസ്റ്ററായിരുന്നു. അപ്പോഴാണ് റഹ്മാൻ സാറിന്റെ പാട്ട് റിക്കോർഡ് ചെയ്യാൻ അവസരം ലഭിച്ചത്. അദ്ദേഹം മുംബൈയിലും ഞാൻ ബോസ്റ്റണിലും. ഇത് രഹസ്യമായി സൂക്ഷിക്കണമെന്ന് അദ്ദേഹം പ്രത്യേകം പറഞ്ഞിരുന്നതുകൊണ്ട് സുഹൃത്തുക്കളെയൊന്നും കൂടെ കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഓഡിയോ ഉപകരണങ്ങളെല്ലാം ഞാൻ തന്നെ സജ്ജീകരിച്ചു. അന്ന് എന്റെ ലാപ്ടോപ്പ് വളരെ പഴയതായിരുന്നു. ക്യാമറയും പ്രവർത്തിച്ചിരുന്നില്ല. അതുകൊണ്ട് എനിക്ക് റഹ്മാൻസാറിനെ ഒന്നു കാണാൻപോലും കഴിഞ്ഞില്ല; അദ്ദേഹത്തിന്റെ വോയിസ് നോട്ട് കേട്ട് ഞാൻ അതുപോലെ പാടുകയായിരുന്നു.

ഇത്രയും ഹിറ്റുകൾക്കിടയിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഗാനം ഏതാണെന്നു ചോദിച്ചാൽ 'ഐ' എന്ന വിക്രം ചിത്രത്തിലെ 'എന്നോടു നീയിരുന്താൽ' എന്ന പാട്ടിനോട് അൽപം ഇഷ്ടക്കൂടുതലുണ്ട്. കാരണം എ.ആർ. റഹ്മാൻ സാറിനൊപ്പം ഒരേ മുറിയിലിരുന്ന് റിക്കോർഡ് ചെയ്ത ആദ്യ പാട്ടായിരുന്നു അത്. പാട്ടിന്റെ സ്ക്രാച്ച് ട്രാക്ക് കേട്ടപ്പോൾതന്നെ അതിന്റെ ഹൈപിച്ച് എനിക്കു സാധിക്കുമെന്നു തോന്നുന്നില്ലെന്നു ഞാൻ സാറിനോടു തുറന്നുപറഞ്ഞു. പക്ഷേ, അദ്ദേഹം ഉറച്ചുപറഞ്ഞു. "നിന്നെക്കൊണ്ടു സാധിക്കും". അദ്ദേഹം എന്നിൽ കാണിച്ച ആ വിശ്വാസമാണ് എന്നെക്കൊണ്ട് ആ പിച്ചിൽ പാടിപ്പിച്ചത്. എന്റെ കരിയറിലും അതൊരു ടേണിങ് പോയിന്റായി. ഇന്നും എന്റെ സംഗീതപരിപാടികൾ അവസാനിപ്പിക്കുന്നത് ആ പാട്ടോടെയാണ്.



ഞാൻ പാടാൻ തുടങ്ങിയ കാലം മുതൽതന്നെ എന്റെ ശബ്ദത്തിൽ ഒരു 'longing' അഥവാ എന്തിനെയോ തേടുന്ന ഒരു വികാരം ഉണ്ടായിരുന്നു. ആദ്യകാലത്ത് അതെന്താണെന്ന് എനിക്കു മനസ്സിലായില്ല. ഞാൻ അതിനെ ബോധപൂർവം വളർത്തിയെടുത്തതായിരുന്നില്ല. കർണാടക സംഗീതത്തിൽ പല കൃതികളും ദൈവത്തോടുള്ള സംഭാഷണം പോലെയാണ്. 'അങ്ങ് എന്തുകൊണ്ട് ഇതുവരെ വന്നില്ല?' 'എപ്പോൾ വരും?' എന്നൊക്കെയുള്ള ചോദ്യങ്ങൾ. ആ വികാരം എന്റെ ജീവിതത്തിന്റെ അടിസ്ഥാനഭാവവുമായി എങ്ങനെയോ ചേർന്നുപോയിരിക്കാം.

മലയാളഗാനങ്ങൾ ആലപിക്കുമ്പോൾ അതിലെ വൈകാരികത എങ്ങനെയാണ് ഉൾക്കൊള്ളാൻ കഴിയുന്നതെന്നു ചോദിച്ചാൽ ഞാൻ സാധാരണയായി ചെയ്യുന്നത് വരികൾ എഴുതിയ ആളോട് അതിന്റെ അർത്ഥം ചോദിക്കുകയാണ്. പാട്ടിന്റെ വികാരം മുഴുവൻ മനസ്സിലാക്കാതെ പാടിയാൽ കേട്ടിരിക്കുന്നവർക്കു കൃത്രിമത്വം തോന്നും. സംഗീതത്തിനു ഭാഷയില്ലെങ്കിലും ഭാഷ സംഗീതത്തിന്റെ വളരെ പ്രധാനപ്പെട്ട ഘടകമാണ്. അതുകൊണ്ട് വരികളുടെ അർത്ഥവും ഭാവവും മനസ്സിലാക്കിയാണ് പാടാറുള്ളത്. പക്ഷേ, ഉച്ചാരണത്തെക്കുറിച്ചു ചിന്തിച്ചു ടെൻഷനടിച്ചു പാടിയാൽ പാട്ട് മോശമാകും. അതുകൊണ്ട് ഫീലിന് പ്രാധാന്യം കൊടുത്തുപാടും. ഉച്ചാരണത്തിൽ എന്തെങ്കിലും വെല്ലുവിളി നേരിട്ടിട്ടുണ്ടോ എന്നു ചോദിച്ചാൽ 'മിന്നൽവള' ഗാനം ഞങ്ങൾ മൂന്നു തവണ റിക്കോർഡ് ചെയ്തു. ഞാൻ സാൻഫ്രാൻസിസ്കോയിലും ജെയ്ക്സ് ഇവിടെ കേരളത്തിലുമായിരുന്നു. ആദ്യ തവണ ഉച്ചാരണമെല്ലാം വളരെ ശരിയായിരുന്നു. പക്ഷേ, പാട്ടിന് ആ ഫീൽ കിട്ടിയില്ല. രണ്ടാം തവണ കുറച്ചുകൂടി മെച്ചപ്പെട്ടു. മൂന്നാം തവണയാണ് എല്ലാം ശരിയായി 'ലോക്ക്' ചെയ്തത്.

മലയാളികളോട് പറയാനുള്ളത് എന്തെന്നാൽ എന്റെ കരിയറിന്റെ തുടക്കം മുതൽ മലയാളികൾ നൽകിയ സ്നേഹം വളരെ വലുതാണ്. ഗായകനായ ശേഷം കേരളത്തിലേക്കുള്ള എന്റെ ആദ്യ യാത്രകളിലൊന്നു തിരുവനന്തപുരത്തേക്കായിരുന്നു. അന്ന് ഒരു സുഹൃത്തിനൊപ്പം ചായ കുടിക്കാനിറങ്ങിയപ്പോൾ പെട്ടെന്നു രണ്ടുപേർ എന്നെ തിരിച്ചറിഞ്ഞു. വളരെ വേഗത്തിൽ ആളുകൾ ചുറ്റും കൂടി. എനിക്ക് ഇവിടെ ഒരു ആരാധകവൃന്ദമുണ്ടെന്നു തിരിച്ചറിഞ്ഞ ആദ്യ നിമിഷമായിരുന്നു അത്. അതിനുശേഷം കേരളത്തിൽ വരുമ്പോഴെല്ലാം ഞാൻ ആളുകളിൽനിന്ന് വളരെ ആഴത്തിലുള്ള സ്നേഹം അനുഭവിച്ചിട്ടുണ്ട്. കേരള സൂപ്പർലീഗ് ഫുട്ബോൾ സീസൺ 3 മെഗാലോഞ്ചിന്റെ ഭാഗമായി സെപ്റ്റംബർ 12-ന് കൊച്ചിയിൽ നടക്കുന്ന സംഗീതപരിപാടിയിൽ പങ്കെടുക്കാൻ ഞാൻ വീണ്ടും എത്തുന്നുണ്ട്.

സംഗീതത്തിനപ്പുറമുള്ള ഇഷ്ടങ്ങൾ, പാഷൻ ഇവ എന്തെന്നാൽ എനിക്കു പുസ്തകങ്ങൾ വായിക്കാൻ വളരെ ഇഷ്ടമാണ്. ബോക്സിങ്ങും ഇഷ്ടമാണ്. എന്റെ ഏറ്റവും വലിയ സ്വപ്നം സ്വന്തമായി ഒരു സിനിമ എഴുതുകയും അതിന്റെ സംഗീതം ചെയ്യുകയുമാണ്. അതിനായി എഴുതിത്തുടങ്ങിയിട്ടുണ്ട്. അടുത്ത രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ അതു ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ.

## ലോ ആൻഡ് ഓർഡർ

രഞ്ജിത് സംവിധാനം ചെയ്ത മാസ് ആക്ഷൻ ത്രില്ലർ ലോ ആൻഡ് ഓർഡറിന്റെ പുതിയ വീഡിയോ സോംഗ് റിലീസായി. ഷിബു ചക്രവർത്തി രചിച്ച് ജോ ദാനിയേൽ ഈണമിട്ട ഈ ഗാനം ടോജൻ ടോബിയും സംഘവുമാണ് പാടിയത്. സത്യം സിനിമാസ്, മഹാ സുബൈർ മൂവി ക്ഷേത്രയുടെ ബാനറിൽ




പ്രേമ ചന്ദ്രൻ ഏ.ജി. മഹാ സുബൈർ എന്നിവർ നിർമിക്കുന്ന ഈ ചിത്രം പ്രദർശനത്തിനെത്തി. തുടരും സിനിമയിലെ ജോർജ് സാറിനെ അവിസ്മരണീയമാക്കിയ പ്രകാശ് വർമയും ബ്ലാസ്റ്റ് എന്ന സിനിമയിലൂടെ കയ്യടി നേടിയ അഭിരാമിയുമാണ് ഗാനരംഗങ്ങളിൽ.

## 'ഇരുമുടി'യുടെയും പുതിയ സിനിമകളുടെയും വിശേഷങ്ങൾ നക്ഷത്ര പറയുന്നു

ഇരുമുടിയുടെ ഓഡിഷന് ഹൈദരാബാദിൽ പോയിരുന്നു. മുഴുനീള കഥാപാത്രമാണെന്ന് അറിഞ്ഞപ്പോൾ ഒത്തിരി സന്തോഷമായി. രവി തേജ സാറും പ്രിയ ഭവാനി ശങ്കർ മാഡവും എപ്പോഴും കൂടെക്കാണും. സംവിധായകൻ ശിവ നിർവാണയും സൂപ്പർ. അവരെല്ലാം എപ്പോഴും ചോക്ലേറ്റ് തരും. തമാശ പറയും. അഭിനയിക്കാനുള്ള ടിപ്സ് പറഞ്ഞുതരും. ചിലരെങ്കിലും തെറ്റിദ്ധരിച്ചതുപോലെ, മലയാളത്തിലെ 'മാളികപ്പുറ'ത്തിന്റെ റീമേക്കല്ല ഇരുമുടി. ഇതു പൂർണമായും മറ്റൊരു ചിത്രമാണ്. സിനിമ കണ്ട് ഉണ്ണി മുകുന്ദൻ സാറും ധനുഷ് സാറും രശ്മിക മന്ദാന മാഡവുമൊക്കെ വിളിച്ചിരുന്നു.

പേട്ട റാപ്പായിരുന്നു ആദ്യ ചിത്രം. പിന്നെ, 'പെറ്റ് ഡിറ്റക്റ്റീവി'ലും 'എന്ന് സ്വന്തം പുണ്യാളനി'ലും നായികമാരുടെ കുട്ടിക്കാലം അവതരിപ്പിച്ചു. ഐ നോബഡിയിൽ പൃഥിരാജ് സാറിന്റെ മകളായി. കന്നഡ സൂപ്പർ സ്റ്റാർ ശിവരാജ്കുമാറിന്റെ മകളായുള്ള 'ഡാഡ്' ആണ് വരാനിരിക്കുന്ന സിനിമ. അതും അച്ഛൻ-മകൾ ബന്ധം പറയുന്ന സിനിമയാണ്.

ഡയലോഗുകൾ പഠിപ്പിക്കാനും അർത്ഥം പറഞ്ഞുതരാനും ആളുകളുണ്ടായിരുന്നു. അതുകൊണ്ട് ഭാഷ വലിയ പ്രശ്നമായില്ല. പിന്നെ, സെറ്റിലുള്ളവരെല്ലാം ആ ഭാഷകൾ സംസാരിക്കുന്നതുകൊണ്ട് നമ്മളും വേഗം ഭാഷ പഠിക്കും. തെലുങ്കിലും കന്നഡയിലും ഞാൻ തന്നെയാണ് ഡബ് ചെയ്തത്. കടമ്പൂർ ഹയർസെക്കൻഡറി സ്കൂളിൽ ഏഴാ



ക്ലാസിലാണ് ഇപ്പോൾ. ഷൂട്ടുള്ളപ്പോൾ ക്ലാസ് മുടങ്ങും. അപ്പോൾ ഓൺലൈൻ ക്ലാസുകളെ ആശ്രയിക്കും. വരയും ക്രാഫ്റ്റുമാണ് ഹോബികൾ. പിന്നെ, വീട്ടിൽ കുറെ ലൗബേഡ്സും താറാവും പൂച്ചകളുമുണ്ട്. കോവിഡ് കാലത്താണ് നായ്ക്കുട്ടിയെ വാങ്ങിയത്. അതുകൊണ്ട് അവന് 'ലോക്കി' യെന്നു പേരിട്ടു. അമ്മ റിജിന ഫുൾ സപ്പോർട്ടുമായി ഒപ്പമുണ്ട്. അച്ഛൻ സബിൻ.




# സിനിമാരംഗത്തേക്ക് സംവിധായകനായെത്തിയ കെ. മധു സംസാരിക്കുന്നു



മലയാളത്തിന്റെ നിത്യവസന്തം പ്രേം നസീറിന്റെ ശിപാർശയിൽ സംവിധായകനായി മാറാൻ കഴിയുക. അത് എല്ലാവർക്കും ലഭിക്കുന്ന ഒരു ഭാഗ്യമല്ല.

എന്നാൽ അങ്ങനെ ഒരു റെക്കമന്റേഷനിൽ ആദ്യമായി സ്വതന്ത്ര സംവിധായകനായ ഒരാൾ മലയാള സിനിമയിലുണ്ട്. ഇരുപതാം നൂറ്റാണ്ട്, ഒരു സിബിഐ ഡയറിക്കുറിപ്പ്, ജനാധിപത്യം, അധിപൻ തുടങ്ങിയ സൂപ്പർഹിറ്റ് സിനിമകളുടെ സംവിധായകനും കെഎസ്എഫ്ഡിസി മുൻ ചെയർമാനുമായ കെ. മധു.

പ്രശസ്ത ചലച്ചിത്ര സംവിധായകൻ എം. കൃഷ്ണൻനായരുടെ അസോസിയേറ്റ് ഡയറക്ടറായാണ് സിനിമയിൽ കെ. മധുവിന്റെ തുടക്കം. അതുകൊണ്ടുതന്നെ ചെറുപ്പം മുതൽ പ്രേം നസീർ തുടങ്ങിയ താരങ്ങളുമായി അടുത്ത് ഇടപഴകാനുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. ഒരിക്കൽ എറണാകുളത്തുനിന്നു മദ്രാസിലേക്കുള്ള വിമാനയാത്രയിൽ ജഗൻ പിക്ചേഴ്സിന്റെ (പിന്നീട് ന്യൂ സാഗാ ഫിലിംസ്) ഉടമ ജഗൻ അപ്പച്ചനുമുണ്ടായിരുന്നു. അപ്പച്ചൻ തന്റെ പുതിയ സിനിമയുടെ നിർമാണത്തെക്കുറിച്ച് പറയുന്നതിനിടെ പെട്ടെന്ന് പ്രേംനസീർ ചോദിച്ചു. 'സംവിധായകനെ നിശ്ചയിച്ചോ', 'ഇല്ല' എന്ന് നിർമാതാവായ അപ്പച്ചൻ പറഞ്ഞതും പ്രേംനസീർ അടുത്ത സീറ്റിലുണ്ടായിരുന്ന കെ. മധുവിനെ ചൂണ്ടിപ്പറഞ്ഞു.

"മധുവുണ്ടല്ലോ... നമ്മുടെ കൃഷ്ണൻനായരുടെ അസിസ്റ്റന്റല്ലേ. മധുവിനെ സംവിധായകൻ ആക്കിക്കൂടേ...' ജീവിതത്തിൽ മറക്കാൻ കഴിയാത്ത ഒരു നിമിഷമായിരുന്നു അതെന്നാണ് കെ. മധു ഒരിക്കൽ പറഞ്ഞത്.

കെ. മധു പങ്കുവെച്ച അനുഭവങ്ങൾ കേൾക്കാം. "എന്റെ സിനിമാ ജീവിതത്തിൽ എനിക്കുവേണ്ടി ആദ്യം സംസാരിക്കുന്നത് പ്രേം നസീർ എന്ന, മലയാളത്തിന്റെ നിത്യഹരിതനായകനാണ്. കൃഷ്ണൻനായർ എന്നോട് പറയാറുണ്ട്, സിനിമയെ അന്വേഷിച്ച് നമ്മൾ പോകരുത്. സിനിമ നമ്മളെ അന്വേഷിച്ച് വരണം. എന്തായാലും അദ്ദേഹം പറഞ്ഞതുപോലെതന്നെ സംഭവിച്ചു. ഈശ്വരകാരുണ്യവും സിനിമാലോകത്തിലെ എന്റെ ഗുരുവായ കൃഷ്ണൻനായരുടെ അനുഗ്രഹവുംകൊണ്ടാവാം എനിക്കുവേണ്ടി പ്രേംനസീർ സംസാരിച്ചത്.

1986-ൽ പുറത്തിറങ്ങിയ മമ്മൂട്ടി നായകനായ 'മലരും കിളിയും' എന്ന എന്റെ ആദ്യ സിനിമ ലഭിക്കുന്നത് ഇങ്ങനെയാണ്.

ഇരുപതാം നൂറ്റാണ്ട്, മൂന്നാം മുറ, സിബിഐ ഡയറിക്കുറിപ്പ് പരമ്പരകൾ തുടങ്ങി കെ. മധുവിന്റെ സൂപ്പർഹിറ്റ് സിനിമകൾ കുറ്റാന്വേഷണ രീതിയിലുള്ള സിനിമകളാണ്. പോലീസ് ഉദ്യോഗസ്ഥരോടും യൂണിഫോമിനോടും കുട്ടിക്കാലം മുതൽക്കെ ആരാധനയുണ്ടെന്ന് കെ. മധു പറഞ്ഞിട്ടുണ്ട്. കുട്ടിക്കാലത്ത് നാട്ടിലെ ഉത്സവത്തിനു തടിച്ചുകൂടുന്ന ജനങ്ങളെ നിയന്ത്രിക്കുന്ന കാക്കി ഉടുപ്പും പാന്റും തൊപ്പിയും ധരിച്ച സബ് ഇൻസ്പെക്ടറോട് തോന്നിയ ആരാധനയാണ് ഇതിനു പിന്നിൽ. ഈ സബ് ഇൻസ്പെക്ടറാണ് തന്റെയുള്ളിലെ ആദ്യ ഹീറോ.

ഹരിപ്പാട് വൈപ്പിൻ കുടുംബത്തിൽ ജി. കൃഷ്ണൻനായരുടെയും വിലാസിനിയമ്മയുടെയും മകനാണ് കെ. മധു.

'എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സ്വാധീനം എന്റെ അച്ഛൻതന്നെയാണ്. കുട്ടിക്കാലം മുതൽ അച്ഛന്റെ ജീവിതരീതികളും പ്രവർത്തനവും എന്നെ ആകർഷിച്ചിട്ടുണ്ട്. ചെറുപ്പകാലത്തുതന്നെ എം. കൃഷ്ണൻനായർ സാറിനൊപ്പം ചേർന്നതാണ്. എന്റെ വീടിനു ഞാൻ നല്കിയിരിക്കുന്ന പേര് 'കൃഷ്ണകൃപ' എന്നാണ്. അച്ഛൻ, ഗുരു, പിന്നെ സാക്ഷാൽ ശ്രീകൃഷ്ണൻ, അങ്ങനെ മൂന്നു കൃഷ്ണൻമാരുടെ കൃപയാണ് എന്റെ ജീവിതം.'

സ്വന്തം പേരിനു മുന്നിലെ 'കെ.' ഇൻഷ്യൽ ഭാഗ്യമുദ്രയായി കൊണ്ടുനടക്കുന്ന സംവിധായകൻ കൂടിയാണ് കെ. മധു.

'അതേ. ഇൻഷ്യൽ ഒരു ഭാഗ്യമുദ്രയായി ഞാൻ കാണാറുണ്ട്. സിനിമാരംഗത്ത് കെ. ബാലചന്ദർ, കെ. വിശ്വനാഥ്, കെ. ഭാഗ്യരാജ് എന്നിങ്ങനെയുള്ള പ്രശസ്തരുണ്ട്. രാഷ്ട്രീയത്തിൽ ഭീഷ്മാചാര്യനായ കെ. കരുണാകരൻ. പിന്നെ എന്റെ ഗുരുനാഥന്റെ മകൻ മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാർ അങ്ങനെ 'കെ' ഇൻഷ്യൽ ഭാഗ്യം നല്കിയവരിൽ ഒരാളായി ഞാനും.'

മലയാളത്തിലും തമിഴിലും തെലുങ്കിലും കന്നടയിലും ഹിറ്റ് ചിത്രങ്ങൾ സംവിധാനം ചെയ്ത കെ. മധുവിന്റെ വാക്കുകൾ.

# 'അതിമനോഹരം' പോസ്റ്റർ റിലീസായി

വീട്ടുമുറ്റത്ത് മോട്ടോർബൈക്കിൽ ഇടത്തോട്ടു നോക്കി പോലീസ് വേഷത്തിൽ മോഹൻലാൽ. ഇത്, ലൗലജൻ ടി.എസ്-സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്.

ആഷിക് ഉസ്മാൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ ആഷിക് ഉസ്മാൻ നിർമിച്ച് തരുൺ മൂർത്തി സംവിധാനം ചെയ്യുന്ന അതിമനോഹരം എന്ന ചിത്രത്തിന്റെ പുതിയ പോസ്റ്റർ റിലീസായി. ഡിസംബർ 24-ന് ചിത്രം പ്രദർശനത്തിനെത്തും. ലൗലജന്റെ ഔദ്യോഗിക ജീവിതവും കുടുംബ ജീവിതവും കോർത്തിണക്കിയാണ് ചിത്രത്തിന്റെ അവതരണം. ചിത്രീകരണം അവസാനഘട്ടത്തിലാണ്.

നായിക മീരാ ജാസ്മിൻ. ലാലു അലക്സ്, മനോജ് കെ. ജയൻ, മുകേഷ്, ജഗദീഷ്, ഇർഷാദ്, പ്രമോദ് വെളിയനാട്, സജീവൻ, ശ്രീനാഥ് ബാബു, കിരൺ പീതാംബരൻ, വിജി വിശ്വനാഥ്, ഭാമ അരുൺ, പ്രാർഥന എന്നിവരും പ്രധാന വേഷങ്ങളിൽ. തിരക്കഥ രതീഷ് രവി. സംഗീതം ജെയ്ക്സ് ബിജോയി. ഷാജികുമാറാണ് ഛായാഗ്രാഹകൻ. എഡിറ്റിംഗ്-വിവേക് ഹർഷൻ.




# പാതിരാക്കുറുക്കൻ




പാതിരാ കുറുക്കൻ എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി. അപ്പായ് സിനിമാസിന്റെ ബാനറിൽ സിജോ ജോർജ് നിർമിച്ച് ജഗദീഷ്, മുകേഷ്, സിദ്ദിഖ്, അശോകൻ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി നവാഗതനായ ജയേഷ് വേണുഗോപാൽ സംവിധാനം ചെയ്യുന്ന പാതിരാക്കുറുക്കൻ സെപ്റ്റംബറിൽ തിയറ്ററുകളിലെത്തും.

തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങളിൽ നിന്നു വരുന്ന നാലുപേർ അപ്രതീക്ഷിതമായി ഒരു വലിയ പ്രതിസന്ധിയിൽ ചെന്നുപെടുന്നതും തുടർന്നുള്ള അവരുടെ അതിജീവനവും നർമത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന ചിത്രം.

ഇന്ദ്രൻസ്, നിർമൽ പാലാഴി, വിനീത് തട്ടിൽ, റിയാസ് നർമകല, സുധീർ പറവൂർ, കുട്ടി അഖിൽ, അനീഷ് ഗോപാൽ, ടെസ ജോസഫ്, അജയൻ മാടയ്ക്കൽ എന്നിവർക്കൊപ്പം സോഷ്യൽ മീഡിയ ഇൻഫ്ളുവെൻസേഴ്സ് ആയ അശ്വിത-അശ്വിജ എന്നിവരും ചിത്രത്തിൽ ശ്രദ്ധേയ വേഷങ്ങളിലെത്തുന്നു.

രചന-സുനിൽ കർമ, നിഖിൽ ജിനൻ. ഛായാഗ്രഹണം സെൽവകുമാർ എസ്. സംഗീതം ഗോപി സുന്ദർ. എഡിറ്റർ-അതുൽ വിജയ്.

## കേരളത്തിലെ മരുന്നുകൾക്ക് ഗുണനിലവാരമില്ലെന്ന് കണ്ടെത്തൽ

തൃശൂർ: പാരസെറ്റമോൾ ഉൾപ്പെടെ ഒട്ടേറെ മരുന്നുകൾ ഗുണനിലവാരമില്ലാത്തവയാണെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തി. ഇവയിൽ പലതിനും അടുത്ത രണ്ട് വർഷം വരെ കാലാവധി ഉണ്ടെന്നത് ആശങ്കയുണർത്തുന്നു. ഗുണനിലവാരമില്ലാത്ത മരുന്ന് നിർമിക്കുന്ന കമ്പനികളിൽ മുൻപന്തിയിൽ സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് (കെഎസ്ഡിപി) ആണ്. ന്യുമോണിയയ്ക്കുള്ള ഡോക്സിസൈക്ലീൻ (2028 വരെ കാലാവധി), ഗർഭിണികൾ കഴിക്കുന്ന ഫോളിക് ആസിഡ്, രക്തസമ്മർദത്തിനുള്ള ടെൽമിസാർ, വേദനയ്ക്കുള്ള ഡൈക്ലോഫെനാക് സോഡിയം (3 ബാച്ച്) എന്നിവയാണ് കെഎസ്ഡിപി പുറത്തിറക്കിയ ഗുണനിലവാരമില്ലാത്ത മരുന്നുകൾ. സർക്കാർ ആശുപത്രികളിലേക്കാണ് ഈ മരുന്നുകൾ വിതരണം ചെയ്യുന്നത്.

കേരളത്തിലെ മറ്റ് സ്വകാര്യ കമ്പനികൾ പുറത്തിറക്കിയ ആസ്ത്മയ്ക്കുള്ള സാൽബ്യൂട്ടാമോൾ സിറപ്പ്, പ്രമേഹമരുന്നായ ഗ്ലിമിപിരൈഡ് എന്നിവയും പട്ടികയിലുണ്ട്. ബാച്ച് നമ്പറോ നിർമിച്ച തീയതിയോ രേഖപ്പെടുത്താത്ത ചില ആയുർവേദ മരുന്നുകളും ഇതിൽപെടുന്നു. ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള ഫ്ളൂനാറിസിൻ, ലോറോസെപ്പാം, മെറ്റ്ഫോർമിൻ ആൻഡ് സിറ്റാഗ്ലിപ്റ്റിൻ, ഒആർഎസ് പൗഡർ, ഡിസ്പോസിബിൾ നീഡിലുകൾ തുടങ്ങിയവയുടെ നിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം മരുന്നുകൾ കണ്ടെത്തിയാൽ ഉടൻ പിൻവലിക്കുകയും ജില്ലാ ഡ്രഗ് വെയർഹൗസുകളിൽ അറിയിക്കുകയും ചെയ്യും. സ്വകാര്യ കമ്പനികളെ വിലക്കാൻ സാധിക്കും.

## മലയാളി കുട്ടികൾക്ക് യാത്ര നിഷേധിച്ചു; ഖത്തർ എയർവേസിന് തിരിച്ചടി

തൊടുപുഴ: വിദേശമലയാളി ദമ്പതികളുടെ കുട്ടികൾക്ക് മതിയായ യാത്രാരേഖകളില്ലെന്ന കാരണം ചൂണ്ടിക്കാട്ടി ബോർഡിങ് പാസ് നിഷേധിച്ച സംഭവത്തിൽ ഖത്തർ എയർവേസ് 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ വിധി. 25,000 രൂപ കോടതി ചെലവ് നൽകാനും എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഉത്തരവിട്ടു. 45 ദിവസത്തിനകം തുക നൽകാത്തപക്ഷം പരാതി നൽകിയ തീയതി മുതൽ തുക നൽകുന്നതുവരെ ഒമ്പത് ശതമാനം പലിശയും നൽകണമെന്നും കമ്മീഷൻ നിർദേശിച്ചു.

ഇറ്റലിയിൽ മെക്കാനിക്കൽ ടെക്നീഷ്യനായി ജോലിചെയ്യുന്ന കണ്ണൂർ ചെമ്പേരി സ്വദേശി റോഷൻ ജോസ്, ഭാര്യയും ഇറ്റലിയിൽ സ്റ്റാഫ് നേഴ്സുമായ വിനയ, മക്കളായ റോൺ (6), റെയിൻ (1) എന്നിവരാണ് പരാതിക്കാർ. ഇറ്റലിയിൽനിന്ന് നാട്ടിലെത്തി മടങ്ങുന്നതിനായി വെനീസിൽനിന്ന് ദോഹ വഴി കൊച്ചിയിലേക്കും തിരിച്ചുമുള്ള യാത്രയ്ക്ക് ഖത്തർ എയർവേസിൽ നേരത്തേ ടിക്കറ്റ് ബുക്ക് ചെയ്തിരുന്നു.

തിരിച്ചുപോകുന്നതിനായി കൊച്ചി വിമാനത്താവളത്തിലെത്തിയ കുടുംബം ടിക്കറ്റും മറ്റ് യാത്രാരേഖകളുമായി ഖത്തർ എയർവേസിന്റെ ചെക്ക്-ഇൻ കൗണ്ടറിൽ റിപ്പോർട്ട് ചെയ്തു. എന്നാൽ, മൂത്ത മകൻ റോൺ റോഷന് മതിയായ യാത്രാരേഖകളില്ലെന്നു ചൂണ്ടിക്കാട്ടി ബോർഡിങ് പാസ് നിഷേധിച്ചു. കുടുംബത്തിലെ മറ്റുള്ളവർക്ക് ബോർഡിങ് പാസ് അനുവദിക്കുകയും ചെയ്തു. തുടർന്ന് റോൺ റോഷനെ ബന്ധുക്കളോടൊപ്പം വീട്ടിലേക്ക് തിരിച്ചയച്ച ശേഷം റോഷനും ഭാര്യയും ഇളയമകനും ദോഹയിലേക്കു പോവുകയും ചെയ്തു.

വെനീസിലേക്കുള്ള കണക്ഷൻ വിമാനത്തിനായി ദോഹ വിമാനത്താവളത്തിൽ ചെക്ക്-ഇൻ കൗണ്ടറിൽ എത്തിയപ്പോൾ റെയിൻ റോഷന് മതിയായ യാത്രാരേഖകളില്ലെന്നു പറഞ്ഞ് ബോർഡിങ് പാസ് നിഷേധിച്ചു. കൊച്ചിയിൽനിന്ന് ദോഹയിലേക്കുള്ള യാത്രയ്ക്ക് ഇതേ രേഖകൾ പരിശോധിച്ച് ബോർഡിങ് പാസ് അനുവദിച്ചിരുന്ന കാര്യം ചൂണ്ടിക്കാട്ടിയെങ്കിലും അധികൃതർ അനാവശ്യ തർക്കങ്ങൾ ഉന്നയിച്ച് നടപടികൾ വൈകിപ്പിച്ചെന്നാണു പരാതി. ഇതിനിടെ വെനീസിലേക്കുള്ള കണക്ഷൻ വിമാനം കുടുംബത്തെ കയറ്റാതെ പുറപ്പെടുകയും ചെയ്തു. ഒരുവയസുകാരന് ബോർഡിങ് പാസ് നിഷേധിച്ചതിനെത്തുടർന്ന് റോഷൻ ജോസ് മകനോടൊപ്പം നാട്ടിലേക്ക് മടങ്ങാൻ നിർബന്ധിതനായി. വിനയയ്ക്ക് അടുത്ത കണക്ഷൻ വിമാനത്തിൽ ഒറ്റയ്ക്ക് വെനീസിലേക്കു പോകേണ്ടിവന്നു.

ടിക്കറ്റ് എടുത്തശേഷം യാത്രക്കാർക്ക് അകാരണമായി യാത്രാനുമതി നിഷേധിക്കുന്ന വിമാനക്കമ്പനികൾക്ക് കമ്മീഷന്റെ വിധി ശക്തമായ മുന്നറിയിപ്പാണെന്ന് പരാതിക്കാരുടെ അഭിഭാഷകർ പറഞ്ഞു.

എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ഡി.ബി. ബിനുവും അംഗങ്ങളായ രാമചന്ദ്രനും ടി.എൻ. ശ്രീവിദ്യയും ഉൾപ്പെട്ട ബെഞ്ചാണ് വിധി പ്രസ്താവിച്ചത്.

## റഷ്യയിൽ നിന്ന് ഇന്ത്യ കൂടുതൽ എസ്-400 വാങ്ങുന്നു

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂർ ദൗത്യത്തിന്റെ വിജയത്തിൽ നിർണായക പങ്കുവഹിച്ച എസ്-400 ട്രയംഫ് വ്യോമപ്രതിരോധ സംവിധാനം കൂടുതൽ വാങ്ങാനുള്ള നടപടികളുമായി ഇന്ത്യ മുന്നോട്ട്.

അഞ്ച് എസ്-400 സംവിധാനങ്ങൾ കൂടി റഷ്യയിൽ നിന്ന് വാങ്ങാനാണ് പ്രതിരോധ മന്ത്രാലയം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി നിർമാണച്ചെലവും സാമഗ്രികളും സംബന്ധിച്ച വിശദമായ വിവരങ്ങൾ റഷ്യ ഇന്ത്യക്ക് കൈമാറി. ടിബറ്റിലെ ഹോത്തൻ, ലാസ, നിഞ്ചി വ്യോമതാവളങ്ങളിൽ ചൈനയുടെ അഞ്ചാം തലമുറ യുദ്ധവിമാനമായ ജെ-20 വിന്യസിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇന്ത്യയുടെ കിഴക്കൻ അതിർത്തി മേഖലയിൽ സുരക്ഷ ശക്തമാക്കാൻ പുതിയ എസ്-400 സംവിധാനങ്ങൾ അനിവാര്യമാണെന്നാണ് വ്യോമസേനയുടെ വിലയിരുത്തൽ.

സാമ്പത്തിക കാര്യങ്ങളിൽ അന്തിമതീരുമാനമാകുകയും ധനമന്ത്രാലയത്തിന്റെ അനുമതിലഭിക്കുകയും ചെയ്തശേഷം, സുരക്ഷാ കാര്യങ്ങൾക്കുള്ള മന്ത്രിസഭാ സമിതി കരാറിന് അന്തിമാംഗീകാരം നല്കും.

11, 12 തീയതികളിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിക്കായി റഷ്യൻ പ്രസിഡണ്ട് വ്ളാഡിമർ പുടിൻ ഡൽഹിയിലെത്തുമ്പോൾ ഹൈപ്പർസോണിക് മിസൈൽ സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള മേഖലകളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണം കൂടുതൽ ശക്തിപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2018-ൽ 5.43 മില്യൺ യുഎസ് ഡോളറിന് കരാർചെയ്ത അഞ്ച് എസ്-400 സംവിധാനങ്ങളിൽ അവസാനത്തേത് ഈ വർഷം നവംബറോടെ ഇന്ത്യയിലെത്തും.

അതേസമയം, റഷ്യയുടെ അഞ്ചാം തലമുറ യുദ്ധവിമാനമായ എസ്‌യു-57ന്റെ രണ്ട് സ്ക്വാഡ്രണുകൾ വാങ്ങുന്ന കാര്യത്തിൽ ഇന്ത്യ ഇതുവരെ അന്തിമ തീരുമാനമെടുത്തിട്ടില്ല.

## കാർഗിൽ നിന്ന് ആദ്യ വനിതാ ഓഫീസർ

ചെന്നൈ: പാക് നിയന്ത്രണ മേഖലയോടടുത്ത ദുർഘട ഭൂപ്രദേശമായ ജമ്മുകശ്മീരിലെ കാർഗിൽ ജില്ലയിൽ നിന്ന് ആദ്യമായി ഇന്ത്യൻ സൈന്യത്തിലേക്ക് ഒരു വനിതാ ഓഫീസർ.

23-കാരിയായ സ്റ്റാൻസീൻ സാങ്യാങ് ആണ് ചെന്നൈയിലെ ഓഫീസേഴ്സ് ട്രെയിനിങ് അക്കാദമിയിൽ (ഒ.ടി.എ) നിന്ന് പരിശീലനം പൂർത്തിയാക്കി സേനയിൽ നിയുക്തയായത്.

ഇതോടെ യുദ്ധപരമ്പരകളാൽ പ്രക്ഷുബ്ധമായ കാർഗിലിൽ നിന്ന് സേനയിലെത്തുന്ന ആദ്യ വനിതയായി അവർ ഇടംപിടിച്ചു. സൈനിക പശ്ചാത്തലമൊന്നുമില്ലാത്ത കുടുംബത്തിൽ നിന്നാണ് സ്റ്റാൻസീന്റെ വരവ്.

## വന്ദേമാതരം

(26-ാം പേജിൽനിന്നും)

സമരപദ്ധതി പറഞ്ഞതുപോലെ നടപ്പാക്കി. കുറേയെണ്ണത്തിനു തല്ലു വാങ്ങിച്ചു. ലോകകപ്പ് ജേതാക്കളെപ്പോലെ അവരെ 'പോയും പോയും' വിളിച്ച് മേൽപ്പോട്ടും കീഴ്പ്പോട്ടും എറിഞ്ഞ് ആശുപത്രിയിൽ എത്തിച്ചു.

തന്നെ നടക്കാൻ വയ്യാത്ത നേതാക്കൾ ആശുപത്രിയിലെത്തി തല്ലു കൊണ്ടവരെ സന്ദർശിച്ച ശേഷം ഒരു പത്രസമ്മേളനം നടത്തി.

"ഇത്തരം കാര്യങ്ങളിൽ പ്രതിഷേധിക്കുന്നില്ലെങ്കിൽ പിന്നെ വിദ്യാർത്ഥിയാണോ?" എന്ന് അദ്ദേഹം ഊന്നി ഊന്നി ചോദിച്ചു.

അതുകേട്ട് താടി നരച്ചു തുടങ്ങിയ വിദ്യാർത്ഥികൾ തല്ലുകൊണ്ട ഭാഗം തടവിക്കൊണ്ട്, നാളെയും സമരം ചെയ്യുവാനുള്ള ഊർജം സമ്പാദിക്കുവാൻ വേണ്ടി ഒളിത്താവളങ്ങളിലേക്കു മടങ്ങി.

*** ***

അതിനുശേഷം ഒരു മതപണ്ഡിതൻ തന്റെ വിജ്ഞാനം ഒരു പൊതുവേദിയിൽ മൈക്കിലൂടെ വിളിച്ചുപറഞ്ഞു.

"സ്ത്രീകൾ പൊതുവേദികളിലും പൊതുസ്ഥലങ്ങളിലും പുരുഷന്മാർക്കൊപ്പം പ്രത്യക്ഷപ്പെടുന്നത് വലിയ നാശത്തിനു കാരണമാകും. സ്ത്രീകൾ വീടുകളിൽ കഴിയുന്നതിനാണ് മുൻഗണന. ഇതു സ്ത്രീകളെ താഴ്ത്തിക്കെട്ടാനല്ല. മറിച്ച്, സ്വർണ്ണമാല പെട്ടിയിൽ സൂക്ഷിക്കുന്നതുപോലെ അവരെ ആദരിക്കുവാനും സംരക്ഷിക്കാനുമാണെന്ന്." അദ്ദേഹം ഉദാഹരിച്ചു.

പ്രായമുള്ള പണ്ഡിതനല്ലേ? അദ്ദേഹത്തിന്റെ അറിവിനെ എന്തിനു നമ്മൾ ചോദ്യം ചെയ്യണം? ആ സമുദായത്തിൽപ്പെട്ട എത്രയോ സ്ത്രീകൾ പൊതുസമൂഹത്തിൽ മാന്യമായ രീതിയിൽ പുരുഷന്മാരോടൊപ്പം പ്രവർത്തിക്കുന്നു. പണ്ട് കാട്ടിലെ രാജാവായ ഒരു സിംഹം, തന്റെ രാജ്ഞിയായ സിംഹിയോട് പറഞ്ഞതുപോലെ...

"വിട്ടുകള!"

*** ***

പൊതുവേ വലിയ വിവാദങ്ങളിലൊന്നും ഉൾപ്പെടാത്ത ഒരു സഭയുടെ വൈദിക ട്രസ്റ്റി ഈയിടെ ഒരു കാച്ചു കാച്ചി. വിവാഹത്തിനു മുമ്പ് എച്ച്ഐവി ടെസ്റ്റ് നടത്തണമെന്നുള്ള ലളിതമായ ഒരു ആവശ്യം. വിവാഹത്തിനായി ഇന്ന് കൊണ്ടുവരുന്ന 'ശരീരങ്ങൾ' അത്ര പറ്റിയതല്ലെന്നും മക്കൾ ദുരുപയോഗം ചെയ്യപ്പെട്ടിട്ടില്ലെന്നു മാതാപിതാക്കൾ ഉറപ്പു വരുത്തണമെന്നും അദ്ദേഹം പറഞ്ഞു.

സഭയുടെ കുടുംബസംഗമത്തിൽ സംസാരിക്കവേയായിരുന്നു അദ്ദേഹത്തിന്റെ പരാമർശം. ഏതായാലും പെൺകുട്ടികളുടെ 'കന്യാചർമ്മം' പരിശോധിക്കണമെന്ന് അദ്ദേഹം പറഞ്ഞില്ലല്ലോ! അത്രയും ആശ്വാസം!

(ഈ ലേഖനത്തിൽ പരാമർശിച്ചിരിക്കുന്ന പലരുടേയും പേരുകൾ കൂടി എഴുതണമെന്നുണ്ടായിരുന്നു. അതിന് ധൈര്യപ്പെടാത്ത ജീവനിൽ കൊതിയുള്ളതു കൊണ്ടാണ്.

**മുൻകൂർ ജാമ്യം:** ജീവിച്ചിരിക്കുന്നവരോ മരിച്ചുപോയവരോ ആരുമായി ഈ ലേഖനത്തിന് ഒരു ബന്ധവുമില്ല.)

## ഹോസ്റ്റൽ കെട്ടിടം തകർന്ന് 6 മരണം

(ഒന്നാം പേജിൽ നിന്നും)

കോൺക്രീറ്റ് ബീമുകളും സ്ലാബുകളും പൊട്ടിച്ചുമാറ്റി കുടുങ്ങിക്കിടക്കുന്നവരെ പുറത്തെടുക്കാനാണ് ശ്രമം.

6-ന് ഉച്ചയ്ക്ക് ഒരു മണിയോടെയാണ് അപകടമുണ്ടായത്. സത്യനികേതനിലെ നാലാം നമ്പർ ഗലിക്കുള്ളിലായി ഹോസ്റ്റൽ ഡേയ്സ് എന്ന പേരിൽ പ്രവർത്തിച്ചിരുന്ന ആൺകുട്ടികളുടെ പേയിങ് ഗസ്റ്റ് (പിജി ഹോസ്റ്റൽ കെട്ടിടം) വലിയ ശബ്ദത്തോടെ തകർന്നു വീഴുകയായിരുന്നു. 50 വർഷത്തോളം പഴക്കമുള്ള കെട്ടിടത്തിന്റെ ബേസ്മെന്റിൽ പണി നടക്കുന്നതിനിടെയാണ് അപകടം. 15 മുറികളുള്ള കെട്ടിടത്തിൽ കുട്ടികളും ജീവനക്കാരുമടക്കം അമ്പതോളമാളുകൾ ഉണ്ടായിരുന്നതായി പരിസരവാസികൾ പറയുന്നു. അതേസമയം, വാരാന്ത്യ അവധിയായതിനാൽ പലരും വീട്ടിൽ പോയിരുന്നു.

കെട്ടിടത്തിന്റെ ഉടമയായ ഗുരുഗ്രാം സ്വദേശിക്കെതിരെ കേസെടുത്തു. ഇയാൾക്കായി തെരച്ചിൽ നടത്തുകയാണെന്ന് പോലീസ് അറിയിച്ചു. 70 പേരടങ്ങുന്ന രണ്ട് എൻഡിആർഎഫ് സംഘങ്ങളും പോലീസ് നായ്ക്കളും ചേർന്നാണ് തെരച്ചിൽ നടത്തുന്നത്. ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്ത, ലഫ്. ഗവർണർ തരൺജിത് സിങ് സന്ധു എന്നിവർ അപകടസ്ഥലം സന്ദർശിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ അനുശോചനമറിയിച്ചു.

## ജോഹെയ്റി മിസ് വേൾഡ് കിരീടം ചൂടി




ഹാനോയ്: ഡൊമിനിക്കൻ റിപ്പബ്ലിക്കിന്റെ ജോഹെയ്റി മോള ഡൊമിംഗ്വൂസ് ലോകസുന്ദരിയായി തെരഞ്ഞെടുക്കപ്പെട്ടു. അധ്യാപികയും സാമൂഹിക പ്രവർത്തകയുമായ ജോഹെയ്റി വിയറ്റ്നാമിൽ നടന്ന മത്സരത്തിലാണ് മിസ് വേൾഡ് കിരീടം ചൂടിയത്. സ്പെയിനിന്റെ എലിസബത്ത് റെയ്നസ് ഫസ്റ്റ് റണ്ണറപ്പായും മലേഷ്യയുടെ താനുസിയ സെക്കൻഡ് റണ്ണറപ്പായും തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയെ പ്രതിനിധീകരിച്ച നികിത പൊർവാളിന് അവസാന ഇരുപതിൽ ഇടംനേടാനായില്ല. നവംബറിൽ പ്യൂർട്ടോ റിക്കോയിൽ നടക്കുന്ന മിസ് യൂണിവേഴ്സ് മത്സരത്തിൽ മലയാളി കെസിയ ലിസ് മെജോ ഇന്ത്യയെ പ്രതിനിധീകരിക്കും.

## പാലിയേക്കര ടോൾ പ്ലാസയിലെ ഗതാഗതക്കുരുക്ക്; ബൂത്തുകൾ തുറന്ന് സുരേഷ്ഗോപി


പാലിയേക്കര: ടോൾ പ്ലാസയിലെ ഗതാഗതക്കുരുക്കിൽ കുടുങ്ങിയ കേന്ദ്ര മന്ത്രി സുരേഷ്ഗോപി ടോൾ ബൂത്തുകൾ തുറന്ന് വാഹനങ്ങൾ കടത്തിവിട്ടു. തൃശൂരിൽനിന്ന് കൊച്ചിയിലേക്കുള്ള യാത്രയിലായിരുന്നു സുരേഷ്ഗോപി.

ഇരുഭാഗങ്ങളിലുമായി രണ്ടു കിലോമീറ്ററിലധികം വാഹനങ്ങളുടെ നിരയായിരുന്നു. സുരേഷ്ഗോപിയും സ്റ്റാഫും കാറിൽനിന്നിറങ്ങി മുഴുവൻ ടോൾ ബൂത്തുകളും തുറന്നുകൊടുക്കുകയായിരുന്നു. സെപ്റ്റംബർ ആറിന് വൈകിട്ട് 5.45-നായിരുന്നു സംഭവം. 10 മിനിറ്റോളം സമയം ഇരുവശത്തേക്കുമുള്ള 12 ബൂത്തുകളും സുരേഷ്ഗോപിയും പോലീസ് ഉദ്യോഗസ്ഥരുംചേർന്ന് തുറന്നുവിട്ടു. ദിവസങ്ങളായി ടോൾ പ്ലാസയിൽ തുടരുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് യാത്രക്കാരെ മണിക്കൂറുകളോളമാണ് വലക്കുന്നത്.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
◆ For Vacation and Holiday rentals.
◆ Licensed Home stay, Safe and Secured.
◆ 3 A/C rooms, Unique Packages for 2-8 people very economical.
◆ Individual Room rental for families.
◆ Fruits and vegetable Garden.
◆ Feels like farm house with Pets, Animals, Fish and birds.
◆ Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
◆ Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
◆ Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
◆ Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
◆ Adhering Food Safety Regulations.
◆ Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals, Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your
Dreams With Us...
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE
CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**